23

Vol. 1 Issue 12
February 2014
Price Rs.15.00

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം ഒരുക്കുന്ന സ്വതന്ത്രചർച്ചാവേദി

സത്യജ്വാല

മാസിക

'അല്മായശബ്ദം' ബ്ലോഗ് സന്ദർശിക്കാൻ: www.almayasabdam.blogspot.com

സത്യജ്വാല മാസിക

കേരളകത്തോലിക്കാ സഭാനവീകരണപ്രസ്ഥാനം (KCRM) ഒരുക്കുന്ന സ്വതന്ത്ര ചർച്ചാവേദി

ഫെബ്രുവരി 2014 | പുസ്തകം 1 | ലക്കം 12

എഡിറ്റർ
ജോർജ് മൂലേച്ചാലിൽ
വള്ളിച്ചിറ പി.ഒ. കോട്ടയം-686574
ഫോൺ: 9497088904
e- mail: geomoole@gmail.com

വരിസംഖ്യ അയയ്ക്കേണ്ട വിലാസം:
സി.വി.സെബാസ്റ്റ്യൻ മ്ലാട്ടുശ്ശേരിൽ
സർക്കുലേഷൻ മാനേജർ, 'സത്യജ്വാല'
ആർപ്പൂക്കര ഈസ്റ്റ് പി.ഒ., കോട്ടയം- 686008
ഫോൺ: 9496128188

ബാങ്ക് : S B T, Pala Branch
A/c No. 67117548175
A/c Name: Kerala Catholic Church Reformation Movement
IFSC Code: SBTR0000120

അൽമായശബ്ദം ബ്ലോഗ്: www.almayasabdam.blogspot.com

ഈ ലക്കത്തിൽ

സഭയിൽ ഒരു രാഷ്ട്രീയ-മെത്രാൻമേളയും ചില 'ആം ആദ്മി ചലന'ങ്ങളും
മുഖക്കുറി 3

'Catholic Church Reform'-ന്റെ ആഹ്വാനം 5

സീറോ-മലബാർ മെത്രാൻമാർക്ക് ഒരു തുറന്നകത്ത് 6

സി. ബി. സി. ഐ. സമ്മേളനം - പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പോലീസ് കൺട്രോൾ റൂം 10

രണ്ടാം അന്തർദ്ദേശീയ ടെലി-കോൺഫ്രൻസ് അത്മായ അസംബ്ലി- എന്തുകൊണ്ട്? എങ്ങനെ? 11

മെത്രാൻമാരെപ്പറ്റിയുള്ള ജനകീയ വിലയിരുത്തലുകൾ 13

'വേണം ആം ആദ്മി തരംഗം' സഭയിലും
ഫാ. ഡേവിസ് കാച്ചപ്പിള്ളി 16

ഇതാ ഒരു മാതൃക
ജോസഫ് മറ്റപ്പള്ളി 18

മാലാഖാമാർ തീർത്ഥയാത്രക്ക് പോകുന്നത് എവിടേക്ക്?
ഇഷൻ 20

സീറോ-മലബാർസഭ ജയറാം രമേഷിനോട് മാപ്പുപറഞ്ഞു 22

ബാലപീഢനം രൂക്ഷം; കത്തോലിക്കാസഭ കണക്കെടുക്കുന്നു. 23

ഉത്ഭവപാപം
റവ. ഡോ. ജോസഫ് ഔസേഫറമ്പിൽ 24

പൗരോഹിത്യം ഏല്പിക്കുന്ന ഹൃദയാഘാതങ്ങൾ
വി. എം. ഫ്രാൻസീസ് 26

കാഞ്ഞിരപ്പള്ളി പുകയുന്നു 27

പള്ളി കുത്തിത്തുറന്നു കലഹക്കുർബാന
സാമുവൽ കൂടൽ 29

ഫാ. ഓണങ്കുളത്തിനെ വൈദികലോബി വെള്ളപൂശി കളങ്കിതനാക്കി
പി. കെ. മാത്യു ഏറ്റുമാനൂർ 30

അത്മായനെ വിശ്വാസമില്ലെങ്കിൽ അച്ചനെ കേൾക്കൂ
ഫാ. ബേബി ജോസ് കപ്പൂച്ചിൻ. 33

ശുദ്ധീകരണ ലുത്തനിയ
കെ. കുര്യാക്കോസ് ഏലിയാസ് എസ്. 34

സത്യജ്വാല മാസിക

വരിസംഖ്യ	ഇൻഡ്യയിൽ	വിദേശത്ത്
ഒറ്റപ്രതി	15 രൂപാ	70 രൂപാ
ഒരു വർഷം	150 രൂപാ	750 രൂപാ
5 വർഷം	600 രൂപാ	3000 രൂപാ

[പേരുവയ്ക്കാത്ത രചനകൾ എഡിറ്ററുടേത്] [രചനകളിലെ അഭിപ്രായങ്ങൾ അതാത് രചയിതാക്കളുടേത്]

"സാത്താന്റെ കുടിലതന്ത്രങ്ങളെ എതിർത്തുനിൽക്കാൻ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ. എന്തെന്നാൽ, നമ്മൾ മാംസത്തിനും രക്തത്തിനും എതിരായിട്ടല്ല, പ്രഭുത്വങ്ങൾക്കും ആധിപത്യങ്ങൾക്കും ഈ അന്ധകാരലോകത്തിന്റെ അധിപൻമാർക്കും സ്വർഗീയ ഇടങ്ങളിൽ വർത്തിക്കുന്ന തിന്മയുടെ ദുരാത്മാക്കൾക്കു മെതിരായിട്ടാണു പടവെട്ടുന്നത്. അതിനാൽ, ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ" (എഫേ. 6: 11–12).

ഫെബ്രുവരി 2014 പുസ്തകം 1 : ലക്കം 12

സത്യജ്വാല

മുഖക്കുറി

സഭയിൽ ഒരു രാഷ്ട്രീയ-മെത്രാൻമേളയും ചില 'ആം ആദ്മി ചലന'ങ്ങളും

സി.ബി.സി.ഐ സമ്മേളനങ്ങൾ മുമ്പും കേരളത്തിൽ നടന്നിട്ടുണ്ട്. എന്നാൽ, ഈ ഫെബ്രുവരിയിൽ പാലായിൽ നടന്നതുപോലെയത്ര രാഷ്ട്രീയപിന്തുണയോടും പോലീസ് സന്നാഹത്തോടുംകൂടിയ ഒരു സി.ബി.സി.ഐ. സമ്മേളനം ഇന്നുവരെ കേരളത്തിലെന്നല്ല, ഒരിടത്തും നടന്നിട്ടുണ്ടാവില്ല. മാസങ്ങൾക്കുമുമ്പ്, സി.ബി.സിഐ-യ്ക്കുള്ള ഒരുക്കങ്ങളെപ്പറ്റി ആലോചിക്കാൻതന്നെ 'രൂപതാതല ജനറൽബോഡി' എന്ന പേരിൽ കോട്ടയം ജില്ലയിലെ മന്ത്രിമാരെയും മറ്റു രാഷ്ട്രീയനേതാക്കന്മാരെയും വിളിച്ചുകൂട്ടിയുള്ള ഒരു മെത്രാൻ- യു.ഡി.എഫ് യോഗമാണ് (കാണുക, 'സത്യജ്വാല' 2013 സെപ്തംബർ ലക്കം, പേജ് 22); അല്ലാതെ, പാലാ രൂപതയിൽനിന്നുള്ള വൈദികസമൂഹത്തിന്റെയോ വിശ്വാസിസമൂഹത്തിന്റെയോ പ്രതിനിധികളെ പങ്കെടുപ്പിച്ചുള്ള ഒരു സഭാപ്രതിനിധിയോഗമല്ല നടത്തിയത് എന്നോർക്കുക. സമ്മേളനത്തിനിടയ്ക്ക് ഫെബ്രുവരി 8-ന് സെന്റ് തോമസ് കോളേജ് ഗ്രൗണ്ടിൽ 'പൗരസ്വീകരണം' എന്ന പേരിൽ മെത്രാന്മാരെ സ്വീകരിച്ചാദരിക്കാൻ ഒരുക്കിയ വമ്പിച്ച പരിപാടിയും, സഭാധികാരവും രാഷ്ട്രീയാധികാരവും കൈകോർത്തു നടത്തിയ ഒന്നായിരുന്നു. പരസ്പരം പ്രീണിപ്പിച്ചും വിലപേശിയും വളരുന്ന സാമുദായികരാഷ്ട്രീയത്തിന്, ഇന്ത്യയിലെ മുഴുവൻ കത്തോലിക്കാമെത്രാന്മാരും ചേർന്നു പച്ചക്കൊടി കാട്ടിയിരിക്കുന്നു എന്ന സന്ദേശമാണ് ഇതു പൊതുസമൂഹത്തിനു നൽകിയിരിക്കുന്നത്.

ഈ സി.ബി.സി.ഐ. സമ്മേളനം ഇവിടുത്തെ കത്തോലിക്കാസമൂഹത്തിനു നൽകുന്നത് മറ്റൊരു സന്ദേശമാണ്. 'ഞങ്ങൾക്കു നിങ്ങളെ നമ്പേണ്ട കാര്യമില്ല' എന്നതാണത്. സഭാതലത്തിൽ ആധികാരികമായി രൂപംകൊടുത്തിട്ടുള്ള സംഘടനകളുടെ പ്രതിനിധികളുമായിപ്പോലും, ഈ മഹാസമ്മേളനവുമായി ബന്ധപ്പെട്ട് ഒരു കാര്യവും ചർച്ച ചെയ്യാൻ സി.ബി.സി.ഐ. തയ്യാറായതായി അറിവില്ല. സഭാകാര്യങ്ങളെക്കുറിച്ചു സ്വതന്ത്രരായി ചിന്തിക്കുന്ന അത്മായപ്രമുഖരുമായുള്ള ആശയവിനിമയത്തിനു മെത്രാന്മാരെ പ്രേരിപ്പിക്കാനുദ്ദേശിച്ചു നടത്തിയ ചില സദുദ്യമങ്ങൾ (കാണുക, 'സത്യജ്വാല' 2014 ജനുവരി പേജ് 13; ഈ ലക്കം പേജ് 6) ക്കുനേരെയും മെത്രാന്മാർ കണ്ണടയ്ക്കുകയായിരുന്നു.

പുതിയ മാർപ്പാപ്പാ സ്ഥാനമേറ്റശേഷം നടത്തുന്ന ആദ്യത്തെ സി.ബി.സി.ഐ. സമ്മേളനമാണിത്. അദ്ദേഹത്തിന്റെ നവീകരണാശയങ്ങൾ ലോകമെമ്പാടും പ്രതീക്ഷയോടെ ചർച്ചചെയ്യപ്പെടുന്ന സമയം; അരനൂറ്റാണ്ടായി മരവിപ്പിച്ചു കിടത്തിയിരുന്ന രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശങ്ങൾ പുതുജീവൻവച്ച് ഉണർന്നുതുടങ്ങിയ സമയം; സഭയെന്നാൽ മാർപ്പാപ്പായോ മെത്രാനോ മെത്രാൻസംഘമോ അല്ലെന്നും, മുഴുവൻ വിശ്വാസിസമൂഹമാണെന്നും, സഭാകാര്യങ്ങൾ ഇവരെല്ലാം ചേർന്ന കൂട്ടായ്മകളിലാണു തീരുമാനിക്കപ്പെടേണ്ടതെന്നും, യേശുസാന്നിദ്ധ്യവും യഥാർത്ഥ അപ്രമാദിത്വവും ഇത്തരം കൂട്ടായ്മകളിലാണുള്ളതെന്നുമടക്കമുള്ള ഫ്രാൻസീസ് മാർപ്പാപ്പായുടെ ബൈബിളധിഷ്ഠിതമായ പ്രബോധനങ്ങൾകേട്ട്, മനുഷ്യരിൽ സഭയോടുള്ള ആഭിമുഖ്യം കൂടിവരുന്ന സമയം; അഴിമതിക്കാരും ആർഭാടപ്രിയരും അധികാരപ്രമത്തരുമായ മെത്രാന്മാരെ ശാസിച്ചും താക്കീതുചെയ്തും പുറത്താക്കിയും, പ്രത്യക്ഷരാഷ്ട്രീയം വിലക്കിയും സഭയുടെ ശുദ്ധീകരണപ്രക്രിയയ്ക്ക് മാർപ്പാപ്പാ ആക്കംകൂട്ടിക്കൊണ്ടിരിക്കുന്ന സമയം; സഭാതത്വങ്ങൾക്കും സങ്കല്പങ്ങൾക്കും ആദ്ധ്യാത്മികവും മാനുഷികവുമായ പുതിയ വ്യാഖ്യാനങ്ങൾ

നൽകിക്കൊണ്ട്, സഭയെ യേശുവിലേക്കും മനുഷ്യ നിലേക്കും തിരിച്ചുനടത്തിക്കാനുള്ള ഒരു മഹാഉദ്യ മത്തിന്റെ ചവിട്ടുപടി ചവിട്ടിക്കയറാൻ സഭാമക്കൾ ഒരുങ്ങിക്കൊണ്ടിരിക്കുന്ന സമയം..... അങ്ങനെ, സഭാചരിത്രം ശോഭനമായ ഒരു വഴിത്തിരിവിലെത്തി നിൽക്കുന്ന ഈ സമയത്തുതന്നെ പാലായിൽ നേർവിപരീതദിശയിൽ ആഡംബരപൂർണ്ണമായും അധികാരരാഷ്ട്രീയത്തണലിലും ഒരു മെത്രാൻ സിനഡ് നടത്തി, ഇന്ത്യയിലെ മെത്രാന്മാർ തങ്ങ ളുടെ യാഥാസ്ഥിതികനിലപാടുകളും രാജകീയ ശൈലികളും ആവർത്തിച്ചുറപ്പിച്ചിരിക്കുന്നു എന്ന ത്, ഭാരതകത്തോലിക്കരെ സംബന്ധിച്ച് നിരാശാ ജനകമാണ്. തങ്ങളുടെ ആദ്ധ്യാത്മികതലവന്റെ മുഴുവൻ ഉപദേശ-നിർദ്ദേശങ്ങളെയും കാറ്റിൽപ്പ റത്തി നടത്തിയ ഈ മെത്രാൻസിനഡിനെ ഇവി ടുത്തെ വിശ്വാസിസമൂഹം എങ്ങനെ വിലയിരുത്തും എന്നതിനെ ആശ്രയിച്ചിരിക്കുന്നു, കേരളസഭയുടെ ഭാവി.

ഈ സി.ബി.സി.ഐ സമ്മേളനത്തിന്റെ മുഖ്യ ചിന്താവിഷയംതന്നെ, എത്രയോ ബാലിശവും കപ ടവുമാണെന്നോർത്തു നോക്കുക. 'രണ്ടാം വത്തി ക്കാൻ കൗൺസിലിന്റെ ചൈതന്യമുൾക്കൊണ്ടു നവീകരിക്കപ്പെട്ട സഭ, സമൂഹത്തെ നവീകരി ക്കുന്നു' വത്രെ! അതായത്, ഇക്കാലമത്രയും രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യ മുൾക്കൊണ്ടുപ്രവർത്തിക്കുകയായിരുന്നുപോലും കേരളസഭ! അങ്ങനെ സഭ നവീകരിക്കപ്പെട്ടുകഴി ഞ്ഞിരിക്കുന്നു! അതുകൊണ്ട്, അതിനി പൊതുസ മൂഹത്തെ നവീകരിക്കാൻ പോകുന്നു! ഇതല്ലാതെ, മറ്റെന്താണിതിനർത്ഥം? സി.ബി.സി.ഐ. സമ്മേള നത്തിന്റെ രാഷ്ട്രീയസംഘാടനത്തിന്റെയും, കക്ഷി രാഷ്ട്രീയത്തിൽ ഈയിടെയായി മെത്രാന്മാർ കൂടു തലായിടപെടുന്നതിന്റെയും പിന്നിലെ യുക്തി ഒരു പക്ഷേ, ഇതാകാം!

ഇതിനിടെ, ഈ മെത്രാൻ സമ്മേളനത്തോടുള്ള പ്രതികരണമായി വിശ്വാസിസമൂഹത്തിലുണ്ടായ ചില ചലനങ്ങൾ കേരളകത്തോലിക്കർക്കു പ്രതീ ക്ഷ നൽകുന്നവയാണ്. അതിലാദ്യത്തേത്, ഫെബ്രു വരി 2-ന് ജെ.സി.സി-യുടെ ആഭിമുഖ്യത്തിൽ എറ ണാകുളത്തു നടത്തപ്പെട്ട 'ജനകീയ സിനഡാ'ണ്. ജെ.സി.സി-യുടെ പ്രസിഡന്റ് ശ്രീ ലാലൻ തരകന്റെ അദ്ധ്യക്ഷതയിൽ, കേരളത്തിലെ വിവിധ സ്വതന്ത്ര ക്രൈസ്തവസംഘടനകളുടെ പങ്കാളിത്തത്തോടെ നടന്ന ഈ 'ജനകീയ സിനഡ്', പാലായിൽ നട ത്തുന്ന എപ്പിസ്കോപ്പൽ സിനഡ് കാനോൻനിയമ പ്രകാരം അസാധുവാണെന്നും, വൈദികരെയും സന്യസ്തരെയും അത്മായരെയുംകൂടി ആനുപാതി കമായി ഉൾക്കൊള്ളിച്ചാൽമാത്രമേ സിനഡ് പൂർത്തി യാവുകയുള്ളുവെന്നും പ്രഖ്യാപിച്ചു.

മറ്റൊന്ന്, സി.ബി.സി.ഐ-യുടെ ഉദ്ഘാടനദിനം തന്നെ, 'Dalit Catholic Federation of India' (DCFI) നടുച്ചയ്ക്ക്, മുഴുവൻ പാലാ ടൗണും ഉൾക്കൊള്ളി ച്ചുനടത്തിയ ഉജ്ജ്വലമായ ഒരു പ്രകടനമാണ്. പൊള്ളവാഗ്ദാനങ്ങൾ നൽകി തങ്ങളെ വഞ്ചിച്ചു കൊണ്ടിരിക്കുന്ന കെ.സി.ബി.സി- സി.ബി.സി.ഐ. മെത്രാൻ സംഘങ്ങളോട്, സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസത്തിനും ജോലിക്കും ദളിത് കത്തോലിക്കർക്ക് 30% സംവരണം നൽകു മെന്ന അവരുടെ വാക്കു പാലിക്കാനാവശ്യപ്പെട്ടുള്ള നിവേദനം സമർപ്പിക്കാൻ സ്ത്രീകളടക്കം 120-ൽ പ്പരം പ്രവർത്തകരാണ് പ്ലാക്കാർഡുകളുമേന്തി പ്രക ടനം നടത്തിയത്. ഈ പ്രകടനത്തെ നേരിടാൻ, കേരള ആംഡ് പോലീസ് വിഭാഗത്തിന്റെ ഒരു വൻ പടയെത്തന്നെ പാലായിൽ വിന്യസിച്ചിരുന്നു. രണ്ടു ബസ്സുകളിലായി, തങ്ങൾക്ക് ആരാധ്യരായ ചാവറ യച്ചന്റെയും തേവർപറമ്പിൽ കുഞ്ഞച്ചന്റെയും അനുഗ്രഹങ്ങളേറ്റുവാങ്ങാൻ മാന്നാനവും രാമപു രവും ചുറ്റിവന്ന അവരുടെ മൈക്ക് ഓഫ് ചെയ്യിച്ചും, മൈക്ക് സാങ്ഷൻ പിൻവലിച്ചും, സി.ബി.സി.ഐ. സമ്മേളനവേദികവാടത്തിന് ഒരു കിലോ മീറ്റർ ഇപ്പു റം, കടപ്പാട്ടൂർ ക്ഷേത്രകവാടത്തിനടുത്തുവച്ചുതന്നെ പ്രകടനം തടഞ്ഞും മെത്രാന്മാർ തങ്ങളുടെ രാഷ് ട്രീയ-പോലീസ് മസ്സിൽശക്തിയും ജനവിരുദ്ധതയും ഒരുമിച്ചു തെളിയിച്ചു.

വിശ്വാസികളുടെ പ്രതികരണശേഷി തെളിയിച്ച മറ്റൊരു പരിപാടി, 'ക്നാനായകത്തോലിക്കാ നവീ കരണസമിതി' ഫെബ്രുവരി 7-നു നടത്തിയ പ്രാർത്ഥനാറാലിയായിരുന്നു. ക്നാനായ സമുദായ ത്തിനുപുറത്തുനിന്നു വിവാഹം കഴിക്കുന്നവരെ മാതൃരൂപതയിൽനിന്നും ഇടവകയിൽനിന്നും പുറ ന്തള്ളുന്ന അക്രൈസ്തവികതയും മനുഷ്യാവകാ ശലംഘനവും അവസാനിപ്പിക്കാനാവശ്യപ്പെട്ടുള്ള ഒരു നിവേദനം സി.ബി.സി.ഐ-യ്ക്കു സമർപ്പി ക്കാനുദ്ദേശിച്ചു നടത്തിയതായിരുന്നു, ഈ പ്രാർത്ഥ നാറാലി. പാലാരൂപത അതിന്റെ ചരിത്രത്തിൽ ഇത്ര വലിയൊരു പ്രതിഷേധപ്രകടനം കണ്ടിട്ടുണ്ടാവില്ല. അനവധി സ്ത്രീകളടക്കം ക്നാനായ കത്തോലിക്കാ നവീകരണസമിതിയുടെ 500-ൽപ്പരം പ്രവർത്തകർ അണിനിരന്ന ഈ റാലിയിൽ, കെ.സി.ആർ.എം. ഉൾപ്പെടെ ജെ.സി.സി-യുടെ അംഗസംഘടനക ളിൽപ്പെട്ട ധാരാളം പ്രവർത്തകരും പങ്കെടുത്തു. 3 പി.എം.ന് പാലാ കുരിശുപള്ളിക്കവലയിൽ നിന്നാ രംഭിച്ച ഈ റാലിയെ നേരിടാനും വൻ പോലീസ് സേനയെയാണ് പാലാ നഗരവീഥിയിലാകെ നിരത്തി യിരുന്നത്. കടപ്പാട്ടൂരിൽവച്ചുതന്നെ അവർ ഈ പ്രക ടനവും തടഞ്ഞു.

ഈ പരിപാടികൾക്കെല്ലാം മകുടം ചാർത്തുന്ന തായിരുന്നു, ഫെബ്രുവരി 8, 9 തീയതികളിൽ എറ ണാകുളം ഹൈക്കോടതി ജംഗ്ഷനിൽ നടന്ന 'നസ്രാണി കത്തോലിക്കാ അത്മായഅസംബ്ലി-2014'. നിലവിൽ ജെ.സി.സി-യുടെ ഭാഗമാകാതെ, കോഴിക്കോട്, കൂടരഞ്ഞി കേന്ദ്രീകരിച്ച് (ഇപ്പോൾ,

(ശേഷം പേജ് 9-ൽ)

കത്തോലിക്കാ സഭാനവീകരണത്തിൽ തത്പരരായ ഏവർക്കും
'Catholic Church Reform'-ന്റെ ആഹ്വാനം

[എറണാകുളത്തുനടന്ന 'നസ്രാണി കത്തോലിക്കാ അത്മായഅസംബ്ലി-2014' -ന്റെ അതേ മാതൃകയിൽ, 2014 ഒക്ടോബർ 2, 3 തീയതികളിൽ റോമിലൊരു 'ആഗോളഅത്മായഅസംബ്ലി' നടക്കുന്നു. അതു സംബന്ധിച്ച വാർത്തയും ബന്ധപ്പെടേണ്ട 'ലിങ്കു'കളുമാണു താഴെ -എഡിറ്റർ]

സഭാപൗരരുടെ ആഗോളപ്രാതിനിധ്യമുള്ള ഒരു സമ്മേളനം വരുന്ന ഒക്ടോ. 2,3 തീയതികളിൽ റോമിൽ വിളിച്ചു കൂട്ടുന്നുണ്ട്. അതിനടുത്ത ദിവസം പോപ്പ് ഫ്രാൻസീസ് തന്റെ ഉപദേശകരുമൊത്ത് ഒരസ്സാധാരണ സിനഡിനുള്ള ഒരുക്കത്തിലാണ്. പക്ഷേ, ഒരു പോപ്പുമാത്രം ശ്രമിച്ചാൽ സഭയിൽ ഒന്നും നടക്കാൻ പോകുന്നില്ല. അതുകൊണ്ട്, മനുഷ്യപക്ഷം ചേർന്നുനില്ക്കുന്ന നമ്മുടെ പോപ്പിന് അദ്ദേഹത്തിന്റെ പക്ഷം ചേർന്നുനിൽക്കുന്ന വിശ്വാസികൾ താങ്ങായി ഉണ്ടായിരിക്കണം. ഈ സദുദ്ദേശ്യത്തോടെ, ആഗോളവ്യാപകമായി കൈകോർക്കുന്ന പ്രസ്ഥാനം സംഘടിപ്പിക്കുക എന്നതാണ് ഈ ആഹ്വാനത്തിന്റെ കാതൽ. അതിലേക്ക്, തങ്ങളോടൊപ്പം കൈകോർക്കുവാൻ ലോകത്തിലുള്ള എല്ലാ നവീകരണപ്രസ്ഥാനങ്ങളേയും ക്ഷണിക്കുന്നത് 'കാത്തലിക് ചർച് റിഫോം' (Catholic Church Reform - info@catholicChurchReform.com) എന്ന സംഘടനയാണ്.

താത്പര്യമുള്ളവർക്ക് വായിച്ചറിയാനും പങ്കാളികളാകാനുംവേണ്ടി ഒരു കാര്യപരിപാടി അവർ തയ്യാറാക്കിയിട്ടുണ്ട്. അത് ഈ ലിങ്കിൽ ലഭ്യമാണ്. https://www.surveymonkey.com/s/CCRevaluation

പോപ്പ് ഫ്രാൻസീസ് തന്നെയാണ് ലോകമെങ്ങുമുള്ള വിശ്വാസികളിൽനിന്ന് നവീകരണം അത്യാവശ്യമായ വിഷയങ്ങളിൽ അഭിപ്രായങ്ങൾ ചോദിച്ചിരിക്കുന്നത്. അതിൻപ്രകാരം, CCR അദ്ദേഹത്തിനയക്കുന്ന മൂന്നാമത്തെ കത്ത് ഈ ലിങ്കിൽ കണ്ടെത്താം. http://www.catholicchurchreform.com/letterNew3.html. അതിൽ പേരു ചേർക്കാൻ എല്ലാ സഭാപൗരർക്കും അവസരമുണ്ട്. ഈ കത്തായിരിക്കും തുടർനടപടികൾക്കുള്ള അടിസ്ഥാനം. കഴിഞ്ഞ ജൂൺ മുതൽ കൈപ്പറ്റിയിരിക്കുന്ന നിർദ്ദേശങ്ങളിൽനിന്ന് താഴെ കൊടുത്തിരിക്കുന്ന വിധത്തിലാണ് പ്രതികരണങ്ങൾ കിട്ടിയിരിക്കുന്നത്. നമ്മളറിയാത്ത പല സംരംഭങ്ങളും ആഗോളതലത്തിൽ നടക്കുന്നു എന്നതിനൊരുദാഹരണമാണിത്. പോപ്പിൽനിന്നു വരുന്ന പല ആഹ്വാനങ്ങളും അന്വേഷണങ്ങളും നമ്മുടെ മെത്രാന്മാർ നമ്മെ അറിയിക്കുന്നേയില്ല!

CCR നടത്തിയ സർവേയിൽ പങ്കെടുത്തവരിൽ, ഇന്നയിന്ന വിഷയങ്ങളിൽ കാതലായ നവീകരണം ആവശ്യമാണ് എന്ന് ആവശ്യപ്പെടുന്നവർ എത്ര ശതമാനം എന്നാണ് താഴെ കൊടുത്തിരിക്കുന്നത്:

വിവാഹമോചിതരോടുള്ള സമീപനം ഉദാരമാക്കുക: 81%

ജനനനിയന്ത്രണത്തോടുള്ള സമീപനങ്ങൾ പുനഃപരിശോധിക്കുക: 84%,

സഭയിൽ സ്ത്രീകളുടെ സ്ഥാനം പുനർവിചിന്തനത്തിനു വിധേയമാക്കുക: 86%,

വിവാഹേതര ജീവിതരീതികൾ പുലർത്തുന്നവരോടുള്ള സഭയുടെ സമീപനം പുനഃപരിശോധിക്കുക: 82%,

ലൈംഗിക കുറ്റവാളികളായ പുരോഹിതരെ രാഷ്ട്രനിയമങ്ങൾക്കുമുമ്പിൽ കൊണ്ടുവരുക, ശിക്ഷയ്ക്കു വിധേയരാക്കുക: 82%,

വൈദികബ്രഹ്മചര്യം നിബന്ധമാല്ലാതാക്കുക- 84%.

-നമ്മുടേതുപോലുള്ള എളിയ നവീകരണ പ്രവർത്തനങ്ങളെയെല്ലാം ഒത്തൊരുമിപ്പിച്ച് ആഗോളതലത്തിൽത്തന്നെ ഒരു വലിയ സംരംഭമാക്കിത്തീർക്കാനുള്ള ഏകോപനപ്രവർത്തനങ്ങൾകൂടി മറ്റു പ്രവർത്തനങ്ങളോടൊപ്പം സമാന്തരമായി നടത്തേണ്ട സമയമായിരിക്കുന്നു. ഇന്റർനെറ്റ് സൗകര്യങ്ങൾ വ്യാപകമായിരിക്കുന്ന ഇക്കാലത്ത് അത് എളുപ്പവുമാണ്. അതിനു സാധിക്കുന്നവരെല്ലാം ഇതിൽക്കൊടുത്തിരിക്കുന്ന ലിങ്കുകളുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യാനാവുമെന്ന് നോക്കുന്നതു പ്രയോജനകരമായിരിക്കും. ●

സീറോ-മലബാർ മെത്രാന്മാർക്ക് ഒരു തുറന്ന കത്ത്

[2014 ഫെബ്രുവരി 5 മുതൽ 12 വരെ പാലായിൽ നടന്ന CBCI സമ്മേളനത്തിന്റെയും, ഫെബ്രുവരി 8, 9 തീയതികളിൽ എറണാകുളത്തു നടന്ന 'നസ്രാണി കത്തോലിക്കാ അൽമായ അസംബ്ലി -2014'-ന്റെയും പശ്ചാത്തലത്തിൽ, താഴെ പേരുകൊടുത്തിട്ടുള്ള 17 പേർ ചേർന്ന്, കേരളകത്തോലിക്കാമെത്രാൻസമിതി (KCBC) യിലെയും അഖിലഭാരത കത്തോലിക്കാ മെത്രാൻസമിതി (CBCI)യിലെയും മുഴുവൻ അംഗമെത്രാന്മാർക്കും ജനുവരി 23-ന് അയച്ചുകൊടുത്ത കത്ത്-എഡിറ്റർ]

ബഹുമാന്യ കർദ്ദിനാൾ മാർ ആലഞ്ചേരി, അഭിവന്ദ്യ മെത്രാന്മാരായ മാർ എടയന്ത്രത്ത്, മാർ പുത്തൂർ, മാർ പുതിയവീട്ടിൽ,

യേശുവിൽ ഞങ്ങളുടെ ജ്യേഷ്ഠസഹോദരന്മാരേ,

നിങ്ങൾക്ക് എളിയവരായ ഞങ്ങളുടെ സ്നേഹം നിറഞ്ഞ അഭിവാദനങ്ങൾ!

പതിറ്റാണ്ടുകളായിട്ട് അല്മായസംഘടനകളും നേതാക്കളും സീറോ-മലബാർ സഭാനേതൃത്വവുമായി സഭാനവീകരണം സംബന്ധിച്ചുള്ള വിഷയങ്ങളിൽ കൂടിയാലോചനയ്ക്കുള്ള വഴികൾ തിരക്കുന്നുണ്ടായിരുന്നു. എന്നാൽ, നിങ്ങളിൽനിന്ന് ധാർഷ്ട്യഭാവേനയുള്ള നിസ്സംഗതയുടെയനുഭവംമാത്രമാണ് അവർക്കുണ്ടായിട്ടുള്ളത്. ഇതുതന്നെയാണ് വിദേശങ്ങളിലുള്ള സഭാപൗരന്മാരുടെയുമനുഭവം. അല്മായർ എന്നു നിങ്ങൾ വിളിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന ദൈവജനത്തെ നിങ്ങൾ ഇങ്ങനെ അവഗണിക്കുന്നതിനുപിന്നിൽ അധികാരപ്രമത്തമായ സ്വാർത്ഥതമാത്രമാണ് കാരണമായിട്ടുള്ളത്. സഭാകാര്യങ്ങളിൽ ദൈവജനത്തിനുണ്ടായിരിക്കേണ്ട പങ്കാളിത്തത്തെപ്പറ്റി രണ്ടാം വത്തിക്കാൻ രേഖകൾ ഉദ്ധരിച്ച് നിങ്ങൾ പ്രസംഗിക്കാറുണ്ട്. നിങ്ങൾ അല്മായവർഷം ആഘോഷിക്കുന്നു, സമനിലതെറ്റിയ ഒരു മെത്രാന്റെ തോന്ന്യാസങ്ങൾക്കായി അല്മായകമ്മീഷൻ ചമയ്ക്കുന്നു. എന്നാൽ, സഭാപൗരന്മാരുടെ ന്യായമായ അവകാശങ്ങളെപ്പറ്റി അവരുമായി തുറന്നു സംസാരിക്കാൻ നിങ്ങൾക്കു ഭയമാണ്.

ഏതാനും ആഴ്ചകൾക്കുമുമ്പ്, ശ്രീ ജെയിംസ് കോട്ടൂർ കർദ്ദിനാൾ ആലഞ്ചേരിയേയും എറണാകുളത്ത് സീറോ- മലബാർ സഭയുടെ ആസ്ഥാനത്തുള്ള മറ്റു മൂന്നു മെത്രാന്മാരെയും കണ്ടു സംസാരിക്കുകയും സഭാപൗരന്മാരിൽ ചിലർ തങ്ങളുടെ ആവലാതികൾ ഉൾപ്പെടുത്തിയെഴുതിയ കുറിപ്പുകൾ അവർക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ബോസ്കോ പുത്തൂർ മെത്രാന്റെ ഒരു ചെറിയ മറുപടിയൊഴിച്ച് മറ്റൊരു പ്രതികരണവും അവരിൽനിന്ന് ഉണ്ടായില്ല എന്നത് ഇതുവരെയുള്ള നിരാശതാജനകമായ അവഗണനാശൈലിയുടെ തുടർച്ചയായിട്ടാണ് ഞങ്ങൾക്കു തോന്നുന്നത്. സഭയുടെ നന്മമാത്രം ആഗ്രഹിക്കുന്ന സഭാപൗരന്മാരുടെ നവീകരണപരമായ നിർദ്ദേശങ്ങൾക്കു ചെവികൊടുക്കാൻ നിങ്ങൾക്കെന്താണിത്ര വൈമുഖ്യം?

സഭയെന്ന കുടുംബം നിലനിൽക്കണമെങ്കിൽ അതിലെ അംഗങ്ങളെല്ലാം ഒരുമിച്ചു പ്രവർത്തിക്കണം. രണ്ടാം വത്തിക്കാന്റെ നവീകരണോദ്യമങ്ങളെ അട്ടിമറിച്ചതിൽ ലോകമെങ്ങുമുള്ള മെത്രാന്മാർക്കു പങ്കുണ്ടെങ്കിലും അവരുടെ മുൻപന്തിയിലായിരുന്നു, കേരളത്തിലെ മെത്രാന്മാർ. സത്യസന്ധതയോടെ ആ തെറ്റ് ഏറ്റെടുത്ത്, വീണ്ടുമൊരു തുടക്കമിടാൻ പോപ്പ് ഫ്രാൻസീസ് ഓരോ മെത്രാനെയുമെന്നപോലെ ഓരോ വിശ്വാസിയെയും ആഹ്വാനം ചെയ്യുന്നുണ്ട്. ആ വിളിയെ എളിമയോടെ സ്വീകരിക്കുകമാത്രമേ നിങ്ങൾക്കെഴുതുന്നതിലൂടെ കേരളത്തിലെയും വിദേശത്തെയും ചിന്തിക്കുന്ന സഭാമക്കളായ ഞങ്ങൾ ചെയ്യുന്നുള്ളൂ. എന്നാൽ ഇക്കാര്യത്തിൽ മെത്രാന്മാരായ നിങ്ങൾ കർശനമായ നിസ്സഹകരണം കാണിക്കുമ്പോൾ, ഫെബ്രുവരി 5 മുതൽ 12 വരെ പാലായിൽ കൂടുന്ന നിങ്ങളുടെ സിനഡിന്റെ മുഖവാക്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന 'നവീകരിക്കപ്പെട്ട സഭ സമൂഹത്തെ നവീകരിക്കുന്നു' എന്ന ആശയത്തിന് എന്തു പ്രസക്തിയാണുള്ളത്? ഏതുൾക്കാഴ്ചയുടെ ആവിഷ്ക്കാരമാണത് എന്നു ഞങ്ങൾക്കു മനസ്സിലാവുന്നില്ല. സഭയെപ്പറ്റിയുള്ള നിങ്ങളുടെ ധാരണയിലെ കഴമ്പില്ലായ്മയാണ് ഈ മുഖവാക്യം വിളിച്ചുപറയുന്നത്. നവീകരിക്കപ്പെട്ട ഒരു സഭ ഒരിക്കലുമില്ല, നിരന്തരം നവീകരിക്കപ്പെടേണ്ടതും സ്വയം നവീകരിച്ചുകൊണ്ടിരിക്കുന്നതുമായ ദൈവജനം (Ecclesia semper reformanda = A church to be renewed constantly) എന്നാണ് പണ്ടുതൊട്ടേ സഭ സ്വയം മനസ്സിലാക്കിയിട്ടുള്ളത്. ഈ ആപ്തവാക്യമായിരുന്നു രണ്ടാം വത്തിക്കാന്റെ ജീവശ്വാസം. അത് ഇതുവരെ ഉള്ളിൽതട്ടാത്തതുകൊണ്ടാണ് യാതൊരു നവീകരണാശയത്തെയും സ്വാഗതംചെയ്യാൻ നിങ്ങൾക്കാകാത്തത്. ആദ്ധ്യാത്മികത എന്തെന്നറിയാതെ, ക്രിസ്തുസന്ദേശത്തിന്റെ അടിസ്ഥാനപാഠങ്ങൾപോലും സ്വായത്തമാക്കാതെ എങ്ങനെ, ഏതു സമൂഹത്തെയാണ്, നിങ്ങളോ സഭയോ നവീകരിക്കാൻ പോകുന്നത്?

അതുപോലെതന്നെ, സഭയോ

ടൊപ്പം ചിന്തിക്കുക എന്നുവച്ചാൽ, സഭയിലെ പുരോഹിതശ്രേണിയുടെ ചിന്താരീതികളുമായി സാധർമ്യം പുലർത്തുക എന്നല്ല എന്ന് നമ്മുടെ പാപ്പാതന്നെ പഴയ ധാരണകളെ തിരുത്തിക്കൊണ്ട് സഭാപൗരന്മാരെ ഓർമ്മപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണല്ലോ, ആധുനികലോകത്ത് കുടുംബജീവിതത്തെ അലട്ടുന്ന കാര്യങ്ങളെപ്പറ്റി (പുനർവിവാഹം, സ്വലിംഗ-വിവാഹേതര ഒത്തുജീവിതം തുടങ്ങിയ നവീന സ്ത്രീ-പുരുഷബന്ധങ്ങൾ, ഇവിടെയൊക്കെ കൂദാശകളുടെ സ്ഥാനം, എന്നതൊക്കെ അതിൽപ്പെടും) വിശ്വാസികളിൽനിന്ന് ആശയങ്ങളും ആശങ്കകളും ചോദിച്ചറിഞ്ഞ് അവയെ ഒരു പുതിയ പഠനത്തിനായി റോമയിലെത്തിക്കാൻ, കഴിഞ്ഞ ഒക്ടോബറിൽ പോപ്പ് ലോകമെങ്ങുമുള്ള എല്ലാ മെത്രാന്മാരെയും ആഹ്വാനം ചെയ്തത്. വത്തിക്കാനിൽവച്ച് അടുത്ത ഒക്ടോബറിൽ മെത്രാന്മാരുടെ ഒരു സമിതി ഇതേപ്പറ്റി പഠിക്കുകയും അവരുടെ തീരുമാനങ്ങളും നിർദ്ദേശങ്ങളും ആഗോളസഭയ്ക്കു സമർപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. മറ്റു രാജ്യങ്ങളിൽ ഈ പഠനം ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയാണ്. നിങ്ങൾ ഇക്കാര്യത്തിൽ ഒന്നും ചെയ്തുതുടങ്ങിയിട്ടുപോലുമില്ലെന്നത് ലജ്ജാകരവും സ്വന്തം കടമകളെപ്പറ്റിയുള്ള മനപ്പൂർവമായ ഉപേക്ഷയുമാണ്. അവസാനം നിങ്ങളുടെ സ്വന്തം മനസ്സിലിരുപ്പ് ജനങ്ങളുടേതായി റോമിലെത്തിക്കും. അതും ഇതുവരെ നിങ്ങൾ ശീലിച്ച ധാർഷ്ട്യപരമായ ചതിയുടെ ഭാഗമാണ്. സഭ നവീകരിക്കപ്പെടണമെങ്കിൽ പഴയവയെ പുതുതായി വിലയിരുത്തണം, പുതിയ ആശയങ്ങൾ സമാഹരിക്കപ്പെടണം, അവയെപ്പറ്റി വിദഗ്ദ്ധപഠനം നടത്തണം. അതൊന്നും നിങ്ങൾക്കു താത്പര്യമുള്ള വിഷയങ്ങളിൽപ്പെടുന്നില്ല എന്നാണു ഞങ്ങൾ മനസ്സിലാക്കുന്നത്.

അതെന്തുതന്നെയായിരുന്നാലും, സാധാരണ സംഭവിക്കാറുള്ളതുപോലെ, സ്വേച്ഛാപരമായ ചൂഷണ, ഭരണ, തന്ത്രങ്ങളിലേക്ക് നിങ്ങളുടെ ചർച്ചകൾ ഒതുങ്ങിപ്പോവില്ലെന്നും, അനുദിന സഭാജീവിതത്തെയും സാമുദായിക ഇടപെടലുകളെയും അർത്ഥവത്തായി മെച്ചപ്പെടുത്തുന്ന കർമ്മപരിപാടികളിലേക്ക് നിങ്ങളുടെ വീക്ഷണങ്ങളും ചർച്ചകളും ഊർജ്ജസ്വലമാകുമെന്നും പ്രതീക്ഷിക്കാമോ എന്നതിലേക്കാണ് സഭാപൗരന്മാർ ഇത്തരുണത്തിൽ ആശങ്കയോടെ ഉറ്റുനോക്കുന്നത്. അതുണ്ടാകുന്നില്ലെങ്കിൽ, വത്തിക്കാൻ രണ്ടിന്റെ കാര്യത്തിലെന്നപോലെ, ഭാരതമെത്രാന്മാർ മലപോലെ വന്ന് എലിപോലെ ഒരു മാളത്തിൽനിന്നു വേറൊന്നിലേക്ക് കയറിപ്പോകുകമാത്രമായിരിക്കും ചെയ്യുന്നത്.

നമ്മുടെ പൈതൃകമായ മാർത്തോമ്മായുടെ മാർഗ്ഗത്തിൽ അധിഷ്ഠിതമായ ഒരു നവീകരണം സീറോ-മലബാർ സഭയിൽ ഇതുവരെ നടന്നിട്ടില്ല. പകരം, നമ്മുടെ സഭയെ അടിമുടി പാശ്ചാത്യവൽക്കരിക്കുന്ന കർമ്മപരിപാടികൾക്കാണ് നിങ്ങൾ മുൻതൂക്കം കൊടുത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ പാരമ്പര്യത്തിന്റെ ഭാഗവും കാതലുമായിരുന്ന പള്ളിയോഗങ്ങൾ നിങ്ങൾ നിരുത്തലാക്കിയില്ലേ? പാശ്ചാത്യരീതിയിലുള്ള, വികാരിയെ ഉപദേശിക്കുകമാത്രം ചെയ്യാനുതകുന്ന, പാരിഷ് കൗൺസിൽ അതിനു പകരമാകുന്നതെങ്ങനെ?

യേശു വാക്കിലൂടെയും മാതൃകയിലൂടെയും പ്രഘോഷിച്ച ആത്മാവിലുള്ള ദാരിദ്ര്യത്തിലൂടെ ജീവിതലാളിത്യത്തിലേക്കു സഭാനേതൃത്വത്തെ മാടിവിളിക്കുന്ന നമ്മുടെ പാപ്പായ്ക്ക് നിങ്ങൾ ഒട്ടും ചെവികൊടുക്കുന്നില്ലെന്ന് ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. അനുദിനമെന്നോണം പിടിമുറുകിവരുന്ന നിങ്ങളുടെ അധികാരക്കുത്തകയും പരസ്യമായ ആഡംഭരശൈലികളും സഭാപൗരന്മാരെ നിങ്ങളിൽനിന്ന് വളരെയധികം അകറ്റിക്കഴിഞ്ഞു.

സീറോ-മലബാർ സഭയെ ഒരുവിധത്തിലും ബാധിക്കരുതാത്ത പൗരസ്ത്യകാനോൻ നിയമത്തിന്റെ മറവിൽ, നിങ്ങൾ സഭാപൗരന്മാരുടെ സംഭാവന, നേർച്ചകാഴ്ചകൾ, ഓഹരി എന്നിവവഴികുമിഞ്ഞുകൂടുന്ന പള്ളിസ്വത്തു മുഴുവൻ യഥേഷ്ടം കൈകാര്യം ചെയ്യുകയാണ്. രൂപതകളുടെ നടത്തിപ്പിൽ, ഉദാഹരണത്തിന് ശബരിമലയിലെ വരുമാനത്തിന്റെ കാര്യത്തിലെന്നപോലെ, എന്തു സുതാര്യതയാണ് കത്തോലിക്കാസഭയിൽ ഇപ്പോഴുള്ളത്? ആരെയും ഒരു കണക്കും ബോധിപ്പിക്കാതെ ഏതു ധൂർത്തിനും ആർഭാടത്തിനുംവേണ്ടി നിങ്ങൾ സഭയുടെ പൊതുമുതലിൽ കൈയിട്ടുവാരുകയാണ്. ഈ നാട്ടിലെതന്നെ ജനലക്ഷങ്ങളുടെ വിശപ്പിന്റെ വിളി നിങ്ങൾ ശ്രദ്ധിക്കാറേയില്ലയെന്നത് ലജ്ജാകരവും സുവിശേഷവിരുദ്ധവുമായ ഒരു ധർമ്മച്യുതിയാണ്.

സീറോ-മലബാർ സഭയുടെ ആരാധനക്രമം മൊത്തത്തിൽ ഏകപക്ഷീയമായി നിങ്ങൾ കൽദായമാക്കിക്കഴിഞ്ഞു. അതുപോലൊന്നാണ് മാനിക്കേയൻ കുരിശിന്റെ കഥയും. വിവാദപരമായ ഇത്തരം വിഷയങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല.

യേശു വാക്കിലൂടെയും മാതൃകയിലൂടെയും പ്രഘോഷിച്ച ആത്മാവിലുള്ള ദാരിദ്ര്യത്തിലൂടെ ജീവിതലാളിത്യത്തിലേക്കു സഭാനേതൃത്വത്തെ മാടിവിളിക്കുന്ന നമ്മുടെ പാപ്പായ്ക്ക് നിങ്ങൾ ഒട്ടും ചെവികൊടുക്കുന്നില്ലെന്ന് ജനങ്ങൾ മനസ്സിലാക്കുന്നുണ്ട്. അനുദിനമെന്നോണം പിടിമുറുകിവരുന്ന നിങ്ങളുടെ അധികാരകുത്തകയും

പരസ്യമായ ആഡംഭരശൈലികളും സഭാപൗരന്മാരെ നിങ്ങളിൽനിന്ന് വളരെയധികം അകറ്റിക്കഴിഞ്ഞു. എത്രയും വേഗം സഭാപൗരന്മാരുടെ അഖിലേന്ത്യാ പ്രാതിനിധ്യമുള്ള ഒരു സഭാസിനഡ് വിളിച്ചുകൂട്ടേണ്ടിയിരിക്കുന്നു. അതുണ്ടാകാതെ, നിങ്ങളുടേതുമാത്രമായ ഒരു മെത്രാൻസിനഡിന്റെ തീരുമാനങ്ങൾ അംഗീകരിക്കാൻ സഭാഭൂരിപക്ഷം ബാദ്ധ്യസ്ഥരല്ല എന്ന സത്യം വൈകിയെങ്കിലും നിങ്ങളംഗീകരിക്കുന്നത് നന്നായിരിക്കും. കാരണം, അപക്വമായ നിങ്ങളുടെ പോക്ക് എല്ലാ അതിരുകളെയും കവച്ചുവച്ചിരിക്കുന്നു. അതിൽ പ്രതിഷേധിച്ച്, വിശ്വാസിസമൂഹത്തിന്റെ പ്രാതിനിധ്യമില്ലാതെ സമ്മേളിക്കുന്ന ഈ മെത്രാൻസിനഡ് അക്രൈസ്തവവും സഭാവിരുദ്ധവുമാണെന്നു പ്രഖ്യാപിച്ചുകൊണ്ട്, തത്സമയത്തുതന്നെ ഒരു കത്തോലിക്കാ അല്മായ അസംബ്ലി നടത്താൻ, വിവിധ ക്രൈസ്തവ സംഘടനകളും ചിന്തകരും എഴുത്തുകാരും ചേർന്ന് തീരുമാനിച്ച കാര്യം നിങ്ങൾ അറിഞ്ഞിരിക്കുമല്ലോ. സഭാംഗങ്ങൾ എന്ന നിലയിൽ പുരോഹിതരും സന്യസ്തരും മെത്രാന്മാരും അതിലേക്കു സമത്വദീക്ഷയോടെ സ്വാഗതം ചെയ്യപ്പെടും. വേദപുസ്തകംതന്നെ ഇക്കാര്യത്തിൽ ഞങ്ങൾക്ക് സാധുതയും ന്യായീകരണവും നൽകുന്നുവെന്ന് മനസ്സിലാക്കാൻ അപ്പോ. പ്രവ. 1:15-26; 6:2-4; എ.ഡി. 140-ൽ പ്രസിദ്ധീകൃതമായ 'ഡിഡാക്കെ' എന്നിവ തുറന്നുനോക്കേണ്ടതേയുള്ളൂ. സഭയുടെ ആദ്ധ്യാത്മിക, ഭൗതിക കാര്യങ്ങളിൽ വിശ്വാസി സമൂഹത്തിനുണ്ടായിരുന്ന മേൽക്കൈയാണ് ഈ അപ്പോസ്തലരേഖകൾ തെളിയിക്കുന്നത്. ഇതേ രീതിയാണ് സഭാകാര്യങ്ങളിൽ ഭാരതനസ്രാണി സഭയിലും നിലനിന്നിരുന്നത് എന്ന് നിങ്ങളെ ഞങ്ങൾ പറഞ്ഞു മനസ്സിലാക്കേണ്ടതില്ലല്ലോ. തങ്ങളുടെ പള്ളിയോഗപാരമ്പര്യം വീണ്ടെടുക്കാനു ള്ള പരിശ്രമത്തിന്റെ ഭാഗമാണ് ഈ പറഞ്ഞ അല്മായഅസംബ്ലിയും. തന്നെയല്ല, സഭാനവീക രണത്തിനു മുന്നിട്ടിറങ്ങാൻ എല്ലാ സഭാമക്കളെയും ആഹ്വാനം ചെയ്തുകൊണ്ടിരിക്കുന്ന നമ്മുടെ ഫ്രാൻസീസ് പാപ്പായ്ക്കു കൊടുക്കാവുന്ന ഏറ്റവും വലിയ പിന്തുണയായും ഞങ്ങളിതിനെ വിലയിരു ത്തുന്നു.

മെത്രാന്മാർ യോഗംചേർന്ന് ഏകപക്ഷീയമായി എടുക്കുന്ന തീരുമാനങ്ങൾ സാധാരണ വിശ്വാസികളുടെമേൽ ഉടമ-അടിമ വ്യവസ്ഥിതിയിലെന്നതുപോലെ അടിച്ചേൽപ്പിക്കുന്ന സമ്പ്രദായമാണ് ഈ ഇരുപത്തൊന്നാം നൂറ്റാണ്ടിലും സഭയിൽ നിലനിൽക്കുന്നത്. ഇതിനൊരു മാറ്റം വരുത്തിയേ തീരൂ. ഇത്തരം ഏകപക്ഷീയമായ തീരുമാനങ്ങൾ വിശ്വാസികളുടെമേൽ ഇനിയും അടിച്ചേൽപ്പിക്കാൻ കഴിയില്ലെന്നു പ്രഖ്യാപിച്ചുകൊണ്ട് സഭാകാര്യങ്ങളിൽ അവരുടെ സുചിന്തിതമായ അഭിപ്രായങ്ങൾ പരസ്യമായി പ്രകടിപ്പിക്കുന്നതിനായി മെത്രാൻ സിനഡിനു സമാന്തരമായി കൂടുന്ന അൽമായ അസ്സംബ്ലി ചർച്ചയ്ക്കെടുത്ത് തീരുമാനങ്ങൾ കൈക്കൊള്ളാൻ ഉദ്ദേശിക്കുന്ന വിഷയങ്ങൾ താഴെ കൊടുക്കുന്നു:

1. ക്രിസ്തീയസഭയുടെ ആത്മീയമണ്ഡലവും ഭൗതികമണ്ഡലവും തമ്മിലുള്ള വേർതിരിവ്; 2. സഭയെ ആത്മീയതയിലൂടെ നയിക്കുന്നതിനു മാർഗദീപങ്ങളായിരിക്കേണ്ടവരായ മെത്രാന്മാരുടെ ക്രൈസ്തവവിരുദ്ധ പ്രവർത്തനങ്ങളും സാമൂഹിക തിന്മകളും; 3. പൗരസ്ത്യകാനോൻ നിയമത്തിന്റെയും പള്ളിയോഗ നടപടിക്രമങ്ങളുടെയും രൂപതാനിയമങ്ങളുടെയും പരസ്പരവൈരുദ്ധ്യങ്ങൾ; 4. പ്രസ്തുത നിയമങ്ങളും ക്രിസ്തീയ വിശ്വാസതത്ത്വങ്ങളും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ; 5. പ്രസ്തുത നിയമങ്ങളും ഇന്ത്യൻ ദേശീയതയും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ 6. പ്രസ്തുത നിയമങ്ങളും ഇന്ത്യൻ ഭരണഘടനയും തമ്മിലുള്ള വൈരുദ്ധ്യങ്ങളും മെത്രാന്മാരും വത്തിക്കാനുമായുള്ള അവിശുദ്ധ കൂട്ടുകെട്ടുകളും രാജ്യദ്രോഹകുറ്റങ്ങളും; 7. നസ്രാണിസഭയുടെ അപ്പോസ്തലപൈതൃകവും സഭാപാരമ്പര്യവും പ്രവർത്തനങ്ങളും; 8. നസ്രാണിസമൂഹത്തിന്റെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും സ്വത്തുക്കളുടെയും ആർജ്ജിതസ്വഭാവവും മൂലരേഖകളും വിലയിരുത്തൽ, തീരുമാനങ്ങളെടുക്കൽ; 9. യേശുവിന്റെ പ്രബോധനങ്ങൾക്കും തത്ത്വങ്ങൾക്കും മാത്രമല്ല, സന്മാർഗ്ഗത്തിനും മാനുഷികമായ സ്വാഭാവിക നീതിക്കുതന്നെയും വിരുദ്ധമായി മെത്രാന്മാരിൽ നിന്നും പുരോഹിതരിൽനിന്നും അൽമായരനുഭവിക്കുന്ന പീഡനങ്ങൾ; 10. ഇന്ത്യൻ ദേശീയതയ്ക്കും ഇന്ത്യൻ ഭരണഘടനയ്ക്കും വിധേയമായ സഭാനിയമങ്ങളുടെ നിർമ്മാണം.

സ്നേഹാദരവുകളോടെ,

സക്കറിയാസ് നെടുങ്കനാൽ znperingulam@gmail.com, **ചാക്കോ കളരിക്കൽ** ckalarickal10@hotmail.com, **ജോസഫ് മറ്റപ്പള്ളി** jmattappally@gmail.com, **ജോസഫ് പടന്നമാക്കൽ** padannamakkel@yahoo.com, **ജോർജ് മൂലേച്ചാലിൽ** gmool@yahoo.com, **ജോസാന്റണി മൂലേച്ചാലിൽ** josantonym@gmail.com, **തോമസ് പെരുംപള്ളിൽ** tperumpallil@gmail.com, **ജീജോ ബേബി ജോസ്** j.babyjose@edu.salford.ac.uk, **ബാബു പാലത്തുംപാട്ട്, ജർമനി** babu.palath@gmail.com, **ജോയി പോൾ പുതുശ്ശേരി** joypaulp@hotmail.com, **മാത്യു എം. തറക്കുന്നേൽ** mtharakunnel@gmail.com, **തെരേസാ മനയത്ത്** theresiamanayath@gmail.com, **ഷാജി ജോസഫ്**: shajikjoseph@hotmail.com, **ജോസഫ് കളരിക്കൽ** jskalarickal@yahoo.com, **തോമസ് കൂവള്ളൂർ** : tjkoovalloor@live.com, **തോമസ് എം. തോമസ്**: tthomas07@hotmail.com, **ജേക്കബ് കല്ലുപുരയ്ക്കൽ** jkallupu@hotmail.com, **ജോസ് കല്ലിടുക്കിൽ** jose.kalliduckil@gmail.com, **ജോസഫ് മേനാച്ചേരിൽ** mannan110@hotmail.com.

കെ.സി.ആർ.എം. പ്രതിമാസപരിപാടി

പുലിക്കുന്നേൽ സവിധേ...

2014 മാർച്ച് 1, ശനിയാഴ്ച 12.30 പി.എം. മുതൽ 4.30 വരെ, ഇടമറ്റം ഓശാനാമൗണ്ടിൽ

(ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് ഓഡിറ്റോറിയത്തിൽ വച്ച്)

പൗരോഹിത്യം തരിശ്ശാക്കിയിട്ടിരുന്ന കേരളസഭാഭൂമികയിലേക്ക് ഏകനായി ധീരതയോടെ കടന്നുവന്ന് അവിടമാകെ വെള്ളമൊഴിച്ചും ഉഴുതുമറിച്ചും സുവിശേഷത്തിന്റെ വിത്തുകൾ വിതച്ചും കഠിനാദ്ധ്വാനം ചെയ്ത മേധാശക്തിക്കുടമയാണ്, കേരളത്തിലെ സഭാനവീകരണപ്രവർത്തകരെ സംബന്ധിച്ച്, പുലിക്കുന്നേൽസാർ. അതുകൊണ്ടുതന്നെ, കഴിഞ്ഞ 40-ഓളം വർഷമായി കേരളസഭയിൽ നവോത്ഥാനത്തിന്റെ ശംഖൊലി മുഴക്കിയിരുന്ന അദ്ദേഹത്തിന്റെ 'ഓശാന' മാസിക 2014 മാർച്ചു ലക്കത്തോടെ നിർത്തുകയാണ് എന്ന അറിയിപ്പ് അദ്ദേഹത്തിന്റെ ആശയശിഷ്യരെയെല്ലാം ഖിന്നരാക്കിയിരിക്കുകയാണ്. ഈ അവസരത്തിൽ അദ്ദേഹത്തിന്റ ചുറ്റുമൊന്നു കൂടിയിരുന്ന് ഈ മേഖലയിലെ ഓർമ്മകളും അനുഭവങ്ങളും പങ്കുവയ്ക്കാനും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ശ്രവിക്കാനും സഭാനവീകരണപ്രവർത്തകർക്കും അദ്ദേഹത്തിന്റെ ആശയസ്വാധീനമുണ്ടായിട്ടുള്ള ഏവർക്കും ഒരു അവസരമൊരുക്കുകയാണ്.

2014 മാർച്ച് 1, ശനിയാഴ്ച, ഉച്ചക്ക് 12.30-ന് സൗഹൃദഭക്ഷണത്തോടെ ഈ കൂടിവരവ് ആരംഭിക്കും. തുടർന്ന്, IICS ഓഡിറ്റോറിയത്തിൽ ഒത്തുചേരൽ.

ഈ പരിപാടിയിലേക്ക് കേരളത്തിലെ എല്ലാ സഭാനവീകരണപ്രവർത്തകരേയും 'ഓശാന' - 'സത്യജ്വാല' വരിക്കാരെയും ക്ഷണിക്കുന്നു. വരാൻ താത്പര്യപ്പെടുന്നവർ, 9496313963, 8547573730, 9497088904, 9446561282 എന്നീ നമ്പരുകളിൽ ഏതെങ്കിലും ഒന്നിലേക്കോ ഓശാന ഓഫീസ് നമ്പരിലേക്കോ (04822-236269) വിളിച്ചറിയിക്കണം എന്ന ഭ്യർത്ഥിക്കുന്നു.

സ്നേഹാദരപൂർവ്വം,

കെ.കെ.ജോസ് കണ്ടത്തിൽ (കെ.സി.ആർ.എം. സംസ്ഥാനസെക്രട്ടറി. ഫോ:8547573730

മുഖക്കുറി (തുടർച്ച...)

തൃശൂർ ജില്ലാ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ട്) രണ്ടര പതിറ്റാണ്ടായി പ്രവർത്തിച്ചുവരുന്ന 'കാത്തലിക് ലേമെൻസ് അസ്സോസിയേഷൻ' രൂപകല്പന ചെയ്ത ഈ പരിപാടിയെ പിന്തുണയ്ക്കാൻ ജെ.സി.സി-യുടെ വിവിധ ഘടകസംഘടനകളും ജെ.സി.സി. നേതൃത്വവും ഉണ്ടായിരുന്നുവെന്നത് എടുത്തുപറയേണ്ടതുണ്ട്. അങ്ങനെ, കേരളകത്തോലിക്കരുടെ വ്യാപകമായ പ്രാതിനിധ്യത്തോടെ നടത്തപ്പെട്ട 'നസ്രാണി കത്തോലിക്കാ അത്മായഅസംബ്ലി-2014' എന്തുകൊണ്ടും ശുഭോദർക്കമായ ഒരു ചുവടുവയ്പ്പായിത്തീർന്നു. തികച്ചും ലളിതമായി നടത്തപ്പെട്ട ഈ അത്മായഅസംബ്ലി, ഇന്നു സഭയിൽ നിലനിൽക്കുന്ന അടിസ്ഥാനപരങ്ങളായ എല്ലാ വൈരുദ്ധ്യങ്ങളെയും തലനാരിഴകീറി പരിശോധിക്കുകയും, സഭയെ ബൈബിളിനും സഭയുടെ വിശുദ്ധപാരമ്പര്യങ്ങൾക്കുമനുസൃതിച്ച്, എങ്ങനെ പുനർനിർമ്മിക്കാനാകുമെന്ന് കൂട്ടായി ചർച്ചചെയ്യുകയും ചെയ്തു. അപ്പോ.പ്രവ. 6:1-6-ൽ കാണുന്ന അപ്പസ്തോല നിർദ്ദേശപ്രകാരവും, അതിന്റെ കേരളീയാവിഷ്കാരമായ 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' (Law of Thomas) അനുസരിച്ചും, മെത്രാന്മാരെയും വൈദികരെയുമെല്ലാം തികച്ചും സഭയുടെ ആദ്ധ്യാത്മികശുശ്രൂഷകരാക്കി മാറ്റേണ്ടത് ആവശ്യമാണെന്നും, സഭയുടെ ഭൗതികകാര്യങ്ങൾ സുതാര്യമായി കൈകാര്യം ചെയ്യാൻ, വിശ്വാസിമൂഹത്താൽ തിരഞ്ഞെടുക്കപ്പെടുന്നവരുടെ ട്രസ്റ്റുകൾ സ്ഥാപിക്കപ്പെടേണ്ടതുണ്ടെന്നുമുള്ള ആശയം അവിടെ സർവ്വാത്മനാ അംഗീകരിക്കപ്പെട്ടു. സഭയിലെ മറ്റൊരു വിഭാഗത്തിനും പ്രാതിനിധ്യമില്ലാതെ നടത്തപ്പെടുന്ന മെത്രാൻസിനഡുകളെ സഭാസമ്മേളനങ്ങളായി അംഗീകരിക്കാനാവില്ലെന്നും, അവിടെയെടുക്കുന്ന തീരുമാനങ്ങൾ സഭയ്ക്കു ബാധകമായിരിക്കില്ലെന്നും ഈ അസംബ്ലി അസ്സന്ദിഗ്ദ്ധമായി പ്രഖ്യാപിച്ചു. കൂടാതെ, മെത്രാന്മാരിൽനിന്നും മറ്റു പുരോഹിതാധികാരികളിൽനിന്നും വിശ്വാസികൾക്കുണ്ടായിട്ടുള്ള അക്രൈസ്തവവും നീതിരഹിതവുമായ നടപടികൾ ലിസ്റ്റ് ചെയ്ത് അസംബ്ലി വിചാരണചെയ്യുകയും, അവയോരോന്നിനും ഉത്തരവാദികളായവർക്കെതിരെ നടപടികൾ സ്വീകരിച്ച് പരിഹാരമുണ്ടാക്കാൻ അഖിലഭാരതമെത്രാൻസമിതി(സി.ബി.സി.ഐ)യോട് അസംബ്ലി ആവശ്യപ്പെടുകയും ചെയ്തു.

പൗരസ്ത്യ കാനോൻ നിയമത്തിന്റെ ഡമ്മി അഗ്നിക്കിരയാക്കി, അത് നസ്രാണി കത്തോലിക്കാ സഭയ്ക്ക് ബാധകമല്ലെന്ന് പ്രതീകാത്മകമായി പ്രഖ്യാപിച്ചുകൊണ്ടാരംഭിച്ച അത്മായഅസംബ്ലി, ചർച്ച് ആക്ട് പാസ്സായികിട്ടുംവരെ സഭയിൽ പ്രാബല്യത്തിലാക്കാനുദ്ദേശിച്ച്, പ്രതിനിധിസഭ എന്ന നിലയിൽ ഒരു സഭാനിയമത്തിനു രൂപംകൊടുത്തു പാസ്സാക്കുകയും ചെയ്തു. തുടർന്ന് വേദിയിലെ മരക്കുരിശിൽ പിടിച്ച് എല്ലാവരും വൃത്തത്തിൽ കൈകോർത്തുനിന്ന്, 'ജീവനുള്ള കാലത്തോളം... ...കാനോൻനിയമങ്ങൾ അംഗീകരിക്കുകയില്ല' എന്നു പ്രഖ്യാപിച്ചുകൊണ്ട് കൂനൻകുരിശു സത്യത്തിന്റെ തുടർച്ച എന്നപോലെ, 'രണ്ടാംകുരിശ് സത്യപ്രതിജ്ഞ' നടത്തി. അതു പ്രവൃത്തിപഥത്തിലെത്തിക്കാൻ ശക്തമായ തുടർപ്രവർത്തനങ്ങൾ പ്ലാൻ ചെയ്താണ് 9-ാം തീയതി വൈകിട്ട് അസംബ്ലി പിരിഞ്ഞത്.

പാലാ രൂപതയുടെ പ്രൗഢി കാണിക്കാൻ 1

സിബിസിഐ സമ്മേളനം: പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പോലീസ് കൺട്രോൾ റൂം

(2014 ജനുവരി 26-ലെ ദീപികയിൽ വന്ന വാർത്ത)

ഫെബ്രുവരി അഞ്ചു മുതൽ 12 വരെ പാലാ അരുണാപുരത്ത് നടക്കുന്ന സിബിസിഐ സമ്മേളനത്തിന്റെ സുരക്ഷാക്രമീകരണങ്ങളുടെ ഭാഗമായി സമ്മേളനവേദിയായ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പോലീസ് കൺട്രോൾ റൂം പ്രവർത്തിക്കും. കോട്ടയം ജില്ലാ പോലീസ് ചീഫ് എം.പി ദിനേശും പാലാ രൂപതാധികാരികളുമായി ഇന്നലെ നടത്തിയ യോഗത്തിലാണു തീരുമാനം.

പാലാ ഡിവൈഎസ്പി ബിജു കെ. സ്റ്റീഫനായിരിക്കും കൺട്രോൾ റൂമിന്റെ ചുമതല. പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, സഹായമെത്രാൻ മാർ ജേക്കബ് മുരിക്കൻ, മാർ ജോസഫ് പള്ളിക്കാപറമ്പിൽ എന്നിവരും വികാരി ജനറാൾമാരും യോഗത്തിൽ സംബന്ധിച്ചു.

പോലീസ് കൺട്രോൾ റൂം നാലിനു രാവിലെ പ്രവർത്തനമാരംഭിക്കും. സിബിസിഐ സമ്മേളനത്തിനെത്തുന്ന ബിഷപ്പുമാർക്കു നെടുമ്പാശേരി എയർപോർട്ട്, കോട്ടയം റെയിൽവെ സ്റ്റേഷൻ എന്നിവിടങ്ങളിൽനിന്ന് ആവശ്യമെങ്കിൽ പോലീസ് എസ്കോർട്ട് അനുവദിക്കും. മെത്രാൻസമിതിയുടെ സമ്മേളനം നടക്കുന്ന അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ഹാളിൽ രൂപത നൽകുന്ന ഐഡന്റിറ്റി കാർഡുള്ളവർക്കു മാത്രമായിരിക്കും പ്രവേശനം.

പാലാ സെന്റ് തോമസ് കോളജ് സ്റ്റേഡിയത്തിൽ എട്ടിനു നടക്കുന്ന പൗരസ്വീകരണ സമ്മേളനത്തിന്റെ സുരക്ഷാകാര്യങ്ങളിൽ പോലീസ് പ്രത്യേക ശ്രദ്ധചെലുത്തും. ഭരണങ്ങാനം വിശുദ്ധ അൽഫോൻസാമ്മയുടെ ചാപ്പലിലേക്കും വിവിധ തീർഥാടനകേന്ദ്രങ്ങളിലേക്കുമുള്ള മെത്രാൻസംഘത്തിന്റെ യാത്രകളിൽ എസ്കോർട്ട് നൽകുമെന്നും പോലീസ് ചീഫ് അറിയിച്ചു.

-ലജ്ജാവഹം! ജനമദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ കടപ്പെട്ടവരാണ് സഭാധികാരികൾ. അവർ ജനങ്ങളെ ഭയപ്പെടുകയോ? സഭാതലവനായ ഫ്രാൻസീസ് മാർപ്പാപ്പായ്ക്കോ ഡൽഹി മുഖ്യമന്ത്രിയായ കെജ്റിവാളിനോ വേണ്ടാത്ത പോലീസ് സുരക്ഷ മെത്രാന്മാർക്കെന്തിന്? 'ആടു'കളിൽനിന്ന് സുരക്ഷ തേടുന്ന ഇവരോ ഇടയന്മാർ? പോലീസും പട്ടാളവും ഹിറ്റ്ലറുടെ പട്ടാളഭരണത്തിന്റെ ശൈലിയാണ്. പോലീസ് സംരക്ഷണത്തോടെ ഒരു മെത്രാൻസിനഡ് സംഘടിപ്പിക്കുകയെന്നത് ഭാരത കത്തോലിക്കാ സഭയുടെ ശോചനീയമായ അവസ്ഥയിലേക്കാണ് കൈചൂണ്ടുന്നത്!!

ലക്ഷം ച. അടി വിസ്തീർണ്ണത്തിൽ നൂറുകണക്കിന് ആഡംബരമുറികളും വിശാലമായ കോൺഫ്രൻസ് ഹാളുകളുമുള്ള ഒരു നാലുനിലനാലുകെട്ട്, ദശകോടികൾ ചെലവഴിച്ചുണ്ടാക്കി നടത്തിയ സി. ബി. സി. ഐ. സമ്മേളനംകൊണ്ട് ഇന്ത്യയിലെ കത്തോലിക്കാസമൂഹത്തിനുണ്ടാകുന്ന ഫലവും, എറണാകുളത്ത് ഹൈക്കോർട്ടു ജംഗ്ഷനിലുള്ള കോർപ്പറേഷൻ വകസ്ഥലത്ത് പന്തലുകെട്ടി വിശ്വാസിസമൂഹം നടത്തിയ അത്മായഅസംബ്ലികൊണ്ടുണ്ടാകാൻപോകുന്ന ഫലവും ഭാവിചരിത്രം വിലയിരുത്തുകതന്നെ ചെയ്യും. ഇതിനകംതന്നെ എത്രയോ സി.ബി.സി.ഐ- കെ.സി.ബി.സി. സമ്മേളനങ്ങൾ നടന്നിരിക്കുന്നു. കത്തോലിക്കാസമൂഹത്തെ ആദ്ധ്യാത്മികമായോ മറ്റു തരത്തിലോ ഒരിഞ്ചുപോലും ഉയർത്താൻ അവയ്ക്കൊന്നുമായിട്ടില്ല എന്ന് എല്ലാവർക്കുമറിയാം. വിശ്വാസിസമൂഹത്തിന്റെ ചുമലിലെ ഭാരവും കാലിലെ ചങ്ങലയുടെ കട്ടിയും കൂടുക മാത്രമാണ് ഇതുവരെ സംഭവിച്ചിട്ടുള്ളത്. ഈ സി.ബി.സി.ഐ. മാമാങ്കത്തിനും മറ്റൊരു ഫലവുമുണ്ടാകുമെന്നു പ്രതീക്ഷിക്കാനാവില്ല. ഫലമുണ്ടായേനെ, 'രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചൈതന്യമുൾക്കൊണ്ട് സഭയെ എങ്ങനെ നവീകരിക്കാം' എന്നതായിരുന്നു, ഈ സമ്മേളനത്തിന്റെ ആലോചനാവിഷയമായി തിരഞ്ഞെടുത്തിരുന്നതെങ്കിൽ. അല്ലെങ്കിൽ, ഫ്രാൻസീസ് മാർപ്പാപ്പായെ ചെവിക്കൊള്ളാൻ തയ്യാറായി, എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യത്തോടെയായിരുന്നു ഈ സഭാസിനഡ് നടത്തിയിരുന്നതെങ്കിലും നിശ്ചയമായും ഭാരതസഭയുടെ ചരിത്രത്തിൽ അതൊരു നാഴികക്കല്ലാകുമായിരുന്നു. നിർഭാഗ്യവശാൽ, അതിനൊന്നുമുള്ള വിവേകം മെത്രാന്മാർക്കുണ്ടായില്ല.

'നസ്രാണികത്തോലിക്കാ അത്മായഅസംബ്ലി-2014'ലൂടെ, ഈ വിവേകം കാണിച്ചത് ഇവിടുത്തെ സാധാരണക്കാരായ 'ആം ആദ്മി വിശ്വാസി'കളാണ് എന്നതിൽ അവർക്കഭിമാനിക്കാം. ഇതിനു തുടർപ്രവർത്തനമുണ്ടാകുന്നപക്ഷം, ചരിത്രത്തിന്റെ തങ്കത്താളുകളിൽ ഈ സഭാഅസംബ്ലി സ്ഥാനംപിടിക്കുകതന്നെ ചെയ്യും. സാമ്രാജ്യത്വങ്ങളും അവയുടെ കൊട്ടാരയോഗങ്ങളുമെല്ലാം ഫലശൂന്യമായി തകർന്നടിഞ്ഞതുപോലെ, ജനങ്ങളെ പടിയടച്ചു നടത്തുന്ന മെത്രാന്മാരുടെ അരമനയോഗങ്ങളും അവരിറക്കുന്ന തീട്ടൂരങ്ങളും ചരിത്രത്തിന്റെ ചവറ്റുകുട്ടയിൽ ചെന്നടിയുകയും ചെയ്യും.

-എഡിറ്റർ

രണ്ടാം അന്തർദ്ദേശീയ ടെലി-കോൺഫ്രൻസ്

'അല്മായഅസ്സംബ്ലി എന്തുകൊണ്ട്, എങ്ങനെ?'

2013 ഡിസംബർ 12-നു വിജയകരമായി നടത്തിയ ആദ്യ അന്തർദ്ദേശീയ ടെലി-കോൺഫറൻസിനേത്തുടർന്ന്, 2014 ജനുവരി 25 രാവിലെ 7.30 മുതൽ 9.30 (ഇന്ത്യൻ സമയം) വരെ രണ്ടാം ടെലി-കോൺഫ്രൻസ് നടന്നു. ശ്രീ തോമസ് എം. തോമസ് ന്യൂജേഴ്സിയായിരുന്നു ഇത്തവണയും പരിപാടിയുടെ സംഘാടകൻ. ഫെബ്രുവരിയിൽ നടക്കുന്ന സി.ബി.സി.ഐ-ക്കു സമാന്തരമായി അത്മായസമൂഹം നടത്തുന്ന 'നസ്രാണികത്തോലിക്കാ അത്മായഅസംബ്ലി-2014'-ന്റെ പശ്ചാത്തലത്തിൽ, 'അത്മായ അസംബ്ലി എന്തുകൊണ്ട്, എങ്ങനെ?' എന്ന വിഷയമാണ് ചർച്ചയ്ക്കായി തിരഞ്ഞെടുത്തത്. ശ്രീ ജേക്കബ് കല്ലുപുരയ്ക്കൽ ചർച്ച മോഡറേറ്റു ചെയ്തു. ഫാ. ഡേവീസ് കാച്ചപ്പിള്ളി യായിരുന്നു വിഷയാവതാരകൻ.

വിഷയം അവതരിപ്പിച്ചുകൊണ്ട് ഫാ. ഡേവീസ് കാച്ചപ്പിള്ളി പറഞ്ഞു: അല്മായരാണ് വാസ്തവത്തിൽ സഭ. പുരോഹിതഗണം, പരമ്പരാഗതമായി, സഭയുടെ ശുശ്രൂഷയ്ക്കുവേണ്ടി ഈ സഭയാൽ തിരഞ്ഞെടുക്കപ്പെടുന്നവരാണ്. ഈ സത്യത്തിൽനിന്നു മാറിപ്പോയ സഭയുടെ ഇന്നത്തെ സാഹചര്യത്തിൽ, രണ്ടാം വത്തിക്കാന്റെ പഠനത്തിൽ ഊന്നിക്കൊണ്ട്, ഒരു തിരുത്തൽശക്തിയായിത്തീരേണ്ടത് അല്മായരാണ്. നിയമനിർമ്മാണം, നിയമവ്യാഖ്യാനം, നിയമനിർവഹണം എന്നിവയ്ക്കുള്ള അധികാരം നിക്ഷിപ്തമായിരിക്കുന്നത് അല്മായരുടെ കൂട്ടായ്മയിലാണ്. എന്നാൽ ഇന്ന് അതു ഹയരാർക്കി സ്വന്തമാക്കിയിരിക്കുന്നു. അതു തെറ്റാണെന്നും, സഭയോടോത്തു ചിന്തിക്കുകയെന്നാൽ ഹയരാർക്കിയോടൊത്തു ചിന്തിക്കുകയല്ലെന്നും നമ്മുടെ പോപ്പ് ശക്തമായി പറയുന്നുണ്ട്. അങ്ങനെയെങ്കിൽ, ഇന്നാവശ്യമുള്ളത് സഭാക്കൂട്ടായ്മയുടെ ഒരു പൊതുസമ്മേളനമാണ്. അതിനു പ്രാരംഭമായി, ആവശ്യമെങ്കിൽ, വൈദികരുടെയും സന്യസ്തരുടെയും അല്മായരുടെയും വെവ്വേറെയുള്ള ഒത്തുചേരലുകൾ ആകാമെന്നും, ഇവയെയെല്ലാം കൂട്ടിയിണക്കി പൊതുവായ ഒരു സഭാക്കൂട്ടായ്മ ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നും അദ്ദേഹം നിർദ്ദേശിച്ചു. കൂടാതെ, സഭയിൽ അല്മായന്റെ സ്ഥാനം പ്രഥമമാണെന്ന വസ്തുതയിലേക്കു കടന്നുചെന്ന് അക്കാര്യം അദ്ദേഹം സമർത്ഥിക്കുകയും ചെയ്തു.

അടുത്തുതന്നെ പാലായിൽ കൂടാനിരിക്കുന്ന CBCI മെത്രാൻ സിനഡുൾപ്പെടെ എല്ലാ മെത്രാൻ സിനഡുകളും സഭാസിനഡായി തെറ്റിദ്ധരിപ്പിക്കാനുള്ള ശ്രമം നടന്നിട്ടുണ്ട്, നടക്കുന്നുണ്ട്. ഉദയംപേരൂർ സൂനഹദോസിൽപോലും മെനേസിസ് മെത്രാപ്പോലിത്തായോടൊപ്പം നൂറിൽക്കൂടുതൽ ദേശത്തുപട്ടക്കാരും ഇടവകകളെ പ്രതിനിധീകരിച്ച് 600-ൽക്കൂടുതൽ എണങ്ങരും (അല്മായർ)

പങ്കെടുത്തു. ഇനി നമുക്കുവേണ്ടതും ഇതുപോലെ സഭയിലെ എല്ലാ വിഭാഗങ്ങളും- മെത്രാന്മാർ, പുരോഹിതർ, സന്യസ്തർ, ബാക്കി മുഴുവൻ സഭാപൗരന്മാരും- ഒരുമിച്ചുള്ള ഒത്തുചേരലാണ്. നവീകരണലക്ഷ്യങ്ങളോടെ സമ്മേളിക്കുന്ന എല്ലാ വിഭാഗങ്ങളുമായി ഒരുമിച്ചിരിക്കാൻ വിമുഖതയുള്ള മെത്രാന്മാർ സഭയ്ക്കുപുറത്താണ് എന്നാണു മനസ്സിലാക്കേണ്ടത്. ഇന്നു ചെയ്യാറുള്ളതുപോലെ മെത്രാന്മാരുടേതുമാത്രമായ പ്രത്യേകം സിനഡുകൾ ഒരു ശരീരമായിരിക്കേണ്ട സഭയ്ക്ക് ഒട്ടും ചേരുന്നതല്ല. മെത്രാന്മാർക്ക് അവരുടെ അഹന്ത പൊലിപ്പിക്കാൻമാത്രമേ അവ അവസരമുണ്ടാക്കുന്നുള്ളൂ, അദ്ദേഹം പറഞ്ഞു.

'നവീകരിക്കപ്പെട്ട സഭ' എന്നു മെത്രാന്മാർ പറയുമ്പോൾ, അത് എവിടെ, എങ്ങനെ എന്നു പറയാനും അവർ ബാദ്ധ്യസ്ഥരാണ്. വത്തിക്കാൻ രണ്ടിന്റെ ഒരു പ്രമാണരേഖയും നടപ്പിലാക്കാത്ത CBCI ഈ വാക്കുപയോഗിക്കുന്നതിൽ എന്തു സാംഗത്യമാണുള്ളതെന്നു മനസ്സിലാകുന്നില്ല. ദൈവജനത്തെ തെറ്റിദ്ധരിപ്പിക്കുകയാണ് കൗശലക്കാരായ മെത്രാന്മാർ ചെയ്യുന്നത്, ശ്രീ സക്കറിയാസ് നെടുങ്കനാൽ അഭിപ്രായപ്പെട്ടു. തുടർന്ന് അമേരിക്കയിലെ മലയാളിക്രിസ്തോലിക്കർ നേരിടുന്ന ബുദ്ധിമുട്ടുകൾ പലരും പങ്കുവച്ചു.

അമേരിക്കയിൽ 'ഏഴരപ്പള്ളി' പണിയുക എന്ന ആശയവുമായി വളരെ പ്രയത്നിച്ചിട്ടുള്ളവരുണ്ട്. വളരെക്കാലം അച്ചന്മാരെ ചുമന്നുകൊണ്ടുനടന്നിട്ടുള്ളവരുണ്ട്. എന്നാൽ, ഇപ്പോൾ ഒരു വാക്കു പറയാൻപോലും ചില വികാരിമാർ ഇവരെ അനുവദിക്കുന്നില്ല. വല്ലതുമൊന്നു പറയാൻവേണ്ടി എഴുന്നേറ്റാൽ, 'ഇരിയെടാ അവിടെ' എന്ന മട്ടിലാണ് അച്ചൻ ശകാരിക്കുന്നത്. അമേരിക്കയിലെത്തുന്ന അച്ചന്മാർക്ക് വലിയ തണ്ടാണ്. ഇവർക്കെതിരെ ചാട്ടവാറെടുക്കാൻ വിശ്വാസികൾ പ്രേരിപ്പിക്കപ്പെടുകയാണ്. പത്തുപതിനേഴു വർഷം വികാരിയായിട്ടിരിക്കുന്നതും ഏതോ മെത്രാന്മാരുടെ ബന്ധുവാണെന്നതുമൊക്കെ,ഏതു വൃത്തികേടിനും താന്തോന്നിത്തരത്തിനുമുള്ള ലൈസൻസ് ആയി കാണുന്നവരുണ്ട്. വാസ്തവത്തിൽ, അമേരിക്കയിൽ സീറോ- മലബാർ രൂപത ഉണ്ടായതോടെ, സഭാമക്കളുടെ വിശ്വാസവും സ്നേഹവും നശിക്കുകയാണുണ്ടായത്. ഏഴരപ്പള്ളിയിൽനിന്ന് 75 പള്ളികൾ ആയി. എന്നാൽ വിശ്വാസത്തിന്റെ കാര്യത്തിൽ 75 വർഷമെങ്കിലും പുറകോട്ടുപോയി.

അമേരിക്കയിൽ വരുന്ന മെത്രാന്മാരിൽ നിന്നുള്ള അനുഭവങ്ങൾ സഹിക്കാവുന്നതിനും അപ്പുറത്താണെന്നു പലരും അഭിപ്രായപ്പെട്ടു. മെത്രാനായിരിക്കാൻ യാതൊരു അർഹതയില്ലാത്തവരിൽപ്പെടുന്നു, ഇവർ. ഇത്തരക്കാരെപ്പറ്റി വ്യക്തമായി, കാര്യകാരണസഹിതം, പോപ്പ് ഫ്രാൻസീസിന് നിവേദനങ്ങൾ കൊടുക്കേണ്ടിയിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശങ്ങളെപ്പറ്റി നന്നായി പഠിച്ചയാളാണ് മാർപ്പാപ്പാ. അല്മേനികൾ സംഘടിക്കണം, സഭാ കാര്യങ്ങൾ ഏറ്റെടുക്കണം എന്നാണ് വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നതെന്ന് മാർപ്പാപ്പായ്ക്കു നന്നായറിയാം. അദ്ദേഹത്തെ സർവ്വാത്മനാ പിന്തുണയ്ക്കാൻ സഭയെ സ്നേഹിക്കുന്ന എല്ലാവർക്കും കടമയുണ്ട്. അല്ലാതെ, 'ചുവന്ന നൈറ്റി' ഇട്ടു നടക്കുന്നവരുടെ കൈമുത്തി നടക്കേണ്ടവരല്ല നമ്മൾ.

ഈ പശ്ചാത്തലത്തിൽ നോക്കുമ്പോൾ, ഫെബ്രുവരി 8, 9 തീയതികളിൽ എറണാകുളത്തുചേരുന്ന നസ്രാണി കത്തോലിക്കാ അത്മായഅസംബ്ലി-2014 -ന്റെ പ്രസക്തി വളരെ വലുതാണെന്നു കാണാൻ കഴിയും. കേരളസഭയുടെ മഹനീയപാരമ്പര്യമായ പള്ളിയോഗസഭാസമ്പ്രദായത്തിലേക്കു സഭയെ നയിക്കാനുള്ള ഒരു മഹാഉദ്യമമാണതെന്നും അതിനു കഴിയുന്നത്ര പിന്തുണ നൽകാൻ എല്ലാവർക്കും ഉത്തരവാദിത്വമുണ്ടെന്നും എല്ലാവരും അഭിപ്രായപ്പെട്ടു. അതിന്റെ മുഖ്യസംഘാടകനായ ശ്രീ. എം.എൽ. ജോർജിനെ, ചില സാങ്കേതികപ്രശ്നംമൂലം ഈ കോൺഫ്രറൻസിലേക്ക് ഫോണിൽ കണക്ടുചെയ്യാൻ കഴിയാതെപോയതിലുള്ള വിഷമവും എല്ലാവരും പങ്കുവച്ചു.

നമ്മുടെ ഇത്തരം ടെലി-കോൺഫ്രൻസുകളെയും സഭാക്കൂട്ടായ്മകളായും സഭായോഗങ്ങളായുംതന്നെ കണ്ടുതുടങ്ങണം എന്ന് ഫാ. ഡേവീസ് കാച്ചപ്പിള്ളി നിർദ്ദേശിച്ചു. അതിൽ സ്ത്രീകളെയും ഉൾപ്പെടുത്തണമെന്നും, ഇതിൽ പങ്കെടുക്കാൻ വൈദികരെയും കന്യാസ്ത്രീകളെയും മെത്രാന്മാരെയും ക്ഷണിക്കണമെന്നും അഭിപ്രായമുണ്ടായി.

ഈ ടെലി-കോൺഫ്രൻസിൽ ഒരു വൈദികൻ പങ്കെടുത്തു എന്നതിൽ എല്ലാവരും സന്തോഷം പ്രകടിപ്പിച്ചു. അദ്ദേഹത്തിനും ഈ കോൺഫറൻസിനായി വേണ്ടതെല്ലാം ചെയ്ത ശ്രീ തോമസ് എം. തോമസിനും, ചർച്ച മോഡറേറ്റുചെയ്ത ശ്രീ ജോസഫ് കല്ലുപുരയ്ക്കലിനും ഇതിൽ പങ്കെടുത്ത്, ചർച്ച സജീവമാക്കിയ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചുകൊണ്ടും, തുടർന്നും ഇത്തരം ടെലി കോൺഫ്രൻസുകൾ സംഘടിപ്പിക്കാൻ തീരുമാനിച്ചുകൊണ്ടും ഏതാണ്ട് രണ്ടുമണിക്കൂർ നീണ്ട ടെലി-കോൺഫറൻസ് പര്യവസാനിച്ചു.

പങ്കെടുത്തവർ: **സർവ്വശ്രീ തോമസ് എം. തോമസ്** USA **(സംഘാടകൻ), ജേക്കബ് കല്ലുപുരക്കൽ** USA **(മോഡറേറ്റർ) ഫാ. ഡേവീസ് കാച്ചപ്പിള്ളി (വിഷയാവതാരകൻ), ചാക്കോ കളരിക്കൽ** USA**, തോമസ് കൂവള്ളൂർ** USA**, പീറ്റർ തോമസ്, ജേക്കബ് വർഗീസ്** USA **(ചിക്കാഗോ), ജോസ് കല്ലിടുക്കിൽ** USA**, റെജിസ് നെടുങ്ങാടപ്പള്ളി** USA**, ജോസ് കല്ലറയ്ക്കൽ** USA**, ജോഷി മാത്യു** USA**, സക്കറിയാസ് നെടുങ്കനാൽ.**

മെത്രാൻമാരെപ്പറ്റിയുള്ള ജനകീയ വിലയിരുത്തലുകൾ

ഡോ.ജെയിംസ് കോട്ടൂരിന്റെ 'കർദ്ദിനാൾ ആലഞ്ചേരിക്കും മറ്റു മെത്രാന്മാർക്കും ഒരു കത്ത്' കഴിഞ്ഞലക്കം 'സത്യജ്വാല'യിൽ പ്രസിദ്ധീകരിച്ചിരുന്നുവല്ലോ. തുടർന്ന്, 'Dialogue or Mnolouge this' എന്ന ശീർഷകത്തിൽ മറ്റൊരു കത്തും അദ്ദേഹം അവർക്ക് അയയ്ക്കുകയുണ്ടായി. സഭാപൗരരും പുരോഹിതശ്രേണിയും തമ്മിൽ ക്രിയാത്മകമായ സംഭാഷണങ്ങൾ നടക്കേണ്ടതുണ്ടെന്നും, അതിനുള്ള വഴി തുറക്കാൻ മെത്രാന്മാർ തയ്യാറാകേണ്ടതുണ്ടെന്നും കാണിച്ച് ശ്രീ ജെയിംസ് കോട്ടൂർ മെത്രാന്മാർക്ക് എഴുതിയ ഈ കത്തുകളോടു പ്രതികരിച്ച്, 'അത്മായശബ്ദം' ബ്ലോഗിൽ വന്ന ഏതാനും കമന്റുകളാണ് താഴെ. ഇംഗ്ലീഷിൽ വന്നവ ഭാഷാന്തരം ചെയ്തിട്ടുണ്ട് -എഡിറ്റർ

Joginder Singh IPS (Former Director of CBI and a columnist in Indian Currents, Delhi)

ശക്തമായ എഴുത്ത്. യേശുവിന്റെ നാമത്തിൽ നിങ്ങൾ പറയുന്നതിനു ചെവികൊടുക്കാൻ നിങ്ങളുടെ വൈദികർക്കു സുബുദ്ധി തോന്നട്ടെ!

Sr.M.Johanna Brandstaetter SCSC (a 92 year old nun)

നിങ്ങളുടെ രാജ്യത്ത് നടക്കുന്ന ഇത്തരം കാര്യങ്ങൾ അറിയാൻ എനിക്ക് താത്പര്യമുണ്ട്. ഇപ്പോൾ എനിക്ക് ആകെ വായിക്കാൻ കിട്ടുന്നത് 'The Hindu' മാത്രമാണ്. നിങ്ങളുടെ ഗവണ്മെന്റും സഭയും പൗരന്മാരെ ബഹുമാനിക്കാൻ പഠിക്കട്ടെ എന്നുമാത്രമാണ് എന്റെ പ്രാർത്ഥന.

Chhotebhai (President, Kanpur Catholic Association; Former National President, All India Catholic Union)

ഇന്ത്യൻ മെത്രാന്മാർക്കുള്ള താങ്കളുടെ കത്ത് എനിക്കിഷ്ടപ്പെട്ടു. അതു കൈപ്പറ്റിയ ദിവസംതന്നെ ഫാ. സുഭാഷ് ആനന്ദ് യൂപി/രാജസ്ഥാൻ മെത്രാൻമാർക്കെഴുതിയ ഒരു കത്തിന്റെ പകർപ്പും എനിക്കു കിട്ടി. പോപ്പ് ഫ്രാൻസീസ് ആഗോളസഭയിൽ പ്രതീക്ഷിക്കുന്ന തരത്തിലുള്ള വ്യതിയാനങ്ങൾ ഇന്ത്യൻ സഭയിലും ഉണ്ടാകാൻ ഇങ്ങനെ ഒരേ രീതിയിൽ ചിന്തിക്കുന്നവർ സമ്മേളിക്കുന്നത് നന്നായിരിക്കും.

തോമസ് കൂവള്ളൂർ, ന്യൂയോർക്ക്

സഭാപൗരരും നേതൃത്വശ്രേണിയും തമ്മിലുള്ള വിടവിനെപ്പറ്റി ബോധവൽക്കരിക്കാൻ താങ്കൾ നടത്തുന്ന ശ്രമത്തിനു നന്ദി! സീറോ-മലബാർ സമൂഹത്തിൽ വൈദികരും തലപ്പത്തുള്ളവരും പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കുകയാണ്.

ജോസഫ് മറ്റപ്പള്ളി

ഡോ. ജെയിംസിന്റെ സദുദ്ദേശ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ഫലമണിയുകതന്നെ ചെയ്യും. ഇവിടെ സഭയിൽ എന്താണ് പ്രശ്നം എന്നു കാണുവാൻ, സഭയിലുള്ള എല്ലാവരുടെ യും തലങ്ങളിൽ നിന്നുകൊണ്ട്, അല്ലെങ്കിൽ അവരുടെ ഷൂസുകൾ ധരിച്ചുകൊണ്ട്, നോക്കേ ണ്ടതുണ്ട്. സാധാരണ മനുഷ്യരുടെയിടയിൽ എല്ലാം കണ്ടും കേട്ടും ജീവിക്കുന്ന എന്നെപ്പോ ലുള്ളവർ കാണുന്നതായിരിക്കണമെന്നില്ല ഒരു മെത്രാൻ കാണുന്നത്. എന്റെ പോരായ്മകൾ മറകൂടാതെ ചൂണ്ടിക്കാണിക്കാൻ എനിക്കൊരു ഭാര്യയെ ദൈവം തന്നിട്ടുണ്ട്. പലർക്കും അങ്ങനെ യൊരു സ്വകാര്യതിരുത്തൽകേന്ദ്രം ഇല്ലായെന്ന താണ് പ്രശ്നം. രാജാവിന് ഉടുതുണിയില്ലായെന്നു പറയുവാൻ ആരും തുനിഞ്ഞില്ല, ഒരു ബാലനൊഴിച്ച്.

ശ്രീ ജോസഫ് പുലിക്കുന്നേലുമായുള്ള ഒരു സൗഹൃദസംഭാഷണത്തിൽ അദ്ദേഹം പറഞ്ഞതു ഞാനിപ്പോഴും ഓർമ്മിക്കുന്നു: 'ജോസഫേ, സ്നേഹത്തിൽ അധികാരവുമില്ല, അധികാരത്തിൽ സ്നേഹവുമില്ല.' ഇവിടെ അഭിഷിക്തരും അഭിഷ പ്തരും എന്നിങ്ങനെ രണ്ടു വിഭാഗമാണുള്ളത്. രണ്ടും ഒരേ പാതയിലല്ല പോകുന്നത്. മോരും മുതിരയുംപോലെ ഒരിക്കലും കൂടിച്ചേരാത്ത ഒരു ചേരുവയാണത്. സ്നേഹത്തിൽ ഞാനും നീയും

ഇല്ല; ഓരോന്നും സ്വയം ഇല്ലാതാവുകയാണ് ചെയ്യുന്നത്. അങ്ങനെയൊരു സ്നേഹം ഇവിടെ പുനർജനിക്കുമ്പോഴേ യേശുവും പുനർജനിക്കുന്നുള്ളൂ. അത്തരം ഒരു സ്നേഹത്തിനുമാത്രമേ പ്രശ്നങ്ങളെയും അലിയിപ്പിക്കാൻ ശേഷിയുള്ളൂ. അതാണ് നമുക്കുവേണ്ടത്. എന്നാൽ, ഒരു മെത്രാന്റെ കണ്ണിൽക്കൂടി നോക്കിയാൽ എല്ലാം ഭദ്രം. അടിസ്ഥാനപരമായ ക്രൈസ്തവസന്ദേശങ്ങളിൽനിന്നും വ്യതിചലിക്കുന്ന യാതൊന്നും നാം സ്വീകരിക്കരുത്. ക്രൈസ്തവികതയിലേക്കുള്ള ഒരു മടക്കത്തിനു തുടക്കമാവട്ടെ ഈ സംരംഭം. എല്ലാ ആശംസകളും!

സക്കറിയാസ് നെടുങ്കനാൽ

അനങ്ങാപ്പാറകളായ ഇത്തരം ഇടയന്മാരെ ഉപേക്ഷിക്കുകയാണ് അജഗണം ചെയ്യേണ്ടത്. തന്റെ സർവ്വാധിപത്യം ചുറ്റുപാടുകളിൽ സോളമൻ ചക്രവർത്തിപോലും ജനങ്ങളുടെ രോദനങ്ങൾക്കു പരിഹാരംകാണാൻ സമയം കണ്ടെത്തിയിരുന്നു. സഭ ചുമക്കുന്ന കൂലിയില്ലാച്ചുമടാണ്, നമ്മുടെ മെത്രാന്മാർ. പണത്തിലും സ്വന്തം ക്ഷേമത്തിലുംമാത്രം കണ്ണുള്ള ഈ പരോപജീവികളെ സഭാവൃക്ഷത്തിൽനിന്നു വെട്ടി ദൂരെക്കളയേണ്ട സമയമായി.

'ഇക്കാര്യങ്ങളിൽ യേശുവാണ് നമ്മുടെ മാതൃക.' പറയുന്നത് പുത്തൂർ മെത്രാനാണ്. അതേ ശ്വാസത്തിൽ അങ്ങേരു കൂട്ടിച്ചേർക്കുന്നത്, 'ഞങ്ങൾ മെത്രാന്മാർക്ക് പൗരസ്ത്യ സഭകളുടെ കാനൻ നിയമങ്ങൾ അനുസരിക്കേണ്ടതുണ്ട്' എന്നാണ്! ഇവ രണ്ടും ഒത്തുപോകില്ലെന്ന് ഏതു പൊട്ടനും അറിയേണ്ടതാണ്. ഇത്തരം വിവരദോഷികളെ അവഗണിക്കുക എന്നതുമാത്രമേ ഇനി സഭാപൗരർ ചെയ്യേണ്ടതുള്ളൂ. കാരണം, എത്രകാലമായി ഇവർ ഉറകെട്ട ഉപ്പായിത്തീർന്നിരിക്കുന്നു.

'എനിക്ക് താങ്കളിൽനിന്നു കിട്ടിയ വിവരങ്ങൾ ഞാൻ എന്റെ സഹമെത്രാന്മാരെ അറിയിക്കാം' എന്നൊരു വാക്ക് ബിഷപ് പുത്തൂരിൽനിന്നു വന്നിരുന്നെങ്കിൽ അതൊരു നല്ല സൂചനയായി കരുതാമായിരുന്നു.

ജോ മുല്ലപ്പള്ളിൽ

ഒരു കത്തിന് മറുപടി കൊടുക്കാനുള്ള മര്യാദപോലും പഠിച്ചിട്ടില്ലാത്ത സീറോ-മലബാർ മെത്രാന്മാരെ നന്നാക്കാൻ നമ്മുടെ പോപ്പിന് ത്രാണിയുണ്ടാകട്ടെ എന്നാണ് എന്റെ പ്രാർത്ഥന!

ജോയി പോൾ പുതുശ്ശേരി

വിശ്വാസികൾക്കു മറുപടി കൊടുക്കുക മെത്രാന്മാരുടെ വഴക്കമല്ല. ഇന്ത്യൻ പ്രസിഡന്റിനെഴുതിയാലും ഒരുത്തരം പ്രതീക്ഷിക്കാം. എനിക്കനുഭവമുണ്ട്. എന്നാൽ മെത്രാന്മാർ അത്രയങ്ങു താഴില്ല. മാർ ആലഞ്ചേരിക്കു ഞാൻ രണ്ടു കത്തുകൾ വിട്ടു. എത്ര രൂക്ഷമായി എഴുതിയാലും ഫലമില്ല. ഇതെന്തൊരു വർഗ്ഗമാണോ!

റവ.ഡോ.ജോസഫ് മറ്റം

താങ്കൾ ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങൾ കാലികവും വളരെ പ്രസക്തവുമാണ്. സമാനമനസ്കരുടെ ഒരു വേദിയിൽ ഇവ പരസ്യചർച്ചയ്ക്കു വിധേയമാക്കേണ്ടതുണ്ട്. നമ്മുടെ പോപ്പിനെ ശ്രവിക്കാൻ ഇവിടുത്തെ മെത്രാന്മാർക്കു ഭയമാണ്. നേടിയതെല്ലാം കൈവിട്ടുപോകുമെന്ന ഭയം. മരണംവരെ ഇവരെ ചെറുത്തുനിൽക്കാൻ നിങ്ങൾക്കു ധൈര്യം ആശംസിക്കുന്നു.

കുര്യൻ എം.ജെ.

നീണ്ട കാലത്തെ ശീലംകൊണ്ടാണ് മെത്രാന്മാർ കണ്ണില്ലാത്തവരും ചെവിയില്ലാത്തവരുമായി ഇങ്ങനെ പെരുമാറുന്നത്. കൊളോണിയൽ മേൽക്കോയ്മയുടെ ഭാഗമാണിത്. പോർട്ടുഗീസ് മെത്രാന്മാർ ഇത്തരക്കാരായിരുന്നു. ഒരു മാറ്റം വരണമെങ്കിൽ കെജ്രിവാൾ മോഡൽ 'ആം ആദ്മി' സംഘടനകൾ സഭയിലും ഉണ്ടാവണം.

ജോസ് കല്ലിടുക്കിൽ, ചിക്കാഗോ

സത്യവും നീതിയും മറന്ന നമ്മുടെ മെത്രാന്മാരുടെ കൈയിൽ നമ്മുടെ ചോദ്യങ്ങൾക്ക് ഉത്തരമില്ല എന്നതു വ്യക്തമാണ്. അതുകൊണ്ടാണവർ തിരിച്ചെഴുതാത്തത്. എന്നാൽ ഈ സ്ഥിതിവിശേഷം മാറും. കോട്ടയം രൂപതയുടെ കടുംപിടുത്തങ്ങളും മാറും. അതിനുള്ള നീക്കങ്ങളാണ് പോപ് ഫ്രാൻസീസിൽ നിന്നുണ്ടാകുന്നത്. മാർ ആലഞ്ചേരിയിൽ മാറ്റങ്ങൾ കാണുന്നുണ്ട്.

തെരേസാ മനയത്ത്

ഡോ. കോട്ടൂരിന് കിട്ടിയ ബിഷപ് പുത്തൂരിന്റെ മെയിലിൽ നിന്ന്: "That is what Pope Francis is trying to do and asking us to do. I hope that many of us will be inspired by his life and teachings." യേശുവിന്റെ വഴിയിലൂടെ നടക്കേണ്ടതിനു പോപ്പ് ഫ്രാൻസീസ് നല്കിക്കൊണ്ടിരിക്കുന്ന മാതൃകയെപ്പറ്റിയാണ് ഈ മെത്രാൻ എഴുതുന്നത്. അദ്ദേഹത്തിന്റെ മനസ്സിലെ പൊള്ളത്തരമാണ് ഈ വാക്യത്തിലൂടെ പുറത്തു വരുന്നത്. ഇക്കണ്ട കാലമെല്ലാം ഇവർക്ക് ഈ inspiration ഇല്ലായിരുന്നുപോലും! ഈ ഒരു പോപ്പ് വന്നതുകൊണ്ട് മാത്രമാണോ അവർക്കിപ്പോൾ യേശുവിന്റെ വഴിയെപ്പറ്റി ചിന്തിക്കാൻ ഒരവസരമുണ്ടായത്? അപ്പോൾ, ഇത്രയും കാലം ഇവരുടെ പണി എന്തായിരുന്നു?സുവിശേഷം ഇവരുടെ കൈയിലില്ലായിരുന്നോ? ഒരു ഫ്രാൻസീസ് വന്നപ്പോൾ മാത്രമാണോ അതിലെ ഉള്ളടക്കം അവർക്ക് പിടികിട്ടിയത്? ചുമ്മാ പടാച്ചുപറയാതെ മെത്രാനേ.

ജോസഫ് പടന്നമാക്കൽ, ന്യൂയോർക്ക്

കത്തയച്ചാൽ മറുപടി കിട്ടാത്തതിന്റെ പിന്നിൽ, സഭയ്ക്കുള്ളിൽ ശക്തമായ ഉൾപ്പോരുകളുണ്ടെന്നു വേണം കരുതാൻ. ആരെങ്കിലും മറുപടിയയച്ചാൽ

മെത്രാന്റെ പാത്രത്തിനുള്ളിലും കടികൂടുന്ന മനുഷ്യജന്മങ്ങളുണ്ട്. പഴമയെ മുറുകെപ്പിടിച്ച് മാറ്റത്തെ തകിടം മറിക്കുന്ന ജോൺപോൾ രണ്ടാമൻമാർ സഭയ്ക്കുള്ളിൽ തിങ്ങിനിറഞ്ഞിരിപ്പുണ്ട്. അവരുടെ കരണത്തിനിട്ട് ചെറിയ ഒരു അടിയെങ്കിലും കൊടുക്കാൻ ഡോക്ടർ കോട്ടൂരിനു സാധിച്ചതിൽ അഭിനന്ദിക്കുന്നു. കുശാഗ്രബുദ്ധിക്കാരായ ഒരു കൂട്ടം മനുഷ്യർ സഭയെ ഭരിക്കുന്ന കാലത്തോളം മറുപടി പ്രതീക്ഷിക്കേണ്ടാ. ചോദ്യങ്ങൾക്കുത്തരം പറയാൻ കഴിയാത്തത് അവരുടെ ബലഹീനത വിളിച്ചോതുന്നു.

ജോസാന്റണി

പൗരസ്ത്യ കാനോൻ നിയമത്തോടുള്ള ബോസ്കോ പുത്തൂർ മെത്രാന്റെ വിധേയത്വത്തിന്റെ പൊള്ളത്തരം വ്യക്തമാക്കാൻ 1997 ജൂലൈ മാസത്തെ ഓശാന മാസികയിൽ ശ്രീ ജോസഫ് പുലിക്കുന്നേൽ പ്രസിദ്ധീകരിച്ച 'പൗരസ്ത്യകാനോൻ നിയമം നസ്രാണിസഭയ്ക്കു ബാധകമല്ല' എന്ന ലേഖനത്തിൽനിന്ന് ഒരു ഭാഗം (പേജ്, 181-183) ഉദ്ധരിക്കട്ടെ: ഈ ലേഖനത്തിലെ വാദങ്ങൾക്ക് ഇതുവരെ ഒരു സഭാചരിത്രകാരനും ദൈവശാസ്ത്രജ്ഞനും മെത്രാനും യുക്തിസഹമായ മറുപടി പറഞ്ഞിട്ടില്ല.

"1992-ൽ കേരളസഭയിൽ പൗരസ്ത്യകാനോൻ നിയമം മാർപ്പാപ്പാ നടപ്പാക്കി എന്നു വാദിച്ചുകൊണ്ടാണല്ലോ നമ്മുടെ മെത്രാന്മാരുടെയും 'ദൈവശാസ്ത്രജ്ഞ'ന്മാരുടെയും നീക്കം. എന്നാൽ, പൗരസ്ത്യകാനോൻനിയമം നടപ്പിൽ വന്നതായി പ്രഖ്യാപിച്ചുകൊണ്ട് മാർപ്പാപ്പ പുറപ്പെടുവിച്ച കല്പനയിൽ, ഈ നിയമം നസ്രാണിസഭയെ ബാധിക്കും എന്നു പറഞ്ഞിട്ടില്ല.മാർപ്പാപ്പായുടെ പ്രഖ്യാപനത്തിന്റെ ഒരു ഭാഗം താഴെ ചേർക്കുന്നു. ഈ ഭാഗം വടവാതൂർ സെമിനാരിയിൽനിന്നും പ്രസിദ്ധീകരിച്ച 'Code of the Eastern Canon Law' എന്ന ഗ്രന്ഥത്തിൽ ആമുഖമായികൊടുത്തിരിക്കുന്നു: 'In a wondrous varitey of rites, that is in the liturgical, theological, spiritual and disciplinary ptarimony of the individual Churches, which from venerable traditions take their origin from Alexandria, Antioch, Armenia, Chaldea and Constantinople, the sacred canons deservedly are considered to be clearly a conspicuous part of this same ptarimony, which constitutes a single and common foundation of canons for ordering all of the Chrurches.'('ആരാധനാപരവും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവും ശിക്ഷണപരവുമായ അഭൂതപൂർവ്വമായ വൈവിദ്ധ്യമുള്ള റീത്തുകളായ വ്യക്തിസഭകൾ അലക്സാൻഡ്രിയ,അന്ത്യോക്യാ, അർമീനിയാ, കൽദായ, കോൺസ്റ്റാന്റിനോപ്പിൾ എന്നീ ബഹുമാനിത പാരമ്പര്യങ്ങളിൽ നിന്നുത്ഭവിച്ചതാണ്. ഈ വിശുദ്ധ കാനോനകൾ ഏകമായ ഈ പൈതൃകത്തിന്റെ ഒരു പ്രധാനപ്പെട്ട ഭാഗമായി കണക്കാക്കേണ്ടതാണ്. സഭകളുടെയെല്ലാം ഏകവും പൊതുവുമായുള്ള അടിസ്ഥാനനിയമമായി ഇതിനെ കണക്കാക്കേണ്ടതാണ്" (തർജ്ജമ സ്വന്തം).

ഒരു പൊതുപൈതൃകത്തിന്റെ അടിസ്ഥാനമുള്ളതും, ആരാധനാപരവും ദൈവശാസ്ത്രപരവും ആദ്ധ്യാത്മികവും ശിക്ഷണക്രമപരവുമായി വൈവിദ്ധ്യങ്ങൾ പുലർത്തുന്നവയുമായ അലക്സാൻഡ്രിയ, അന്ത്യോക്യ, അർമേനിയ, കൽദായ, കോൺസ്റ്റാന്റിനോപ്പിൾ എന്നീസഭകളിൽനിന്നും ഉൽഭവിച്ച സഭകൾക്കു മാത്രമേ പൗരസ്ത്യ കാനോൻ നിയമം ബാധകമാകുകയുള്ളൂ എന്നാണ് മാർപ്പാപ്പാ ഇവിടെ വ്യക്തമാക്കുന്നത്. അതായത് കേരളസഭയ്ക്ക് ഈ കാനാൻ നിയമം ബാധകമല്ലതന്നെ. ●

'സി.ബി.സി.ഐ. അഗാപ്പേ!'

'നീ ഒരു സദ്യ നടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും' എന്ന യേശുവിന്റെ വാക്കുകളനുസരിച്ച്, ഫെബ്രുവരി 10-ാം തീയതി 200-ഓളം അശരണർക്ക് ഇന്ത്യയിലെ മുഴുവൻ മെത്രാൻമാരോടുംകൂടി അത്താഴവിരുന്നു കഴിക്കാൻ സി.ബി.സി.ഐ. അവസരമൊരുക്കി.- വാർത്ത.

-കാണാതെകിടന്ന ഈ ബൈബിൾവാക്യം ഇപ്പോഴെങ്കിലും മെത്രാന്മാർ കണ്ടെത്തിയതു നന്നായി- എല്ലാ ദിവസവും സദ്യനടത്തുന്ന അരമനകളിൽ ഇനിയെന്നും അശരണർക്കും അഗതികൾക്കും ഇടമുണ്ടാകുമല്ലോ! പുത്തൻകുർബാനകളും, പൗരോഹിത്യരജത, സുവർണ്ണ, വജ്രജൂബിലികളുമെല്ലാം ഇനിയങ്ങോട്ട് ദരിദ്രർക്കു സദ്യയുണ്ണാനവസരമാകുമല്ലോ എന്നോർക്കുമ്പോൾ ഏതൊരു ക്രൈസ്തവനും രോമാഞ്ചം കൊള്ളുകതന്നെ ചെയ്യും.

പിന്നെ യേശുവിന്റെ, 'നിന്റെ ഇടതുകൈ ചെയ്യുന്നത് വലതുകൈ അറിയാതിരിക്കട്ടെ' എന്ന വാക്യം ബിഷപ്പുമാർ ഇതുവരെ കണ്ടെത്തിയിട്ടില്ലാത്തതുകൊണ്ടാകാം, ഈ അഗാപ്പേയെക്കുറിച്ച് ഇത്രയേറെ പെരുമ്പറ മുഴക്കി ഓരോ പത്രത്തിലും കൊട്ടിഘോഷിച്ചത്.

മറ്റൊരു സംശയം, ഇത്രവലിയ ഒരു അഗാപ്പേ നടത്തിയിട്ടും ഏതെങ്കിലും ഒരു മെത്രാന്റെ പോക്കറ്റിൽനിന്ന് ഒരു രൂപയെങ്കിലും ചെലവായോ എന്നതാണ്.

വേണം, സഭയിലുമൊരു 'ആം ആദ്മി തരംഗം'

ഫാ. ഡേവീസ് കാച്ചപ്പിള്ളി

'ആം ആദ്മി' തരംഗമാണ് ഇപ്പോൾ ഇന്ത്യയിലെ എല്ലാ മാധ്യമങ്ങളിലും കാണുന്നത്. നാലാം നൂറ്റാണ്ടുവരെയുള്ള കത്തോലിക്കാസഭയിലും 'ആം ആദ്മി' തരംഗമായിരുന്നു ഉണ്ടായിരുന്നത്. യേശുവിന്റെ തുടർച്ചയായിരുന്നു പ്രസ്തുത തരംഗം. നാലാം നൂറ്റാണ്ടിലെ കോൺസ്റ്റന്റൈൻ കാലം മുതൽ സഭ സമ്പന്നമായി, അധികാരിപരമായി. സമ്പത്തും അധികാരവും ചേർന്ന് 'ആം ആദ്മി സഭ'യെ ആനപ്പുറത്തിരുത്തി. യേശുവിന്റെ ലാളിത്യവും സ്നേഹവും സത്യവും നീതിയും ക്രമേണ അപ്രത്യക്ഷമായി. ഈ വസ്തുത 1959-ൽ അന്നത്തെ മാർപ്പാപ്പായായിരുന്ന ഇരുപത്തിമൂന്നാം യോഹന്നാൻ മാർപ്പാപ്പാ മനസ്സിലാക്കി. അതിന്റെ ഫലമായിരുന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ. സഭയെ യേശുവിന്റെയും സുവിശേഷത്തിന്റെയും ആദർശങ്ങളിലും, ആദിമസഭയുടെ കൂട്ടായ്മയിലും നവീകരിക്കുക എന്നതാണ് കൗൺസിലിലൂടെ മാർപ്പാപ്പാ ലക്ഷ്യംവച്ചത്. എന്നാൽ കൗൺസിലിനുശേഷം 50 വർഷം പിന്നിട്ടിട്ടും ലക്ഷ്യങ്ങൾ നടപ്പായില്ല. തന്മൂലം, ദൈവം ശക്തനായ ഫ്രാൻസീസ് പാപ്പായെ അയച്ചിരിക്കയാണ്. യേശുവിന്റെ തനിമയും, ഫ്രാൻസീസ് അസ്സീസ്സിയുടെ ആർജ്ജവത്വവും, ആദിമസഭയുടെ കൂട്ടായ്മാമനോഭാവവും, സുവിശേഷ മൂല്യങ്ങളും കൈമുതലാക്കിയ മാർപ്പാപ്പാ അരയും തലയും മുറുക്കിയാണ് സഭാനവീകരണത്തിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ പത്തുമാസത്തെ പാപ്പായുടെ ഭരണശൃംഖല അതാണു തെളിയിക്കുന്നത്. സഭാനവീകരണപ്രവാചകനായാണ് അദ്ദേഹം അറിയപ്പെടുന്നത്. വാക്കുകളേക്കാൾ പതിന്മടങ്ങ് ശക്തമാണ് പാപ്പാ

യുടെ മാതൃകകൾ. അദ്ദേഹത്തിന്റെ സഭാനവീകരണപ്രബോധനങ്ങളും ജീവിതശൈലികളും അനുകരിക്കാനായാൽ സഭ കാലവിളംബമെന്യേ നവീകരിക്കപ്പെടുമെന്ന് ഉറപ്പാണ്. അദ്ദേഹത്തെ അനുകരിക്കാൻ സഭാമക്കൾ തയ്യാറാകണം എന്നു മാത്രം.

രാഷ്ട്രീയത്തിലെ 'ആം ആദ്മി' തരംഗം രാഷ്ട്രീയനേതാക്കളെ അധികാരത്തിന്റെയും ആർഭാടങ്ങളുടെയും ആനപ്പുറത്തുനിന്നിറക്കി 'ആം ആദ്മി'യാക്കി മാറ്റിയതിന്റെ തെളിവുകൾ ജനുവരി 13-ലെ മാതൃഭൂമി ഇപ്രകാരം അവതരിപ്പിക്കുന്നു: *"രാജസ്ഥാൻ മുഖ്യമന്ത്രി തന്റെ ഔദ്യോഗികവസതിയിലേക്ക് താമസം മാറ്റുന്നില്ല. ആഡംബരം കുറഞ്ഞ ബംഗ്ലാവിൽ താമസിക്കുന്നു. അകമ്പടിക്കാരുടെ എണ്ണം കുറച്ചു. 20 കാറുകളുടെ അകമ്പടിയോടെ സഞ്ചരിച്ചിരുന്ന ഉത്തർപ്രദേശ് മുഖ്യമന്ത്രി കഴിഞ്ഞ ദിവസം നാല് കാറുകളുടെ അകമ്പടി മതിയെന്ന് തീരുമാനിച്ചു. കൂടുതൽ കൂടുതൽ ലാളിത്യം സ്വീകരിക്കാൻ മുഖ്യമന്ത്രിമാർ മത്സരിക്കുകയാണ്. കാറിനുമുകളിൽ തിരിയുന്ന ചുവന്ന ലൈറ്റും സൈറനും ജാർഖണ്ഡ് മുഖ്യമന്ത്രി ഒഴിവാക്കി. മുഖ്യമന്ത്രിയും മന്ത്രിമാരും കാൽനടയായാണ് സെക്രട്ടറിയേറ്റിൽ എത്തിയത്. ഛത്തീസ്ഗഡ് മുഖ്യമന്ത്രി തനിക്കും മന്ത്രിമാർക്കും മേലിൽ ബഹുമാനസൂചകമായ ഗൺ സല്യൂട്ട് വേണ്ടെന്ന് തീരുമാനിച്ചു. ലളിതമായി ജീവിക്കാൻ അധികാരികൾ ആവേശം കാണിക്കുകയാണ്. ഭരണച്ചെലവുകളും ആർഭാടങ്ങളും കുറയ്ക്കാൻ ഇനിയും ഏറെ മുഖ്യന്മാർ മുന്നോട്ടുവന്നേക്കും. ചുരുക്കത്തിൽ, എല്ലാവരും 'ആം ആദ്മി'യായി മാറാൻ പ്രേരിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഡൽഹിയിലെ 'ആം ആദ്മി' മുഖ്യമന്ത്രി സാധാരണക്കാർക്കു വേണ്ടിയുള്ള മുഖ്യമന്ത്രിയാണെന്ന് തന്റെ തിരക്കിട്ട അനുദിനജനസമ്പർക്കപരിപാടികളിലൂടെ തെളിയിച്ചുകൊണ്ടിരിക്കുകയാണ്".*

അധികാരികൾ 'ആം ആദ്മി'യായി മാറിക്കൊണ്ടിരിക്കുന്ന ഇപ്പോഴത്തെ അതേ ലളിതജീവിതശൈലിയാണല്ലോ, അതിനുമുമ്പേ 2013 മാർച്ച് 19 മുതൽ, ഫ്രാൻസീസ് മാർപ്പാപ്പായിൽ ലോകവും സഭയും കണ്ടുകൊണ്ടിരിക്കുന്നത്. ഫ്രാൻസീസ് മാർപ്പാപ്പായുടെ ലാളിത്യശൈലിയല്ലേ, ഡൽഹിയിൽ 'ആം ആദ്മി' പാർട്ടിക്ക് പ്രചോദനമായതെന്നുകൂടി ചിന്തിക്കാവുന്നതാണ്. എന്നാൽ മാർപ്പാപ്പായുടെ ജീവിതലാളിത്യ ആഹ്വാനങ്ങളും ശൈലികളും ആഗോളസഭയിലും കേരളസഭയിലും സീറോ-മലബാർ സഭയിലും അംഗീകരിക്കാനും സ്വീകരിക്കാനും അനുകരിക്കാനുമുള്ള മത്സരം തുടങ്ങിയിട്ടില്ല. മേജർ ആർച്ചുബിഷപ്പ് കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി ഒരിക്കൽ പൊതുവാഹനത്തിലും മറ്റൊരിക്കൽ ഓട്ടോറിക്ഷയിലും സഞ്ചരിച്ചതായി കണ്ടു. അദ്ദേഹത്തിന്റെ വിജ്ഞാപനങ്ങളുടെ അടിയിൽ പേരിനുമുമ്പിൽ ബഹുമാനസൂചകമായ 'മാർ' എന്ന പദം ഉപയോഗിക്കാതെ, 'കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി' എന്നാണ് എഴുതുന്നത്. അതൊരു നല്ല തുടക്കമാണ്. പക്ഷേ, അദ്ദേഹത്തിനു പിൻഗാമികൾ ഉണ്ടായിട്ടില്ല. സഭയിലെ ആദ്ധ്യാത്മികശുശ്രൂഷകർ വിശ്വാസികൾക്കുവേണ്ടിയുള്ളവരാണ്. തന്മൂലം, വിശ്വാസികളുടെ ആവശ്യങ്ങളും പ്രശ്നങ്ങളും ഡൽഹി മുഖ്യമന്ത്രിയെപ്പോലെയും ഫ്രാൻസീസ് പാപ്പായെപ്പോലെയും എത്രയും വേഗം പരിഹരിക്കണമെന്നു നിർബന്ധമുള്ളവരാകണം, അവർ. യാത്രയ്ക്ക് ഒരുങ്ങിയ വേളയിൽ കുമ്പസാരം കേൾക്കാൻ തയ്യാറായ മാർപ്പാപ്പായുടെ 'കർദ്ദിനാൾ മാതൃക'നാം ഓർക്കേണ്ടതാണ്. രാഷ്ട്രീയാധികാരികളെ അതിലംഘിക്കുന്ന രീതിയിൽ ജനസമ്പർക്ക പരിപാടികൾ മത്സരബുദ്ധിയോടെ സഭാശുശ്രൂഷകർ ആരംഭിക്കേണ്ടിയിരിക്കുന്നു. മാർപ്പായുടേതുപോലുള്ള ജീവിതലാളിത്യശൈലികൾ സ്വീകരിക്കാനും, സുഖസൗകര്യങ്ങൾ വെട്ടിച്ചുരുക്കാനും, അധികാരമേധാവിത്വം കൈവെടിഞ്ഞ് സേവനതല്പരത കൈമുതലാക്കാനും അവർ തയ്യാറാകേണ്ടിയിരിക്കുന്നു. വിശ്വാസികൾക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം. മാർപ്പാപ്പാ പറയുന്നതുപോലെ മെത്രാന്മാരും വൈദികരും സന്യസ്തരും അല്മായരും ഒരുമിച്ചിരുന്ന് തീരുമാനങ്ങൾ എടുത്ത് ഒറ്റക്കെട്ടായി മുന്നേറുന്ന സഭയാകണം ഇരുപത്തൊന്നാം നൂറ്റാണ്ടിലെ സഭ. ഇനിയെങ്കിലും നമുക്ക് ആഡംബര കാറുകളും 'അരമന'വാസങ്ങളും, രാജകീയകിരീടങ്ങളും ഒഴിവാക്കാം, വേദനിക്കുന്ന മനുഷ്യനെ കാണാൻ മാർപ്പാപ്പാ കർദ്ദിനാളായിരുന്നപ്പോൾ ചെയ്തതുപോലെ ആഡംബരമാല പോക്കറ്റിലിട്ട് സാധാരണ വൈദികനെപ്പോലെ ദരിദ്രരുടെയും അവശരുടെയും വേദനിക്കുന്നവരുടെയും അടുക്കലേക്ക് കടന്നുചെല്ലാം. പല സ്തീനായിൽ ഉടനീളം പാവപ്പെട്ട മുക്കുവരോടൊപ്പം നന്മചെയ്തു കടന്നുപോയ യേശുവിനെ ഇന്നത്തെ വൈദികരിലും സന്യസ്തരിലും മെത്രാന്മാരിലും വിശ്വാസികൾ കേരളത്തിലുടനീളം കാണട്ടെ! സഭാനവീകരണതരംഗം അലയടിക്കട്ടെ! സഭ നവീകരിക്കപ്പെട്ടതാകും.

സഭാധികാരികളും മറ്റ് വിശ്വാസികളും മാർപ്പാപ്പായെപ്പോലെയും യേശുവിനെപ്പോലെയും ആദിമസഭയെപ്പോലെയും 'ആം ആദ്മി'യായി മാറേണ്ടിയിരിക്കുന്നു. സഭയുടെ നവസുവിശേഷപ്രവാചകദൗത്യവും അതാണല്ലോ.

ഫോൺ : 9497179433

ശ്രീ. ജോസഫ് പുലിക്കുന്നേലിന്റെ സ്ഥിരം പംക്തി 'സത്യജ്വാല'യിൽ!

2014 മാർച്ച് ലക്കം മുതൽ ശ്രീ. ജോസഫ് പുലിക്കുന്നേൽ സത്യജ്വാല മാസികയിൽ സ്ഥിരമായി എഴുതുന്നതാണ് എന്ന് മാന്യ വായനക്കാരെ സന്തോഷപൂർവ്വം അറിയിക്കുന്നു. -എഡിറ്റർ

ഇതാ ഒരു മാതൃക

ജോസഫ് മറ്റപ്പള്ളി

സ്ഥലം ഒരു റെയിൽവേ പ്ലാറ്റ്ഫോം. ഉറങ്ങുന്നത് ഒരു സ്ത്രീ. ഒരുപക്ഷേ, ഇത്തരം അനേകം വഴിയോരക്കാഴ്ചകൾ നാം കണ്ടിട്ടുണ്ടാവാം. അപ്പോൾ ഇതിലെന്തു പ്രത്യേകതയെന്നു ചോദിക്കാം. ഉണ്ട്, പ്രത്യേകതകളേയുള്ളൂ. 2007-ലും 2008-ലും 'വനിതാ വുമൺ ഓഫ് ദി ഇയർ' പുരസ്കാരം വാങ്ങിയ സ്ത്രീയാണിത്. ഈ അവാർഡ്, ഒരു തട്ടുകട അവാർഡ് ആണെന്നു കരുതിയാൽ തെറ്റി- അതു കൊടുത്തത് 'ദി ഹിന്ദു' ഗ്രൂപ്പ് ആണ്. 'വിജിൽ ഇന്ത്യ'യുടെ 'ഹ്യൂമൻ റൈറ്റ്സ് അവാർഡും' ഈ സ്ത്രീക്കു കിട്ടിയിട്ടുണ്ട്. 'അസ്സോസിയേഷൻ ഓഫ് ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സോഷ്യൽ കൺസേ'ണിന്റെ വകയാണത്. ഇതൊന്നും കൂടാതെ, 'അയോദ്ധ്യ രാമായൺ ട്രസ്റ്റി'ന്റെ 'ജനനീ ജാഗൃതീ അവാർഡ്,' മലയാള മനോരമയുടെ 'വനിതാ അവാർഡ്,' സ്വിറ്റ്സർലന്റ് 'കേളി വുമൺ ഓഫ് ദി ഇയർ അവാർഡ്,' കേരളത്തിൽ നിന്നും 'സുരേന്ദ്രനാഥ് ട്രസ്റ്റ് അവാർഡ്,' 'ധർമ്മഭാരതി ദേശീയ അവാർഡ്,' 'ദി സ്പിരിറ്റ് ഓഫ് അസ്സീസി അവാർഡ്' എന്നിവയും ഈ സ്ത്രീക്കു കിട്ടിയിട്ടുണ്ട് (ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പാ അസ്സീസി സന്ദർശിച്ചപ്പോൾ സ്ഥാപിച്ച ഈ അവാർഡ് ഫ്രാൻസിസ്കൻ സഭാവിഭാഗമാണ് സമ്മാനിക്കുന്നത്). 'പി.കെ.എ റഹിം സ്മാരക അവാർഡും' ഈ സ്ത്രീക്കു കിട്ടിയിട്ടുണ്ട്. ഈ സ്ത്രീയുടെ ജീവചരിത്രം ശ്രീ. വിത്സൺ ഐസക് എഴുതിയത് ഡി സി ബുക്സ് പുറത്തിറക്കിയിട്ടുമുണ്ട്.

ഹിന്ദുവും മുസൽമാനും സാമൂഹികസംഘടനകളും ഒരുപോലെ അംഗീകരിക്കുന്ന ഈ സ്ത്രീയുടെ ചുരുണ്ടുകൂടിയുള്ള കിടപ്പുകണ്ടിട്ട് ആർക്കെങ്കിലും പന്തികേടു തോന്നുന്നുണ്ടോ? ഉണ്ടെങ്കിൽ ക്ഷമിക്കുക; സോഷ്യോളജിയിലും നിയമത്തിലും ബിരുദാനന്തരബിരുദം നേടിയ സ്ത്രീയാണിത്. മദ്ധ്യപ്രദേശിലെ ചിൻവാടാ ജില്ലയിൽ ഗോത്രവർഗ്ഗക്കാരുടെ ഇടയിൽ കഴിഞ്ഞ 31 വർഷമായി കഴിയുന്ന, അവരുടെ മനുഷ്യാവകാശങ്ങൾക്കുവേണ്ടി പൊരുതിയ, അവരുടെ ജീവിതരീതി മാറ്റിമറിച്ച ഒരു കർഷകവനിതയുമാണ് ഈ സ്ത്രീ. അവരുടെ ജീവിതകാലം മുഴുവൻ പകലന്തിയോളം കൂലിക്കു പണിയെടുക്കുകയും, സ്വയം പാചകം ചെയ്യുകയും ആദിവാസികളുടെ കുടിലുകളുടെ വരാന്തയിൽ അന്തിയുറങ്ങുകയും ചെയ്ത ഈ സ്ത്രീയെ ദയാഭായി എന്നല്ലാതെ എന്താണു വിളിക്കുക? ഇടവേളകളിൽ തൊട്ടടുത്ത സ്കൂളിൽ പഠിപ്പിക്കാനും പോകും, ദയാഭായി. ഇന്ന് ആ ഗോത്രം ഒരു അവസ്ഥാന്തരത്തിലൂടെയാണു കടന്നുപോവുന്നതെങ്കിൽ, അതിനു അവർ ഈ സ്ത്രീയോടു കടപ്പെട്ടിരിക്കുന്നു. പ്രസവിച്ചിട്ടില്ലെങ്കിലും ഒരു ഗോത്രത്തിന്റെ മുഴുവൻ അമ്മയാകാൻ ഈ സ്ത്രീക്കു കഴിഞ്ഞു.

അവിടുത്തെ ഊഷരഭൂമികൾ ജൈവകൃഷിയിലൂടെ അവർ ഫലഭൂയിഷ്ഠമാക്കി; പാവങ്ങളെ ജന്മികളുടെ ചൂഷണത്തിൽനിന്നു മോചിപ്പിക്കാൻ അവർക്കു കഴിഞ്ഞു; ആദിവാസികൾക്കുവേണ്ടി ഒരു സ്കൂൾതന്നെ അവർ തുടങ്ങി. ഒരുപാട് കടമ്പകൾക്കുശേഷം അവസാനമത് സർക്കാർ ഏറ്റെടുത്തു. വികസനത്തോടുള്ള സർക്കാരിന്റെ ഈ മനോഭാവം ആയിരിക്കണം, ഒരു സർക്കാർ അവാർഡും സ്വീകരിക്കില്ലെന്നു അവർ പ്രഖ്യാപിക്കാനുള്ള കാരണവും. 'ഹിന്ദു യൂത്ത് കൗൺസിൽ' അവരെ വിശേഷിപ്പിച്ചത് 'ക്രിസ്തുവിന്റെ യഥാർത്ഥ

ശിഷ്യ'യെന്നാണ്. എട്ടും പൊട്ടും തിരിയാത്ത പ്രായത്തിൽ ഒരു മഠത്തിന്റെ വേലി ചാടി തെരുവിലൂടെ തെക്കും വടക്കും നടന്ന, പത്തുമുപ്പതു വർഷമായി കുമ്പസ്സാരമോ, കുർബാനയോ, പള്ളിയോ, പട്ടക്കാരനോ ഇല്ലാതെ നടന്ന,ഒരു കിറുക്കിയെ യഥാർത്ഥ ക്രിസ്ത്യാനിയെന്ന് വിളിക്കാൻ ഒരു ക്രിസ്ത്യാനിക്ക് നാവു പൊങ്ങണമെന്നില്ല. അതുകൊണ്ടാവാം, കപ്യാർക്കുപോലും വിശിഷ്ടസേവന അവാർഡു കൊടുക്കുന്ന കത്തോലിക്കാസഭയ്ക്ക് ദയാഭായിയെ പരിഗണിക്കാൻ കഴിയാതെ പോയത്. പക്ഷേ, അവർക്ക് ആശയ്ക്കു വകയുണ്ട്; പാലാ രൂപതയിൽ പൂവരണി ഇടവകയിലെ പുല്ലാട്ട് മാത്യുവിന്റെ മകൾ മേഴ്സി മാത്യു ആയി, പോരാ സിസ്റ്റർ മേഴ്സി മാത്യുവായി, അവർ തിരിച്ചുവരണം. കഴിഞ്ഞതെല്ലാം പറഞ്ഞ്, ഒരു മുഴുവൻ കുമ്പസ്സാരവും ചെയ്യണം. ദയാഭായിയെ പാലായുടെ രണ്ടാം പുണ്യവതിയായും, പാലായെ വിശുദ്ധകളുടെ നാടായും പ്രഖ്യാപിക്കാൻ രൂപതയ്ക്കു കഴിയുമെന്ന് ജീവിച്ചിരിക്കുന്ന ദയാഭായിയെ ഞാൻ ഓർമ്മിപ്പിക്കുന്നു. രൂപതക്കാരോടും എനിക്കൊരു കാര്യം ഓർമ്മിപ്പിക്കാനുണ്ട്, വടക്കേ ഇന്ത്യയിലെ പല സെമിനാരികളിലും ഈ അഴിഞ്ഞാട്ടക്കാരത്തി ക്ലാസ്സുകൾ എടുക്കുന്നുണ്ട്, വേണമെങ്കിൽ കേരളത്തിലും ഒന്നു ശ്രമിക്കാം.

ദയാഭായി പറയുന്നു, വളരെ പ്രതീക്ഷയോടെയാണ് താൻ മഠത്തിൽ ചേർന്നതെന്ന്. എന്തുകൊണ്ടിവിടെ സമസ്തമേഖലകളിലും അസമത്വം നിലനിൽക്കുന്നുവെന്ന അവരുടെ ചോദ്യത്തിനുള്ള മറുപടി അവർക്കു കിട്ടിയില്ല; നിത്യാരാധനകൾക്കും, എണ്ണിച്ചുട്ട അപ്പംപോലെ ചെയ്യുന്ന സാമൂഹികസേവനങ്ങൾക്കുമൊന്നും അവരെ തൃപ്തിപ്പെടുത്താനുമായില്ല. അവസാനം അരുതാത്തത് അവർ ചെയ്തു. മദർ തെരേസ്സയെപ്പോലെ അവരും വിശാലമായ ലോകത്തേക്കിറങ്ങി; കല്യാണം കഴിക്കാൻ നിർബന്ധിച്ച വീട്ടുകാരെയും അവർ ഉപേക്ഷിച്ചു. മദർ തെരേസ്സാ പ്രാർത്ഥനയ്ക്കുവേണ്ടി പ്രത്യേക സമയം കണ്ടെത്തിയിരുന്നെങ്കിൽ, ദയാഭായിക്ക് ജീവിതം മുഴുവൻ പ്രാർത്ഥനയായിരുന്നു.

ആദ്യം ചെന്നെത്തിയ ഗ്രാമത്തിൽ അവർക്ക് ഒരു കുടിലിന്റെ കോണിൽ കഴിച്ചുകൂട്ടേണ്ടി വന്നു, ആദ്യ നാളുകളിൽ. അവരെ തൊട്ടുകൂടാത്തവളായി അവർ കരുതി. പിന്നെപ്പിന്നെ അവരെ അവർക്കാവശ്യമായി വന്നു. ആദ്യത്തെ സേവനം, ബാങ്കുകളിൽ നിന്നു വരുന്ന റിക്കവറി നോട്ടീസുകൾ വായിച്ചു കൊടുക്കുകയെന്നതായിരുന്നു. ചാണകം മെഴുകി, ഓല മേഞ്ഞുള്ള ഒരു കൂരയായിരുന്നു ഏറെക്കാലം അവർക്കു സ്വന്തമായിട്ടുണ്ടായിരുന്നത്. കൂട്ടിനുണ്ടായിരുന്ന പട്ടി അവരെ ഒരിക്കലും ചതിച്ചിട്ടില്ല. മദ്ധ്യപ്രദേശിലെ ഈ ചിന്ത്വാരാ ജില്ലയിൽത്തന്നെ വരണമെന്ന് മേഴ്സി മാത്യു ഒരിക്കലും ആഗ്രഹിച്ചതല്ല. കൈയിലുണ്ടായിരുന്ന പണത്തിന് ട്രെയിനിൽ അവിടെവരെ എത്താനേ കഴിയുമായിരുന്നുള്ളൂ. പിന്നെ നടന്നു, 25 കിലോ മീറ്റർ. അങ്ങനെയാണ്, ആദ്യം ബറൂൾ ഗ്രാമത്തിലെത്തിയത്. രണ്ടു വർഷം മുമ്പ് സ്വന്തം പിതാവ് മരിച്ചപ്പോൾ, വിൽപത്രപ്രകാരം മാറ്റിവെച്ചിരുന്ന കുറെ പണം അവർക്കു വാങ്ങേണ്ടി വന്നു. പക്ഷേ അവർ മടങ്ങിയത് മദ്ധ്യപ്രദേശിന്റെ മദ്ധ്യപ്രദേശത്തേക്കുതന്നെ.

ബീഹാറിലെ ഹസാരിബാഗ് കോൺവെന്റിൽ ദൈവത്തെ തേടിയെത്തിയ മേഴ്സി മാത്യു 'ദയാഭായി' ആയ കഥ 'ഒറ്റയാൾ' എന്ന ഡോക്കുമെന്ററിയിൽ കാണാം (സംവിധാനം സിനി ജേക്കബ് ബെഞ്ചമിൻ).

വി. ഫ്രാൻസീസ് അസ്സീസ്സിയുടെ ജീവിതത്തിലെ ഒരു സംഭവം എനിക്കോർമ്മ വരുന്നു. അദ്ദേഹം ദൈവത്തിന്റെ സ്വരം കേട്ടു, 'ഫ്രാൻസീസ്, നീ എന്റെ പള്ളി പണിയുക.' ഫ്രാൻസീസ് ദരിദ്രനായ ലിയോയെയും കൂട്ടി ഇടിഞ്ഞു പൊളിഞ്ഞു കിടന്ന സാൻ ഡാമിയാനോ പള്ളി പുതുക്കി പണിയുകയും ചെയ്തു. എല്ലാം കഴിഞ്ഞ്, അടുത്തുള്ള ഒരു ഗുഹയിൽ വിശ്രമിച്ചുണർന്ന ഫ്രാൻസീസ് കൂട്ടുകാരനോടു പറഞ്ഞ ഒരു വാചകം മറക്കാൻ വയ്യ. 'ആ സ്വരം ഞാൻ വീണ്ടും കേട്ടു; ഫ്രാൻസീസ്, ഫ്രാൻസീസ്, നീ നിന്നെ ആദ്യം ഉറപ്പിക്കുക, ബെർണാർദോവിന്റെ മകനായ നിന്നെ പുതുക്കി പണിയുക.' വി. ഫ്രാൻസീസ് ലിയോയോട് അടക്കം പറഞ്ഞു, 'ദൈവം ഉദ്ദേശിച്ചത്, സാൻ ഡാമിയാനോ പള്ളി പണിയാനായിരുന്നില്ല.' ദയാഭായിയുടെ കഥ ശ്രദ്ധാപൂർവ്വം ഞാൻ വായിച്ചു. ചിത്രത്തിലെ അവരുടെ മുഖത്തേക്ക് ഞാൻ സൂക്ഷിച്ചുനോക്കി, എനിക്കൊരു കാര്യം ഉറപ്പുവന്നു- വി. ഫ്രാൻസീസിനു പറ്റിയ അബദ്ധം മേഴ്സി മാത്യൂവിനു പറ്റിയില്ല. ദൈവത്തിന്റെ സ്വരം അവർ നന്നായി കേട്ടിരിക്കണം. എങ്കിലും, വി. ഫ്രാൻസീസ് സൂചിപ്പിച്ച തരത്തിലുള്ള ഒരു ദൈവികമതിഭ്രമത്തിലാവണം ദയാഭായിയുടെ ജീവിതവും.

പേരിനൊപ്പം ഏതാനും ചില അക്ഷരങ്ങൾ തുന്നിച്ചേർക്കുന്നതല്ല യഥാർത്ഥ വിദ്യാഭ്യാസം എന്നാണ്, കോട്ടയം സി.എം.എസ്. കോളജിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസം ആരംഭിച്ചതിന്റെ നൂറാം വാർഷികത്തോടനുബന്ധിച്ചുള്ള ശതാബ്ദി പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് അടുത്തിടെ (2013 ഡിസംബർ 6) ദയാഭായി പറഞ്ഞത്. ആയിരക്കണക്കിനു വിദ്യാഭ്യാസസ്ഥാപനങ്ങൾ നിയന്ത്രിക്കുന്ന നമ്മുടെ കത്തോലിക്കാസഭ ഇത് കേട്ടിരിക്കാൻ ഇടയില്ല; എന്താണ് ക്രൈസ്തവജീവിതം എന്ന് ദയാഭായി കാണിച്ചുതന്നത് കണ്ടിരിക്കാനും ഇടയില്ല.

ഫോൺ:9495875338

മാലാഖമാർ തീർത്ഥയാത്രയ്ക്കുപോകുന്നത് എവിടേക്ക്?

ഇപ്പൻ

എന്റെ അമ്മ മുട്ടുചിറ നീരാക്കലെയാണ്. മുരിക്കൽ കുടുംബത്തിന്റെ ശാഖതന്നെയാണ് നീരാക്കൽ. എന്റെ കൊച്ചമ്മാവനാണ് മുരിക്കൽ കുടുംബയോഗത്തിന്റെ പ്രസിഡന്റ്. എവിടുത്തേ ആണെന്നു ചോദിച്ചാൽ ഇപ്പോൾ മുട്ടുചിറ മുരിക്കലേ എന്നാണു പറയാറ്; നീരാക്കലേ എന്നു പറയാറില്ല. എന്റെ മക്കൾക്കും കൊച്ചുമക്കൾക്കുമൊക്കെ കല്യാണച്ചന്തയിൽ ചുമ്മാ വില വർദ്ധിക്കട്ടെ!

ഇന്ദുലേഖ ഇപ്പോൾ താമസിക്കുന്ന ഹോസ്റ്റലിന്റെ അടുത്തുള്ള പാതാളം പള്ളിയിലെ വികാരിയച്ചൻ അവൾ അന്തിക്രിസ്തുവിന്റെ പുത്രിയാണെന്ന് കുർബാനമദ്ധ്യേ പ്രസംഗിച്ചു. 'ജോയിന്റ് ക്രിസ്ത്യൻ കൗൺസിൽ' അതിനെതിരെ പാതാളത്തു സംഘടിപ്പിച്ച പ്രതിഷേധയോഗം ഉദ്ഘാടനം ചെയ്തതും ഇന്ദുലേഖതന്നെയാണ്. അന്തിക്രിസ്തുവിന്റെ പുത്രിക്ക് കല്യാണച്ചന്തയിൽ ഇന്നോളം താഴ്ന്ന വില ഒട്ടേടമെങ്കിലും ഉയർത്തിക്കൊണ്ടു വരുന്നതിനാണ് ഞാൻ മുരിക്കൽ കുടുംബവുമായുള്ള മുള്ളിത്തെറിച്ച ബന്ധത്തെ ഉറുമ്പടക്കം പിടിച്ചിരിക്കുന്നത്. അൽഫോൻസാമ്മയുമായി ബന്ധപ്പെട്ടാണ് മുരിക്കൽ കുടുംബം പ്രസിദ്ധമായത്. സത്യത്തിൽ അൽഫോൻസാമ്മ മുരിക്കലെയല്ല. അൽഫോൻസാമ്മയുടെ അമ്മയുടെ ചേട്ടത്തിയെ കെട്ടിച്ച വീടാണ് മുരിക്കൽ. അമ്മ മരിച്ചപ്പോൾ പേരമ്മയുടെ വളർത്തുപുത്രിയായെന്നുമാത്രം. കുഞ്ഞുന്നാളിൽ എന്റെ അമ്മയ്ക്ക് അൽഫോൻസാമ്മ ചോറും പരിപ്പുകറിയും ഇഞ്ചിക്കൂട്ടാനും ആനവട്ടം പപ്പടവും കൊടുത്ത് അടുത്തിരുത്തി ഊട്ടിയിട്ടുണ്ട്. ഇപ്പോഴിതാ പാലാ മെത്രാനും മുരിക്കൽ കുടുംബത്തിൽനിന്നായി. കല്യാണച്ചന്തയിൽ ഞങ്ങൾക്കിനിയും ലേലത്തുക കൂട്ടാം.

എന്റെ അമ്മയ്ക്കു ചോറുവാരിക്കൊടുത്തിട്ടുള്ള അൽഫോൻസാമ്മയോട് എനിക്ക് കുഞ്ഞുന്നാൾ മുതലേ സ്നേഹമായിരുന്നു. ഞാൻ കേട്ടിട്ടുള്ളിടത്തോളം അൽഫോൻസാമ്മ വളരെ നല്ല ഒരു അമ്മയായിരുന്നു. പക്ഷേ, വളരെ നല്ല അമ്മമാരെയൊക്കെ നമ്മൾ പുണ്യവതികളാക്കി പ്രതിഷ്ഠിച്ച് മുമ്പിൽ നേർച്ചപ്പെട്ടി വെക്കേണ്ടതുണ്ടോ എന്നാണ് എന്റെ സംശയം. വളരെ നല്ല അമ്മമാർ എത്രയോ പേരുണ്ട്! നാട്ടുകാരു പറയുന്നതു ശരിയാണെങ്കിൽ, അൽഫോൻസാമ്മയ്ക്ക് ഭരണങ്ങാനംമഠത്തിൽനിന്ന് കുറെ പോരു നേരിടേണ്ടിവന്നിട്ടുണ്ട്. പോരു നേരിട്ടവരെല്ലാം പുണ്യവതികളാണെങ്കിൽ ഇന്ത്യയിൽ

പുണ്യവാളത്തികളെ തട്ടിയിട്ടു നടക്കാൻ മേലാത്ത അവസ്ഥയാകും. 'മഠത്തിലെ പോരിന്റെ രക്തസാക്ഷീ, ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണേ' എന്നൊരു ലുത്തിനിയാ നമ്മൾ ചൊല്ലാൻ തുടങ്ങിയാൽ സഭയത് അംഗീകരിക്കാനും പോകുന്നില്ല.

പേറ്റിക്കൊഴിച്ചങ്ങു ചെല്ലുമ്പോൾ അവശേഷിക്കുന്നത് 'സഹനത്തിന്റെ മദ്ധ്യസ്ഥ' വിശേഷണമാണ്. അൽഫോൻസാമ്മയ്ക്ക് രോഗവശാൽ അതിദുസ്സഹമായ വേദന സഹിക്കേണ്ടിവന്നുവത്രെ! വേദന വരിക, അതിന് ഔഷധമില്ലാതിരിക്കുക- സഹിക്കുകയല്ലാതെ പിന്നെന്തു ചെയ്യും? നമ്മളൊക്കെ ഒറ്റ രൂപായുടെ വേദനസംഹാരി വിഴുങ്ങി ശമിപ്പിക്കുന്ന തലവേദന വന്നപ്പോൾ കൈലാസമെടുത്ത് അമ്മാനമാടിയ ദശകണ്ഠൻ അക്കാലത്ത് എത്ര എരിപൊരിസഞ്ചാരം കൊണ്ടിരിക്കണം! വേദന സഹിച്ചവരുടെയെല്ലാം മുമ്പിൽ നേർച്ചപ്പെട്ടി വയ്ക്കാൻ തുടങ്ങിയാൽ അതിന് ഒരു അന്തവുമുണ്ടാവില്ല. വേദനയുടെ കെയറോഫിൽ ആരെയെങ്കിലും വിശുദ്ധരാക്കുന്നുണ്ടെങ്കിൽ അത് ക്യാൻസറിന്റെയും മറ്റും അതിദുസ്സഹമായ വേദനയ്ക്കു മരുന്നുകണ്ടുപിടിച്ച ആരോഗ്യവിദഗ്ധരെയാണ്. അവരുടെ മുമ്പിൽ നമ്മൾ മെഴുകുതിരി കത്തിക്കാറില്ല. നേർച്ചപ്പെട്ടി വെക്കാറില്ല. നമ്മളവരുടെ ഫോട്ടോ വയ്ക്കുന്നുണ്ടെങ്കിൽത്തന്നെ അതിന്റെ ലക്ഷ്യം നമ്മുടെ കുഞ്ഞുങ്ങൾ അവരെ അനുകരിച്ചു പഠിച്ചു ലോകത്തിനു നന്മ ചെയ്യാൻ പ്രചോദനം പകരട്ടെ എന്നതാണ്. അവരോടു പ്രാർത്ഥിച്ചതുകൊണ്ട് ഒരു പ്രയോജനവുമില്ല എന്നു നമുക്കറിയാം. ലോകത്തിനു നന്മ ചെയ്യുന്നവരാണ് മഹാത്മാക്കൾ. നമ്മളവരോട് നീതി പുലർത്തേണ്ടത് അവരെ അനുകരിച്ചാണ്. അതു വളരെ ബുദ്ധിമുട്ടു പിടിച്ച കാര്യമാണ്. എത്ര രാത്രി പകലാക്കിയായിരിക്കണം ശാസ്ത്രജ്ഞൻ ഒരു മരുന്നുകണ്ടുപിടിക്കുന്നത്. ഗാന്ധിജിയും നെഹ്റുവുമൊക്കെ എത്ര ജയിലുകളിൽക്കിടന്നു മൂട്ടകടി കൊണ്ടു; ഗോതമ്പുണ്ട തിന്നു! ഇതൊക്കെ ബുദ്ധിമുട്ടുപിടിച്ച കാര്യങ്ങളാണ്. അവരുടെ മുമ്പിൽ മെഴുകുതിരി കത്തിച്ചുവച്ചു നേർച്ചയിട്ടു പ്രാർത്ഥിക്കാൻ എന്തു സുഖം!

എല്ലാ സഹനങ്ങളും പുണ്യമല്ല. പോരാ, ചില സഹനങ്ങൾ പാപവുംകൂടിയാണ്. ക്ഷമയെയും സഹനത്തെയും പുണ്യനക്ഷത്രങ്ങളാക്കി വിശുദ്ധാകാശത്തു പ്രതിഷ്ഠിക്കുകവഴി മതങ്ങൾ മുതലാളിത്തത്തിന്റെ ഹിഡൻ അജണ്ട നടപ്പാക്കുകയായിരുന്നു. മുതലാളിത്തത്തിന്റെ ബലിഷ്ഠമായ അടിത്തറ മതമാണെന്നു പറയുന്നതതുകൊണ്ടാണ്. അഴിമതിയും അനീതിയും ചൂഷണവും ഇണചേർന്നാണ് ദാരിദ്ര്യത്തെ പ്രസവിക്കുന്നത്.ചൂഷകനോടു ക്ഷമിച്ച് നീ ദാരിദ്ര്യം സഹിക്കുക. ദൈവം അവനെ നരകത്തിലിട്ടു കത്തിച്ചുകൊള്ളും, നിനക്ക് സ്വർഗ്ഗത്തിലെത്തി ഇടിയപ്പവും കോഴിയിറച്ചിയുംകൂട്ടി മൂക്കുമുട്ടെ ശാപ്പിടാം. ചൂഷിതന്റെ പ്രതികരണശേഷിയെ വന്ധ്യംകരിക്കാൻ ഈ വിശ്വാസം പ്രയോജനപ്പെടുന്നു. അപ്പോൾ, ഏഴെഴുപതോളം ക്ഷമിക്കാൻ യേശു പറഞ്ഞതോ? യേശു അങ്ങനെ പറഞ്ഞിട്ടില്ല. അതേതോ മുതലാളിത്തചാരനായ കത്തനാർ വേദപുസ്തകം അവരുടെ കുത്തകയായിരുന്ന കാലത്ത് കുത്തിത്തിരുകിയതായിരിക്കണം. യേശു, സഹിക്കുന്നവർ ഭാഗ്യവാന്മാരാണെന്നു പറഞ്ഞതു സത്യമാണ്. പക്ഷേ, 'കോ' എന്നു പറയുമ്പോഴേ കോഴിക്കോട്ടെത്തരുത്.എന്തിനുവേണ്ടി സഹിക്കുന്നവർ? നീതിക്കുവേണ്ടി സഹിക്കുന്നവർ. നീതിക്കുവേണ്ടിയുള്ള സഹനംമാത്രമാണ് പുണ്യം. 'ശത്രുവിനെ സ്നേഹിക്കണ'മെന്നു യേശു പറഞ്ഞത് ആഴത്തിലുള്ള ആലോചന അർഹിക്കുന്നു. വിശദീകരിക്കാം. അംബാനി ബോംബേയിൽ പണിത വീടിന് ഇന്നത്തെ നിലയിൽ 8000 കോടി മതിക്കാം. ലോകത്തുള്ള 800 കോടി മനുഷ്യർക്കും അങ്ങനെ ഓരോ വീടു പണിയാനുള്ള അവകാശമുണ്ട്. പക്ഷേ, അങ്ങനെ എല്ലാവരും പണിതുകഴിയുമ്പോൾ ആ ഒറ്റക്കാരണംകൊണ്ട് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകരും. ഓസോൺ പാളികളിൽ വിള്ളൽ വീഴും. ചൂടു വർദ്ധിച്ചുവരും. ധ്രുവപ്രദേശത്തെ മഞ്ഞുരുകും. കടലിൽ വെള്ളപ്പൊക്കമുണ്ടാവും. ബോംബേ മുങ്ങും. അംബാനിയുടെ വീടും മുങ്ങും, ബോംബേയിലെ ചേരിയും മുങ്ങും. അംബാനിയുടെ കൊച്ചുമക്കളും ചേരിയിലെ നിർദ്ധന ചെറുക്കന്മാരും ഉപ്പുവെള്ളം കുടിക്കും. ആരായിരിക്കും ആദ്യം മുങ്ങിച്ചാകുന്നത്? എനിക്കു തോന്നുന്നത്, അംബാനിക്കുഞ്ഞുങ്ങളായിരിക്കുമെന്നാണ്. ഒരു മിനിട്ടുകൂടിയെങ്കിലും കൂടുതൽ പതഞ്ഞുകിടക്കാൻ ചേരിക്കുഞ്ഞുങ്ങൾക്കു കഴിയും. ശരിക്കും വിശന്നാൽ ഞാനും നിങ്ങളുമൊക്കെ അംബാനിയുടെ വീട് നെറ്റികൊണ്ടാണെങ്കിലും ഇടിച്ചുതകർത്ത് അംബാനിക്കുഞ്ഞുങ്ങളുടെ ഭക്ഷണം തട്ടിപ്പറിക്കും. ചുരുക്കത്തിൽ, ശത്രുക്കളെ സ്നേഹിക്കണമെന്നു കർത്താവ് പറഞ്ഞതിന്റെ പൊരുൾ, പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കുവേണ്ടിയുള്ള പോരാട്ടങ്ങളും ദാരിദ്ര്യത്തിനെതിരെയുള്ള പോരാട്ടങ്ങളുമൊക്കെ അംബാനിയോടും അദ്ദേഹത്തിന്റെ പുത്രപൗത്രാദികളോടുമുള്ള സ്നേഹംകൊണ്ടായിരിക്കണമെന്നാണ്. ആ പോരാട്ടത്തിനിടയിൽ അംബാനിയുടെയും അറയ്ക്കൽ പിതാവിന്റെയുമൊക്കെ താൽക്കാലികമായ സാമ്പത്തികതാല്പര്യങ്ങളോടും നമുക്ക് ഏറ്റുമുട്ടേണ്ടിവന്നേക്കാം.

ക്ലാസിൽവെച്ച് ബുദ്ധിമതിയായ ഒരു ക്രിസ്ത്യൻ പെൺകുട്ടി എന്നോടൊരു സംശയം ചോദിച്ചു. യേശുവും ഇന്നത്ത ആൾദൈവങ്ങളെപ്പോലെ ഒരു ആൾ ദൈവമായിരുന്നില്ലേന്ന്. ആയിരുന്നില്ലെന്നു ഞാൻ പറഞ്ഞു. അതിനു

തെളിവാണ്, യേശുവിനെ അന്നത്തെ മലീമസമായ വ്യവസ്ഥിതിക്കെതിരെ പോരാടിയതിന് മതവും രാഷ്ട്രീയവും ജുഡീഷ്യറിയുംകൂടി ഗൂഢാലോചനനടത്തി കൊന്നത്. മെത്രാന്മാരും ധ്യാനഗുരുക്കന്മാരും ഉൾപ്പെടെയുള്ള ഇപ്പോഴത്തെ ആൾദൈവങ്ങളുടെ ഒരു രോമത്തെയെങ്കിലും തൊടാൻ ഇന്നത്തെ അധികാരിവർഗ്ഗത്തിനു ധൈര്യമുണ്ടോ? പകരം, അവർ ആൾദൈവങ്ങൾക്കു പാദസേവചെയ്യുന്നതാണു നാം കാണുന്നത്. പോരാളിയായ യേശുവിന്റെ സഹനമാണു പുണ്യം. അതു ലോകത്തിന്റെ നന്മയ്ക്കുവേണ്ടിയുള്ള സഹനമാണ്. അവിടുന്നു മലീമസമായ വ്യവസ്ഥിതിയോടു ക്ഷമിച്ചില്ല. രാജിയായില്ല. അക്ഷരാർത്ഥത്തിൽ ചാട്ടവാറെടുത്തു. അതൊക്കെ ശത്രുക്കളായ അന്നാസിന്റെയും കയ്യാഫാസിന്റെയും ഹേറോദേശിന്റെയും പീലാത്തോസിന്റെയുംകൂടി അനന്തരതലമുറകളുടെ ആത്യന്തികമായ നന്മയ്ക്കുവേണ്ടിയായിരുന്നു.

പുണ്യത്തെ സംബന്ധിച്ച് ഇനിയുമുണ്ട് നമുക്കു തെറ്റിദ്ധാരണകൾ. ഏതു മാർഗ്ഗത്തിലും പണം സമ്പാദിക്കുക . ദശാംശം പള്ളിക്കുകൊടുക്കുക. സ്വർഗ്ഗത്തിലേക്കുള്ള പാസ്പോർട്ടും വിസായും ഉറപ്പ്. ആ പണമുപയോഗിച്ച് കുറെ മുഴുവെള്ളക്കുപ്പായധാരികൾ സ്വന്തം ജീവിതത്തെ സ്വർഗ്ഗമാക്കിമാറ്റുന്നു. ദശാംശം ധർമ്മംകൊടുത്ത് സ്വന്തം കാര്യം നോക്കി സ്വസ്ഥമായി ജീവിക്കുന്നവരുണ്ട്. അർഹിക്കുന്നവർക്കു കൊടുത്തുകൊള്ളുക. നല്ല കാര്യം. പക്ഷേ, ധർമ്മക്കാരില്ലാത്ത വ്യവസ്ഥിതി സൃഷ്ടിക്കാൻവേണ്ടി സ്വയം സമർപ്പിക്കാത്തിടത്തോളം കാലം നമ്മൾ ധർമ്മക്കാരോടും ദൈവത്തോടും നീതി പുലർത്തുന്നില്ല. രക്ഷപ്പെടുവാൻ നീ നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്കു കൊടുക്കുക എന്നു യേശു പറഞ്ഞതിനെ ഈ അർത്ഥത്തിൽ വേണം കാണാൻ. അല്ലാതെ ഉള്ളതെല്ലാം ധർമ്മംകൊടുത്ത് എത്രയുംവേഗം മറ്റൊരു ധർമ്മക്കാരനായി മാറാനല്ല. ധർമ്മസ്ഥാപനങ്ങൾക്ക് കൃത്യമായി ദശാംശം കൊടുക്കുന്നവരുണ്ട്. പലർക്കും അവരുടെ തട്ടിപ്പിനൊരു മറയാണ് ധർമ്മസ്ഥാപനങ്ങൾ. ഏറ്റവും നല്ല ഉദാഹരണം, കർത്താവിന്റെ പേരിലുണ്ടായ സഭതന്നെയാണ്. വിശ്വാസികൾ വിശ്വസിച്ചേൽപ്പിച്ച നേർച്ചക്കാശ് ജീവകാരുണ്യപ്രവർത്തനങ്ങൾക്കു വിതരണം ചെയ്യാത്തതുകൊണ്ടാണല്ലോ സ്വിസ് ബാങ്കിൽ ഏറ്റവുമധികം നിക്ഷേപം സഭയ്ക്കുണ്ടായത്. ധർമ്മസ്ഥാപനങ്ങൾക്കു സംഭാവനകൊടുക്കുന്നതോടുകൂടി നമ്മുടെ ചുമതല തീരുന്നു എന്നു വിചാരിക്കരുത്. അവിടെ കാര്യങ്ങൾ ശരിയായിട്ടാണു നടക്കുന്നതെന്ന് നേരിട്ടു ബോദ്ധ്യപ്പെടുകയും വേണം. മക്കളില്ലാത്തവരും മക്കളുള്ളവരും തങ്ങളുടെ സർവ്വസ്വവും ഇത്തരം തട്ടിപ്പുസ്ഥാപനങ്ങൾക്കു കൊടുത്ത സംഭവങ്ങളുണ്ട്.

സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ആശയപ്രചാരണം നടത്തുന്നത് പുണ്യം നോക്കുന്നതിനേക്കാൾ വലിയ പുണ്യമാണ്. വർക്കിക്കഥകളും ഓശാനയും സത്യജ്വാലയും വായിക്കുന്നതും സ്വർഗ്ഗത്തിലെ ബാങ്ക് ബാലൻസ് വർദ്ധിപ്പിക്കും. വർക്കി നന്നായി കുടിക്കുമായിരുന്നത്രേ! അക്കാര്യത്തിൽ ഇപ്പനുമൊരു കുഞ്ഞുവർക്കിയാണ്. മദ്യപാനത്തെ ഞാൻ മഹത്വവൽക്കരിക്കുന്നില്ല. അത് ഞങ്ങളിൽ ചിലരുടെ ദൗർബല്യമാണ്. കണിശമായും ഞങ്ങൾക്കത് ഭൂഷണമല്ല.

മാലാഖമാർ ദൈവത്തോടു ചോദിക്കും: 'പ്രഭോ ഞങ്ങൾ എവിടേക്കാണ് തീർത്ഥയാത്ര പോകേണ്ടത്?'

'ഇത്തവണ പൊൻകുന്നംകാരൻ വർക്കിയുടെ കബറിടത്തിലേക്കു പൊയ്ക്കോ.'

'നേർച്ചയായി വല്ലതും?'

'കലവറയിൽനിന്ന് ഒരു കുപ്പി മുന്തിയ വീഞ്ഞെടുത്തോ.'

'പൊൻകുന്നം അടുത്താണല്ലോ ഭരണങ്ങാനം.'

'പോകണം; പക്ഷേ, പൈക-ഇടമറ്റംവഴി ഓശാനമൗണ്ടുവരെ.'

ഫോൺ: 9446561252

സീറോ-മലബാർസഭ
ജയറാം രമേശിനോട് മാപ്പു പറഞ്ഞു

കൊച്ചി : കേന്ദ്രമന്ത്രി ജയറാം രമേശിനെതിരെ ലേഖനം പ്രസിദ്ധീകരിച്ചതിന് സീറോ-മലബാർ സഭ മാപ്പു പറഞ്ഞു. സഭയുടെ പ്രസിദ്ധീകരണമായ 'ലെയ്റ്റി വോയ്സി'ലാണ് മാപ്പുപറഞ്ഞുകൊണ്ടു ലേഖനം വന്നത്. പശ്ചിമഘട്ടം സംരക്ഷിക്കുന്നതിനെന്ന പേരിൽ ജയറാം രമേശ് വിദേശ ഫണ്ട് വാങ്ങുന്നു എന്ന് ആരോപിക്കുന്ന ലേഖനം 'ലെയ്റ്റി വോയ്സി'ൽ വന്നത് വിവാദമായിരുന്നു. ഇതിനെതിരെ മന്ത്രി രംഗത്തെത്തിയിരുന്നു. സഭ മാപ്പു പറയണമെന്നാവശ്യപ്പെട്ട് അദ്ദേഹം 'ലെയ്റ്റി വോയ്സി'ന് നോട്ടീസ് അയിച്ചിരുന്നു. സഭയുടെ നയമല്ല പ്രസിദ്ധീകരണത്തിലെ ലേഖനത്തിൽ വന്നതെന്നും ഖേദപ്രകടനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. (കടപ്പാട്, മംഗളം)

ബാലപീഡനം രൂക്ഷം: കത്തോലിക്കാ സഭ കണക്കെടുക്കുന്നു

ബാലപീഡകരെന്ന് ആരോപണമുയർന്ന നാനൂറിൽപരം വൈദികരെ വിരമിച്ച മാർപാപ്പാ ബനഡിക്ട് പതിനാറാമൻ രണ്ടു വർഷംകൊണ്ട് പുറത്താക്കിയതായുള്ള റിപ്പോർട്ടുകൾ പുറത്തു വന്നു. 2011, 2012 എന്നീ വർഷങ്ങളിലെ കണക്കുകളനുസരിച്ചാണിത്.

തൊട്ടുമുൻപുള്ള രണ്ടു വർഷം പാപ്പാ കുപ്പായം ഊരിവാങ്ങിയ വൈദികരുടെ ഇരട്ടിയാണിത്. ബാലപീഡനത്തെക്കുറിച്ചു റിപ്പോർട്ടു ചെയ്യപ്പെട്ട സംഭവങ്ങളും ഗണ്യമായി വർദ്ധിച്ചതായി വത്തിക്കാൻ സർക്കാരിന്റെ വാർഷികറിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

വൈദികവൃത്തിയിൽനിന്നു പുറത്താക്കുന്നതല്ലാതെ, ഇവർക്കെതിരെ ഓരോ രാജ്യത്തെയും നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നില്ല. സഭയിൽനിന്നു പുറത്താക്കുന്നതുതന്നെ അതീവ രഹസ്യമായി അന്വേഷണം നടത്തിയതിനുശേഷമാണ്.

വൈദികർ കുട്ടികളെ പീഡിപ്പിക്കുന്ന സംഭവങ്ങൾ വൻതോതിൽ വർദ്ധിച്ചതിനേത്തുടർന്ന് ഈയിടെ ഐക്യരാഷ്ട്രസഭയുടെ മനുഷ്യാവകാശകമ്മീഷൻ കത്തോലിക്കാസഭയ്ക്കെതിരെ നടപടി സ്വീകരിക്കാൻ തുടങ്ങിയിരുന്നു. ഇതിനേത്തുടർന്ന് വിവിധ രാജ്യങ്ങളിലെ സഭകളിൽനിന്ന് വത്തിക്കാൻ തിരക്കിട്ട് വിവരങ്ങൾ ശേഖരിക്കുകയാണ്.

വൈദികർക്കെതിരെ പരാതി ഉയരുമ്പോൾ ബിഷപ്പുമാർ നടപടി സ്വീകരിക്കാത്തതാണ് ഇത്തരം സംഭവങ്ങൾ വർദ്ധിക്കാനുള്ള കാരണമായി സഭ കണക്കാക്കുന്നത്. ഓരോ രാജ്യത്തെയും നിയമമനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിരുന്നെങ്കിൽ സഭയ്ക്കു നാണക്കേടുണ്ടാക്കുന്ന ഇത്തരം സംഭവങ്ങൾ ഒഴിവാക്കാമായിരുന്നുവെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. നാട്ടിലെ നിയമത്തെക്കാൾ സഭയുടെ നിയമങ്ങൾക്ക് പ്രാമുഖ്യം നൽകുകയാണ് ബിഷപ്പുമാർ ചെയ്യുന്നത്. വത്തിക്കാനിൽനിന്നുണ്ടാകുന്ന നിർദ്ദേശങ്ങൾപോലും പലപ്പോഴും അവഗണിക്കപ്പെടുന്നതായാണ് റിപ്പോർട്ട്.

2005-ലാണ് സഭ പരാതികളുടെ അടിസ്ഥാനത്തിൽ നടപടികൾക്കു തുടക്കമിട്ടത്. ആ വർഷം രണ്ടു കേസുകൾ മാത്രമേ റിപ്പോർട്ടു ചെയ്യപ്പെട്ടുള്ളു. അടുത്ത വർഷം ചെറുതും വലുതുമായി 362 കേസുകൾ റിപ്പോർട്ട് ചെയ്തു. 43-ൽ നടപടി സ്വീകരിച്ചു. 2007-ൽ 365 കേസുകളിൽ 23 എണ്ണത്തിൽ നടപടിയുണ്ടായി. 2008 ആദ്യമായി സഭ വൈദികവൃത്തിയിൽനിന്ന് പുറത്താക്കിയവരുടെ എണ്ണം പുറത്തുവിട്ടു. പട്ടികയിൽ 68 പേരാണുണ്ടായിരുന്നത്. കേസുകൾ 191. അടുത്ത വർഷം 223 കേസുകളുണ്ടായി, 103 പേരെ പുറത്താക്കി.

ബാലപീഡനങ്ങളുടെ പേരിൽ സഭ 2010 – ൽ ശരിക്കും പ്രതിസ്ഥാനത്തായി. ലോകമെങ്ങും വിവിധ പ്രസ്ഥാനങ്ങളും മാദ്ധ്യമങ്ങളും വൈദികരുടെ ബാലപീഡനത്തിനെതിരെ തിരിഞ്ഞു. ആയിരക്കണക്കിനു സംഭവങ്ങളാണ് പുറത്തുവന്നത്.

ബാലപീഡനങ്ങളുടെ പേരിൽ സഭ 2010-ൽ ശരിക്കും പ്രതിസ്ഥാനത്തായി. ലോകമെങ്ങും വിവിധ പ്രസ്ഥാനങ്ങളും മാദ്ധ്യമങ്ങളും വൈദികരുടെ ബാലപീഡനത്തിനെതിരെ തിരിഞ്ഞു. ആയിരക്കണക്കിനു സംഭവങ്ങളാണ് പുറത്തുവന്നത്. പക്ഷേ സഭയ്ക്കു റിപ്പോർട്ട് ചെയ്യപ്പെട്ടത് 527 കേസുകൾ മാത്രം. അതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്നത് ഇപ്പോഴും വ്യക്തമല്ല. 2011-ൽ 404 കേസുകൾ റിപ്പോർട്ട് ചെയ്തതിൽ 260 പേരെ പുറത്താക്കി. അടുത്തവർഷം 418 സംഭവങ്ങൾ സഭയ്ക്കു മുന്നിലെത്തി. 124 പേരാണ് ഇവയുടെ പേരിൽ വൈദികവൃത്തിയിൽനിന്ന് പുറത്തായത്.

(കേരളകൗമുദി റിപ്പോർട്ട്)

ഉത്ഭവപാപം

റവ.ഡോ.ജെ. ഔസേപ്പറമ്പിൽ

ഉത്ഭവപാപത്തിന് ഇംഗ്ലീഷിൽ 'ഒറിജിനൽ സിൻ' എന്നാണു പറയുന്നത്. മറ്റാരാലും ചെയ്യാൻ പറ്റാത്തതോ, അല്ലെങ്കിൽ മറ്റുള്ളവർ ചെയ്യുന്നതിലും ഉത്കൃഷ്ടമായ രീതിയിൽ ചെയ്യുന്നതോ ആയ പ്രവൃത്തികളാണ് 'ഒറിജിനൽ' ആകുന്നത്!

ഉത്പത്തി പുസ്തകത്തിൽ ഒന്നും രണ്ടും അദ്ധ്യായങ്ങളിലാണ് ഉത്ഭവപാപത്തെക്കുറിച്ചുള്ള പരാമർശമുള്ളത്. ആദത്തിന്റെയും ഹവ്വായുടെയും കഥ. ഈ കഥ ആക്കേഡിയക്കാരും അസ്സീറിയാക്കാരും ബാബിലോണിയാക്കാരും പറഞ്ഞിരുന്ന കഥയാണ്. രണ്ടു പ്രാവശ്യമെങ്കിലും എഡിറ്റു ചെയ്ത കഥയാണ് നമ്മൾ വായിക്കുന്നത്. രണ്ടദ്ധ്യായങ്ങളിലും ഒരേ കാര്യം വന്നത് എഡിറ്റർക്കു പറ്റിയ നോട്ടക്കുറവാണ്. പുരാണം, ഇതിഹാസം, മിത്ത് എന്നൊക്കെയാണ്, പണ്ഡിതന്മാർ ഈ കഥയെ പരാമർശിക്കുന്നത്. ഞാൻ ഇനി മുതൽ 'മിത്ത്' എന്ന വാക്ക് ഉപയോഗിക്കും.

മിത്തും ചരിത്രവും

മിത്ത് ചരിത്രമല്ല. ഭൂമിയിൽ സംഭവിച്ച ഏതു കാര്യവും ചരിത്രമാണ്. സമയത്തിൽ സംഭവിച്ച എന്തും ചരിത്രത്തിന്റെ ഭാഗമാണ്. മിത്ത് കഥയാണ്, ചരിത്രമല്ല. മിത്തിന്റെ വിഷയം സംഭവങ്ങളല്ല. ജീവിതാനുഭവങ്ങളാണ്; മനുഷ്യന്റെ ജീവിതപ്രശ്നങ്ങളാണ്. മിത്തിലെ കാര്യങ്ങൾ ഇന്നും ജീവിതാനുഭവങ്ങളാണ്. മനുഷ്യന്റെ നിത്യസമസ്യകളല്ല പ്രതിപാദിക്കുന്നതെങ്കിൽ അതു മിത്തല്ല. ചരിത്രത്തിനു തെറ്റും തിരുത്തലുകളും വിഭിന്ന വ്യാഖ്യാനങ്ങളും ഉണ്ടാകാം. മിത്തിന് ഒരിക്കലും തെറ്റുവരുകയില്ല. എന്നും ഇന്നും അത് മനുഷ്യന്റെ പ്രശ്നങ്ങളാണ്.

എവിടെനിന്നോ ദേവന്മാരുണ്ടാകുന്നു, പിശാചുക്കൾ ഉണ്ടാകുന്നു, നന്മയും തിന്മയും തമ്മിൽ യുദ്ധം ഉണ്ടാകുന്നു, ലോകസൃഷ്ടി, മനുഷ്യരും ദൈവവുമായുള്ള ഇടപാടുകൾ- ഇതെല്ലാം മിത്തിന്റെ വിഷയമാണ്. ആദത്തിന്റെയും ഹവ്വായുടെയും കഥയിലെ മനുഷ്യന്റെ പ്രശ്നങ്ങൾ എന്താണ്? ലോകം എങ്ങനെയുണ്ടായി, ദൈവം എന്നാൽ എന്താണ്, മനുഷ്യൻ എങ്ങനെ ഉണ്ടായി, സ്ത്രീയും പുരുഷനും എന്തുകൊണ്ട് സ്നേഹിക്കുന്നു, സ്ത്രീയുടെ പ്രസവവേദന എങ്ങനെയുണ്ടായി, ലോകത്തിൽ ദുരിതങ്ങൾ എങ്ങനെവന്നു, എന്തുകൊണ്ടു മരണം ഉണ്ടായി, എങ്ങനെ രക്ഷയുണ്ടാകും-ഇതെല്ലാം നമ്മുടെ പ്രശ്നങ്ങളാണ്. ഞാൻ ചുരുക്കിയെഴുതുകയാണ്. മിത്തുകളിൽ മനുഷ്യന്റെ മൗലികമായ ധാർമ്മിക പ്രശ്നങ്ങളാണ് ചർച്ചാവിഷയം. ഇത് നിത്യപ്രശ്നങ്ങളാണ്. മിത്ത് ഒരു പ്രത്യേക ഭാഷയാണ്. നമ്മൾ സാധാരണ ഉപയോഗിക്കുന്ന ഭാഷയിൽക്കൂടി (straight forward language) ഇതു ശരിക്കും പ്രകടിപ്പിക്കാൻ പറ്റില്ല. സാധാരണ ഭാഷയ്ക്ക് ആശയാവിഷ്കരണശക്തി കുറവാണ്, മിത്തിന് ആ ശക്തി കൂടുതലാണ്. മനുഷ്യൻ ആദ്യം മിത്തുകളും പിന്നീട് കവിതകളും പിന്നീട് സാധാരണ ഭാഷയും ഉപയോഗിച്ചുതുടങ്ങി.

അവതാരങ്ങളെക്കുറിച്ചുള്ള മിത്തുകളുടെ സ്വഭാവം നോക്കൂ: മംഗളവാർത്ത, നക്ഷത്രങ്ങളുടെയും അരൂപികളുടെയും പ്രത്യക്ഷപ്പെടൽ, ദൈവിക ഇടപെടൽ വഴിയുള്ള ഗർഭധാരണം, മച്ചികളും മച്ചന്മാരുമായ മാതാപിതാക്കളിൽനിന്നു ജനനം, വാർധക്യത്തിൽ സന്താനലബ്ധി, തൊഴുത്തിൽ അല്ലെങ്കിൽ കാരാഗൃഹത്തിൽ ജനനം, അറിയപ്പെടാത്ത മാതാപിതാക്കൾ, അല്ലെങ്കിൽ അറിയപ്പെട്ട മാതാപിതാക്കളല്ല യഥാർത്ഥ മാതാപിതാക്കൾ, അലഞ്ഞുതിരിഞ്ഞുള്ള യാത്ര, ബാല്യകാല അപകടങ്ങളും രക്ഷപെടലും, അറിയപ്പെടാതെയുള്ള ജീവിതം, മതസിദ്ധാന്തങ്ങൾ പഠിപ്പിക്കുന്നു, പണ്ഡിതരെ തർക്കത്തിൽ തോല്പിക്കുന്നു, ഭീകരമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം, പഠിക്കാത്ത കാര്യങ്ങളും അറിയുക, പ്രകൃതിയെ നിയന്ത്രിക്കുക മുതലായവ..... ഇതെല്ലാംതന്നെ ക്രിസ്തുവിന്റെ

യും കൃഷ്ണന്റെയും രാമന്റെയും ബുദ്ധന്റെയും അവതാരങ്ങളെപ്പറ്റി പറയുമ്പോൾ ഉൾപ്പെട്ട സംഗതികളാണ്. ബുദ്ധന്റെയും ക്രിസ്തുവിന്റെയും ജീവിതകാലത്ത് ഈ എപ്പിസോഡുകൾ ആരും പറഞ്ഞിരുന്നില്ല. റോമൻ ചക്രവർത്തിമാരെപ്പറ്റിയും പല ഹിന്ദു രാജാക്കന്മാരെപ്പറ്റിയും ഈ കാര്യങ്ങൾ പരാമർശിച്ചതാണ്. മിത്തിലെ എപ്പിസോഡുകൾ ചരിത്രസംഭവങ്ങളല്ല. മിത്തിലെ ദൈവം തത്വശാസ്ത്രത്തിലെ ദൈവമല്ല; ആ ദൈവം മനുഷ്യസൃഷ്ടിയാണ്. ഓരോ മിത്തും മനുഷ്യന്റെ ധാർമ്മികവളർച്ചയിലെ ഓരോ നാഴികക്കല്ലാണ്. മഹാഭാരതത്തിലും രാമായണത്തിലും ചർച്ച ചെയ്യുന്നത് നമ്മുടെ ജീവിതപ്രശ്നങ്ങളായതുകൊണ്ടാണ് പഞ്ചപുച്ഛമടക്കി നമ്മൾ ശ്രദ്ധിച്ച് അതു ടിവിയിൽ കാണുന്നത്.

ആദത്തിന്റെയും ഹവ്വായുടെയും മിത്ത് ഉണ്ടായത് മനുഷ്യൻ കൃഷിചെയ്തു ജീവിക്കുന്ന കാലത്താണ്. കൃഷി തുടങ്ങിയത് പതിനായിരത്തിലധികം വർഷങ്ങൾക്കുമുമ്പാണ്. ഈ മിത്തിൽ ആദത്തിന് രണ്ട് മക്കളേയുള്ളൂ. മൂത്തവൻ ഇളയവനെ കൊല്ലുകയും ചെയ്തു. ഒരു മകൻ മാത്രമുള്ള മനുഷ്യവർഗ്ഗം എങ്ങനെ സന്താനപരമ്പരയുണ്ടാക്കും? യഹൂദമതം മിത്തിനെ ചരിത്രമാക്കി; ഇല്ലാത്ത പ്രശ്നങ്ങൾ സൃഷ്ടിച്ചു.

ധാർമ്മികതയുടെയും സാമ്പത്തികഭദ്രതയുടെയും മരണമില്ലായ്മയുടെയും പറുദീസാ സാങ്കല്പികമാണ്. മൈക്കലാഞ്ചലോ കലാസൃഷ്ടികൾവഴിയും ഡാന്റേ കവിതകൾവഴിയും ആവിഷ്കരിച്ച സ്വർഗ്ഗവും ദൈവവും സാങ്കല്പികമാണ്. മഹാഭാരതത്തിലും രാമായണത്തിലും ഇതിലും വ്യാപകമായി ഈ കാര്യങ്ങൾ വിവരിച്ചിട്ടുണ്ട്. മനുഷ്യരെക്കാൾ ബുദ്ധി കൂടുതലുള്ള പിശാചിന്റെ പരീക്ഷയിൽ തോറ്റ മനുഷ്യവർഗ്ഗത്തിനു മരണവും ദുരിതവും കൊടുത്ത ദൈവം നീതിമാനല്ല.

ജന്മപാപം മനുഷ്യന്റെ ഇന്നത്തെ അവസ്ഥയ്ക്ക്, ലോകത്തിന്റെ ദുഃസ്ഥിതിക്ക്, മിത്തു നൽകുന്ന സാങ്കല്പിക വിശദീകരണമാണ്. ഈ അനുഭവം എല്ലാ മതങ്ങളിലുമുള്ള മനുഷ്യന്റെ കാര്യമാണ്. മാമ്മോദീസാ മുങ്ങിയാലും ഇല്ലെങ്കിലും പ്രശ്നങ്ങൾക്ക് ഒരു വ്യത്യാസവും വരുന്നില്ല. അതുകൊണ്ട് ജന്മപാപം നീക്കാനുള്ള മാമ്മോദീസായ്ക്ക് പൂജ്യം വിലയാണുള്ളത്.

എന്റെ മാതാപിതാക്കൾ മാമ്മോദീസാ മുങ്ങിയപ്പോൾ അവരുടെ ജന്മപാപം പോയി. പിന്നെ അത് എനിക്കെങ്ങനെ വന്നു? സ്ത്രീയുടെ അണ്ഡവും പുരുഷബീജവും ഒന്നിക്കുന്ന സമയത്ത് ദൈവം മനുഷ്യാത്മാവിനെ സൃഷ്ടിച്ച്, നമ്മൾ കുട്ടികൾക്കു പോളിയോ വാക്സിൻ കുത്തിവയ്ക്കുന്നതുപോലെ, ജന്മപാപം കുത്തിവച്ചു നൽകിയോ? അങ്ങനെയെങ്കിൽ, ദൈവമാണ് ജന്മപാപത്തിന് ഉത്തരവാദി. മറ്റൊന്നു സങ്കല്പിക്കൂ. ദൈവം മനുഷ്യാത്മാക്കളെയെല്ലാം സൃഷ്ടിച്ച് സ്വർഗ്ഗത്തിന്റെ ഒരു കോണിൽ കൂട്ടിയിട്ടിരിക്കുന്നു. ആദത്തിനെ ശപിച്ച കൂട്ടത്തിൽ ഈ വെറുതെ കിടന്ന ആത്മാക്കളെയും ശപിച്ചു! അങ്ങനെയെങ്കിൽ, അതിനും ദൈവമാണു കുറ്റക്കാരൻ. ഞാൻ ചെയ്യാത്ത, ബോധപൂർവ്വമല്ലാത്ത, പ്രവൃത്തിക്ക് ഞാൻ ശിക്ഷിക്കപ്പെടരുത്.

കത്തോലിക്കാസഭയ്ക്ക് പ്രിയപ്പെട്ട പാപം ലൈംഗികപാപമാണ്. ആദവും ഹവ്വായും അങ്ങനെ വല്ലതും കാണിച്ചോ? കാണിക്കത്തില്ല. മരണമുള്ളവനേ വർഗ്ഗം നിലനിർത്താൻ സന്താനങ്ങളെ ജനിപ്പിക്കാനുള്ള പ്രവണതയുള്ളൂ. ആദത്തിനു മരണം വിധിച്ചത് പാപശേഷമാണല്ലോ. സ്വർഗ്ഗത്തിൽ മാലാഖമാർ മാലാഖക്കുഞ്ഞുങ്ങളെ ജനിപ്പിക്കാത്തത് അവർക്കു മരണമില്ലാത്തതുകൊണ്ടാണ്? കോടാനുകോടി മാലാഖമാരെ സൃഷ്ടിച്ച ബുദ്ധിമാനായ ദൈവം രണ്ടു മാലാഖമാരെ ഒരു വർഗ്ഗത്തിൽ (species) സൃഷ്ടിച്ചിട്ടില്ല. ആണും പെണ്ണും ഒരു വർഗ്ഗത്തിലില്ലെങ്കിൽ പെറ്റു പെരുകുകയില്ലല്ലോ! പിഴച്ച മാലാഖമാരാണല്ലോ പിശാചുക്കൾ. അവർക്കും വംശവർധന നടത്തത്തില്ല! പിന്നെ, മനുഷ്യവർഗ്ഗത്തെ ജന്മപാപത്തിന്റെ പേരിൽ ചൂഷണം ചെയ്യുന്ന പുരോഹിതവർഗ്ഗത്തിൽക്കൂടി മനുഷ്യാവതാരം നടത്താം!

ജന്മപാപം മനുഷ്യന്റെ ഇന്നത്തെ അവസ്ഥയ്ക്ക്, ലോകത്തിന്റെ ദുഃസ്ഥിതിക്ക്, മിത്തു നൽകുന്ന സാങ്കല്പിക വിശദീകരണമാണ്. ഈ അനുഭവം എല്ലാ മതങ്ങളിലുമുള്ള മനുഷ്യന്റെ കാര്യമാണ്. മാമ്മോദീസാ മുങ്ങിയാലും ഇല്ലെങ്കിലും പ്രശ്നങ്ങൾക്ക് ഒരു വ്യത്യാസവും വരുന്നില്ല. അതുകൊണ്ട് ജന്മപാപം നീക്കാനുള്ള മാമ്മോദീസായ്ക്ക് പൂജ്യം വിലയാണുള്ളത്. മനുഷ്യവർഗ്ഗത്തിന്റെ രക്ഷ ഒരവതാരത്തിലും തൂങ്ങി നിൽക്കുന്നില്ല. മിത്തുകൾ സാന്മാർഗ്ഗികജീവിതത്തിന് ഉത്തേജനം നല്കാനുള്ളതാണ്. അതുകൊണ്ടാണ് എല്ലാ മതങ്ങളും മിത്തുകളെ ആശ്രയിക്കുന്നത്. നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട് മറ്റുള്ളവർ സ്വർഗ്ഗസ്ഥനായ പിതാവിനെ സ്തുതിക്കണം എന്നു പറഞ്ഞ ക്രിസ്തു നല്ല പ്രവൃത്തികളാണ്, പുരോഹിതവർഗ്ഗത്തിന്റെ മതാനുവർത്തനമല്ല, സ്വർഗ്ഗപ്രാപ്തിക്ക് ആവശ്യമെന്നു പഠിപ്പിച്ച് എല്ലാ മതങ്ങളുടെയും അതിർത്തിവരമ്പുകൾ തട്ടിനിരത്തി. മറ്റ് അവതാരങ്ങളും ഇതുതന്നെയാണു ചെയ്തത്.

ഫോൺ: 9822256275

പൗരോഹിത്യം ഏല്പിക്കുന്ന ഹൃദയാഘാതങ്ങൾ

വി.എം. ഫ്രാൻസീസ്

നല്ലവരായ മോനിക്കാതോമസിനെയും ഇന്ദുലേഖയെയും വി. കെ. കുര്യനേയുംപോലെ, എത്രയോ നിരപരാധികൾ പുരോഹിതരുടെ വെളിച്ചപ്പാടുതുള്ളലിൽ ബലികഴിക്കപ്പെട്ടിട്ടുണ്ട്!

ഇതാ, അതേ പട്ടികയിൽപ്പെടുത്താവുന്ന മറ്റൊരു സംഭവം- എന്റെ കുടുംബത്തിൽ നടന്നത്.

1948 മാർച്ച് 19-ാം തീയതി പാലാ കരൂർ ഇടവകയിൽപ്പെട്ട വിലങ്ങുപാറ മത്തായിയുടെയും അന്നമ്മയുടെയും മകളും എന്റെ മൂത്ത ചേച്ചിയുമായ മേരിയെ, മാവേലിക്കര കല്യാണശ്ശേരിൽ സൈമൺ-ആച്ചിയമ്മ ദമ്പതികളുടെ മകൻ കെ.എസ്. മാത്യു, ന്യൂഡൽഹിയിൽ സെന്റ് ഫിലോമിനാസ് കത്തീഡ്രലിൽവച്ച്, അന്നത്തെ അപ്പസ്തോലിക് ഇന്റർ ന്യൂൺഷ്യോ കാർഡിനൽ മെൽവിന്റെ കാർമ്മികത്വത്തിൽ വിവാഹം ചെയ്തു. ഞങ്ങളുടെ പിതൃസഹോദരപുത്രനും പാലാ സെൻട്രൽ ബാങ്ക് അസിസ്റ്റന്റ് മാനേജരുമായിരുന്ന വിലങ്ങുപാറ വി.കെ. ജോസഫ് ആയിരുന്നു മേരിയുടെ രക്ഷാധികാരിയായി വിവാഹരജിസ്റ്ററിൽ ഒപ്പുവച്ച ഒരു സാക്ഷി.

മേരി ഡൽഹിയിലെ 'ലേഡി ഇർവ്വിൻ കോളേജി'ലെ ത്രിവത്സര ഡിഗ്രി കോഴ്സിന്റെ അവസാനവർഷ വിദ്യാർത്ഥിനിയും, മാത്യു സെൻട്രൽ സെക്രട്ടറിയേറ്റിൽ അസി. സെക്രട്ടറി തസ്തികയിലേക്ക് ഉയർത്തപ്പെട്ട ഉദ്യോഗസ്ഥനുമായിരുന്നു. മേയ് 12-ന് അവസാനവർഷ പരീക്ഷ തീർന്നതുകൊണ്ടും വിവാഹാനന്തര മുള്ള ദീർഘയാത്രയിൽ കൂടുതൽ സുരക്ഷിതത്വം കിട്ടുന്നതിനും വേണ്ടിക്കൂടി ആയിരുന്നു, അവർ ഡൽഹിയിൽത്തന്നെ വിവാഹിതരായത്.

പൊതുജനസമ്മതനും കരൂർ പള്ളി പുതുക്കിപ്പണിയിച്ച കൈക്കാരനുമായിരുന്ന ഞങ്ങളുടെ ഇച്ചാച്ചൻ (മത്തച്ചേട്ടൻ). വിവരങ്ങൾ സ്ഥലം വികാരിയച്ചനെ മുൻകൂട്ടി അറിയിക്കാൻ പള്ളിമേടയിലെത്തിയിരുന്നു. അച്ചൻ ചോദിച്ചു:

"കല്യാണം നടത്തണമെങ്കിൽ എന്റെ കുറിവേണ്ടേ?"

"അതിനെപ്പറ്റി ഒന്നും എഴുതിയിട്ടില്ലച്ചോ; ചേട്ടന്റെ മകൻ കുഞ്ഞുകുട്ടിയാണ് അവിടെ കാര്യങ്ങളൊക്കെ നടത്തുന്നത," അപ്പൻ പറഞ്ഞു.

"എന്നാലും ഇടവകക്കുറിവേണമല്ലോ?"-അച്ചൻ.

"അവരൊക്കെ അവിടെ ഇടവക ചേർന്നിരിക്കും. ആദ്യതവണ അവധിക്കുവന്നപ്പോൾത്തന്നെ മകൾ മാമ്മോദീസാ സർട്ടിഫിക്കറ്റ് കൊണ്ടുപോയിരുന്നു"- ഇച്ചാച്ചൻ മറുപടി പറഞ്ഞു.

"കത്തോലിക്കരായ കുട്ടികളെല്ലാം അവിടെ പള്ളിയിൽ ചേരണമെന്നാണ് നിയമം" എന്ന് പണ്ടു മകൾ പറഞ്ഞിരുന്നത് ഇച്ചാച്ചൻ ഓർമ്മയിൽനിന്നു തപ്പിയെടുത്ത് അച്ചനെ അറിയിക്കുകയും ചെയ്തു.

രണ്ടാഴ്ച കഴിഞ്ഞ് വധൂ-വരന്മാർ വിരുന്നുവന്നു. മകൾ കൊടുത്ത ഒരു സർട്ടിഫിക്കറ്റ് ഇച്ചാച്ചൻ വികാരിയച്ചനെ ഏൽപിച്ചു. അച്ചനത്ര ബോധിച്ചതായി തോന്നിയില്ല.

രണ്ടുദിവസം കഴിഞ്ഞ് അച്ചൻ കപ്യാരെ പറഞ്ഞുവിട്ട് ഇച്ചാച്ചനെ മേടയിലേക്കു വിളിപ്പിച്ചു. വികാരി നേരേ നോക്കാതെ പറഞ്ഞു:

"മത്തച്ചേട്ടാ, അവരുടെ വിവാഹം ഞാൻ അംഗീകരിക്കുന്നില്ല..... അവരെ വീട്ടിൽനിന്നു പറഞ്ഞുവിടണം..... അല്ലെങ്കിൽ എനിക്കു മാതാപിതാക്കളെ കൂദാശകളിൽനിന്നു മുടക്കേണ്ടിവരും."

ഒരു വെള്ളിടി വെട്ടിയാൽ ഇത്രയും ആഘാതം ആ പാവം നാട്ടുമ്പുറത്തുകാരൻ കുടുംബനാഥനുണ്ടാകില്ലായിരുന്നു. ഇച്ചാച്ചൻ തളർന്നിരുന്നുപോയി.

അടുത്ത ഞായറാഴ്ച ഉച്ചക്കുർബാനയ്ക്ക് അച്ചൻ പള്ളിയിൽ വിളിച്ചറിയിച്ചു: ".....കൂദാശ മുടക്കിയിരിക്കുന്നു!"

എന്റെ മാതാപിതാക്കൾ മാനസികവും ശാരീരികവുമായി പാടേ തളർന്നുപോയി.

ഒൻപതാം ക്ലാസിൽ പഠിച്ചിരുന്ന എന്നെ എന്റെ ചേച്ചി ഒരു കത്തുമായി ചങ്ങനാശ്ശേരി അരമനയിലേക്കു യാത്രയാക്കി. പാലാപട്ടണം വിട്ട് ഒരിടത്തും തനിയെ സഞ്ചരിച്ചിട്ടില്ലാതിരുന്ന ഞാൻ ചോദിച്ചും കേട്ടും, വണ്ടി കേറിയും നടന്നും അരമനയിലെത്തി.

അന്ന് അഭിവന്ദ്യനായ കാവുകാട്ടു പിതാവായിരുന്നു മെത്രാൻ. അദ്ദേഹം എന്നോട് വളരെ വാത്സല്യത്തോടെ പെരുമാറി. അദ്ദേഹം കത്തു വാങ്ങിനോക്കി. എനിക്കു ലഘുഭക്ഷണവും വികാരിക്കുള്ള കല്പനയും തന്നയച്ചു.

കല്പന കപ്യാരുവഴി വികാരിയെ ഏൽപ്പിച്ചു. അദ്ദേഹം മുറുമുറുപ്പോടെ കപ്യാരുവഴി മുടക്കു പിൻവലിച്ചു.

കാഞ്ഞിരപ്പള്ളി പുകയുന്നു!



'**വി**ശ്വാസികളേ ഉണർന്നു പ്രവർത്തിക്കുക! നിദ്രവിട്ടുണരേണ്ട മണിക്കൂറാണിത്!' എന്ന ശീർഷകത്തിൽ A-4 വലുപ്പത്തിൽ 10 പേജുള്ള ഒരു ലഘുലേഖ, കാഞ്ഞിരപ്പള്ളി കത്തീഡ്രൽ പള്ളി 'ഇടവകസംരക്ഷണ സമിതി' യുടെ പേരിൽ പുറത്തുവന്നിട്ടുണ്ട്. ഇന്റർനെറ്റിലൂടെയും ഇതു പ്രചരിക്കുന്നുണ്ട്. നല്ല ഭാഷയിലും യുക്തിഭദ്രമായും തെളിവുകളുടെ അടിസ്ഥാനത്തിലും എഴുതിയിരിക്കുന്ന ഈ ലഘുലേഖ സൂചിപ്പിക്കുന്നത്, കത്തീഡ്രൽ പള്ളി ഇടവക നയിക്കപ്പെടുന്നത്, മുഖ്യമായും വികാരിയച്ചനും അദ്ദേഹം കൈക്കാരനായി നോമിനേറ്റുചെയ്ത ഒരു നിയമജ്ഞനും ചേർന്നുള്ള ഒരു ഉപജാപകസംഘത്താലാണെന്നാണ്. പാരീഷ് കൗൺസിൽ തിരഞ്ഞെടുപ്പിൽ സ്വന്തം വാർഡിൽനിന്നും 2 വോട്ടുമാത്രം നേടാനായ ഈ നിയമജ്ഞനെ പി.ആർ.ഒ. എന്നതടക്കം 5 സ്ഥാനങ്ങളിലാണ് വികാരി പ്രതിഷ്ഠിച്ചിരിക്കുന്നതത്രെ! മറ്റു മൂന്നു കൈക്കാരന്മാരും അച്ചന്റെ നോമിനികൾതന്നെ!

ഈ സംഘത്തിന്റെ നേതൃത്വത്തിൽ രഹസ്യസ്വഭാവത്തോടെ കത്തീഡ്രൽ ഇടവകയിൽ നടക്കുന്ന നിരവധി കാര്യങ്ങളാണ് ഈ ലഘുലേഖ വെളിപ്പെടുത്തിയിരിക്കുന്നത്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഒരു വസ്തു കച്ചവടമാണ്. തീർത്ഥാടനകേന്ദ്രമായ പഴയപള്ളിയിലേക്ക് കെ. കെ. റോഡിൽനിന്ന് ഒരു റോഡു തുറക്കുന്നതിനായി, ഒരേക്കറോളം സ്ഥലമാണ്, 32 കോടിയോളം രൂപകൊടുത്ത് രഹസ്യസ്വഭാവത്തിൽ കച്ചവടമുറപ്പിച്ച് പലരിൽ നിന്നായി വാങ്ങിയത്. അതിന് പഴയ പള്ളിയിരിക്കുന്ന സ്ഥലം ബാങ്കിൽ ഈടുവച്ച് വായ്പ വാങ്ങുകയായിരുന്നു. 2012 ജനുവരിയിൽ ഇതു സംബന്ധിച്ച ഉടമ്പടിയെഴുതുകയും, തുക കൈമാറുകയും, പലിശയായി ഇതിനകംതന്നെ ഒന്നരക്കോടിയോളം രൂപ ബാങ്കിലടയ്ക്കുകയും ചെയ്തിട്ടും, ഈ അടുത്തകാലത്തു മാത്രമാണത്രെ ഇടവകക്കാർ ഇക്കാര്യങ്ങളെല്ലാം അറിഞ്ഞത്! എഗ്രിമെന്റ് കാലാവധി 2013 ജനുവരിയിൽ അവസാനിച്ചെങ്കിലും, ഇതുവരെ ആധാരം നടത്തുകയോ എഗ്രിമെന്റ് പുതുക്കുകയോ ചെയ്തിട്ടില്ല എന്നും ഇടവക സംരക്ഷണ സമിതി പറയുന്നു. ഇടവക്കാർതന്നെയായ ഏതാനും പേർ ഈ കച്ചവടത്തിൽ ഇടനിലക്കാരായിനിന്ന്, സെന്റിന് 16 ലക്ഷം രൂപാവെച്ചു സ്ഥലം വാങ്ങി പള്ളിക്ക് ഇരട്ടി വിലയ്ക്കു മറിച്ചു വിൽക്കുകയായിരുന്നത്രെ!

ഇടവകയ്ക്കു കടബാധ്യത വരുത്തിവച്ചു വാങ്ങിയ ഈ സ്ഥലം ഒരു വിവാദ റിയൽ എസ്റ്റേറ്റ് ഫ്ളാറ്റ്നിർമ്മാണകമ്പനിക്ക് ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിന് നൽകാനുള്ള നീക്കം നടന്നുകൊണ്ടിരിക്കുകയാണെന്നും ലഘുലേഖയിൽ ആരോപണമുണ്ട്. ഇടവകസംരക്ഷണസമിതി പറയുന്നതനുസരിച്ച്, ഈ വിവരം അന്വേഷിച്ചുവന്ന എന്റെ പിതാവിന്റെ അടുത്ത ബന്ധു പറഞ്ഞു:

"ചേട്ടൻ ഈ വക്കാലത്ത് ഒന്നു ഒപ്പിട്ടുതന്നാൽ മാത്രം മതി. അച്ചൻ പത്തുദിവസം കച്ചേരിയിൽ നിൽക്കട്ടെ. കേസ് ശിക്ഷിക്കയും ചെയ്യും. കാരണം, ഒന്നാമതായി പ്രായപൂർത്തിയായ മക്കൾ തെറ്റു ചെയ്താൽത്തന്നെയും മാതാപിതാക്കളെ ശിക്ഷിക്കുവാൻ ഇന്ത്യൻ നിയമത്തിൽ വകുപ്പില്ല. രണ്ടാമതായി, മാർപ്പാപ്പായുടെ ഇന്ത്യൻ സ്ഥാനപതിയുടെ കൈയൊപ്പിട്ട സർട്ടിഫിക്കറ്റ് നിരാകരിക്കുവാൻ ഒരു സാധാരണ പുരോഹിതന് അധികാരമില്ല."

നല്ലവനായിരുന്ന എന്റെ ഇച്ചാച്ചൻ പറഞ്ഞു. "വേണ്ടാ, കുഞ്ഞൗതേ, കർത്താവു പറഞ്ഞതെന്താ? ഇവരു ചെയ്യുന്നതെന്താണെന്നു അവരുതന്നെ അറിയുന്നില്ല. അവരോടു പൊറുക്കേണമേ, എന്നല്ലേ? അതു പട്ടാളക്കാരെ ഓർമ്മിച്ചായിരുന്നില്ല; ദുഷ്കർമ്മികളായ പുരോഹിതരെ മുന്നിൽ കണ്ടുകൊണ്ടായിരുന്നു."

●

'ഇന്ദുലേഖയ്ക്ക് മാനസിക രോഗം; രണ്ടു പൊട്ടിച്ചാൽ പൂർണ്ണമായും മാറും' – പി സി ജോർജ്ജ്

'തമസോമാ' എന്ന ഓൺലൈൻ പ്രസിദ്ധീകരണത്തൽ വന്നത്– എഡിറ്റർ

തനിക്കും മകൻ ഷോൺ ജോർജ്ജിനുമെതിരെ പരാതിയുമായി നടക്കുന്ന ഇന്ദുലേഖാ ജോസഫിനു മാനസിക രോഗമാണെന്ന് പി സി ജോർജ്ജ് പറഞ്ഞു. 'ഈ കുട്ടിയുടെ പിതാവും അമ്മയുംകൂടി ഈ കുട്ടിയുടെ ഭാവി നശിപ്പിക്കുകയാണ്. ഈരാറ്റുപേട്ടയിൽ ചെന്ന് അന്വേഷിച്ചാൽ അറിയാം ഇവരുടെ ശരിയായ സ്വഭാവം. ഇവർക്ക് കുടുംബത്തോടെ മാനസികരോഗമാണ്. പെൺകുട്ടിയെ വിളിച്ചു മാറ്റി നിറുത്തി രണ്ടു പൊട്ടിച്ചാൽ മാറാവുന്ന രോഗമേ ഈ പെൺകുട്ടിക്ക് ഉള്ളൂ. അച്ചന്മാർക്കും പള്ളികൾക്കുമെതിരെ ബ്ലാക് മാജിക്കുമായി ഇറങ്ങിയിരിക്കുകയാണ് ഇവർ. മകളെ നശിപ്പിക്കുകയാണ് ഈ മാതാപിതാക്കൾ ചെയ്യുന്നത്. അധ്യാപകനായി റിട്ടയർ ചെയ്ത ഈ പെൺകുട്ടിയുടെ പിതാവിന്റെ കൈയിൽ പത്രത്തിൽ ലക്ഷങ്ങൾ മുടക്കി പരസ്യംചെയ്യാൻ പണമെവിടുന്നാണ്...? '

'റോഡ് വികസനത്തിന്റെ ഭാഗമായി സർവ്വേ നടത്തിയപ്പോഴാണ് അറിഞ്ഞത്, ഈ പെൺകുട്ടിയുടെ വീടിരിക്കുന്ന സ്ഥലം പുറംപോക്കിലാണെന്ന്. എന്നിട്ടും ഇവർക്കെതിരെ നടപടികളൊന്നും വേണ്ടെന്ന് ഞാൻ പറഞ്ഞിരുന്നു. പക്ഷേ, അധികൃതർ നിയമപരമായിത്തന്നെ മുന്നോട്ടുപോയി. ഇതിൽ ഞാനും മകനും എന്തു ചെയ്തു..?'–പി സി ജോർജ്ജ് ചോദിക്കുന്നു.

പി.സി. ജോർജിനെതിരെ നിയമനടപടി സ്വീകരിക്കും–ഇന്ദുലേഖാ ജോസഫ്

കൊച്ചി: ചർച്ച് ആക്ട് നടപ്പാക്കണമെന്ന ആവശ്യം പ്രചരിപ്പിക്കുന്നതിനാൽ തന്റെ വീട് ഇടിച്ചുനിരത്താൻ സർക്കാർ ചീഫ് വിപ്പ് പി.സി. ജോർജും മകനും ശ്രമിക്കുകയാണെന്ന് ഈരാറ്റുപേട്ട സ്വദേശിനി ഇന്ദുലേഖാ ജോസഫ് പത്രസമ്മേളനത്തിൽ ആരോപിച്ചു. തങ്ങളുടെ പേരിലുള്ള നാലു സെന്റുസ്ഥലം പുറമ്പോക്കാണെന്നും വികസനത്തിനായി സർക്കാർ ഏറ്റെടുക്കുകയാണെന്നും കാട്ടി നോട്ടീസ് നൽകിയിരിക്കുകയാണ്. ഒരു വെബ് സൈറ്റിലൂടെ പി.സി. ജോർജ് തന്നെയും കുടുംബത്തെയും അപമാനിച്ചു എന്നും അവർ പറഞ്ഞു. മാപ്പു പറയാൻ തയ്യാറായില്ലെങ്കിൽ, ചീഫ് വിപ്പിനെതിരെ നിയമനടപടി സ്വീകരിക്കുമെന്നും അവർ പറഞ്ഞു (മാതൃഭൂമി, 2014 ജനുവരി 31, പേജ് 7).

ക്ഷണസമിതി പറയുന്നു: *'സ്വതന്ത്രവും നീതിയുക്തവുമായ പാരിഷ്കൗൺസിൽ തിരഞ്ഞെടുപ്പ് ഇവിടെ നടത്തുന്നില്ല. വോട്ടെടുപ്പ് നടത്തി തിരഞ്ഞെടുക്കുന്നവരുടെ എണ്ണത്തേക്കാൾ കൂടതൽപേരെ നോമിനേറ്റ് ചെയ്ത് സ്വന്തം താല്പര്യങ്ങൾ സംരക്ഷിക്കാനാണ് നേതൃത്വം ശ്രമിക്കുന്നത്. ഇങ്ങനെ നോമിനേറ്റു ചെയ്യപ്പെടുന്നവരിൽ ഭൂരിഭാഗവും കൗൺസിൽയോഗങ്ങളിൽ സംബന്ധിക്കാറില്ല. നിർണ്ണായകങ്ങളായ യോഗങ്ങളിൽ ഇവരെ പ്രത്യേകം വിളിച്ചുവരുത്തി ഭൂരിപക്ഷം ഉറപ്പിക്കുകയും ചെയ്യും. പൊതുയോഗം വിളിച്ചുകൂട്ടണമെന്ന ആവശ്യം പരിഗണിക്കാൻ പോലും നേതൃത്വം ഭയപ്പെടുന്നു. കാരണം, ഇടവകജനത്തിന്റെ പൊതുവികാരം അവർക്കെതിരെയാണെന്നതുതന്നെ!'*(പേജ് 3)

ഈ വസ്തുക്കച്ചവടം കൂടാതെ വേറെയും പല ആരോപണങ്ങളും 'ഇടവകസംരക്ഷണസമിതി' ഉന്നയിക്കുന്നുണ്ട്: *'സ്കൂൾ, കോളേജ്, എസ്റ്റേറ്റ് കമ്മിറ്റികൾ പ്രത്യേകമുണ്ടെങ്കിലും വഴിവിട്ട കാര്യങ്ങളിൽ മേൽപ്പറഞ്ഞ ഉപജാപകവൃന്ദം കമ്മിറ്റികളെ അറിയിക്കാതെ തീരുമാനങ്ങളെടുത്തു നടപ്പാക്കുന്നു.....' 'എസ്.ഡി.കോളേജിൽ അദ്ധ്യാപകനിയമനത്തിന് 25 ലക്ഷം രൂപയാണ് ഈയിടെ വാങ്ങിയത് (പേജ് 4); 'ആഡംബരത്തിനും ധൂർത്തിനുമെതിരെ ഘോരഘോരം പ്രസംഗിക്കുന്നവർ ലക്ഷങ്ങൾ മുടക്കി പള്ളിമുറ്റത്ത് സ്വർണ്ണക്കൊടിമരവും കൽക്കുരിശും പിയത്തായും പണിയിക്കാൻ വ്യഗ്രതകാട്ടുന്നത് ധൂർത്തു മാത്രമല്ല, കടബാധ്യതയുടെ ആക്കംകൂട്ടുകയുമാണ്...' 'വിദ്യാഭ്യാസസഹായനിധി ശേഖരിച്ചിട്ട്, പേരിന് ഏതാനും പേർക്കു മാത്രം സഹായം നൽകി ബാക്കി തുക രൂപതവക ബാങ്കിൽ ഷെയറാക്കി മാറ്റി'* (പേജ് 7)– ഇങ്ങനെ നീളുന്നു. ആരോപണങ്ങൾ!

ലഘുലേഖ ഇങ്ങനെ ഉപസംഹരിക്കുന്നു: *'വിശ്വാസികളുടെ സമൂഹമായ സഭയിലെ എല്ലാ അംഗങ്ങൾക്കും കൂട്ടുത്തരവാദിത്വമാണുള്ളത്. പുരോഹിതർ ആത്മീയശുശ്രൂഷയിൽ വ്യാപൃതരാകട്ടെ.....കൈക്കാരന്മാർ തങ്ങളെയേൽപിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിറവേറ്റട്ടെ. ദൈവജനം തീക്ഷ്ണതയോടെ ക്രിസ്തീയജീവിതശൈലിയിൽ ജീവിക്കട്ടെ. അതിനാൽ ഉണരുക! പരസ്പരം ആശയവിനിമയം നടത്തുക! പരസ്പരം ആശ്വസിപ്പിക്കുക! ധൈര്യം പകരുക! അന്യായങ്ങൾക്കെതിരെ സൗമ്യമായി, ശക്തമായി പ്രതികരിക്കുക.... അവസാനവിധിയിൽ കൽക്കുരിശു പണിതോ? കൊടിമരം നാട്ടിയോ? വലിയ പള്ളി പണിതോ? സ്വർണ്ണക്കുരിശു കൊടുത്തോ? പെരുന്നാൾ നടത്തിയോ എന്നുള്ള ചോദ്യങ്ങളില്ല. ഈ ചെറിയവരിൽ ഒരുവനു നന്മചെയ്തോ എന്ന ഒറ്റ ചോദ്യംമാത്രം. ചിന്തിക്കുക! പ്രാർത്ഥിക്കുക! പങ്കുവയ്ക്കുക'* (പേജ് 10).

●

പള്ളി കുത്തിത്തുറന്നു കലഹക്കുർബാന!

സാമുവൽ കൂടൽ

'പള്ളികുത്തിത്തുറന്ന് കള്ളൻ പൊൻകുരിശു കട്ടോണ്ടുപോയി' എന്നൊക്കെ പത്രത്തിൽ അതിരാവിലെ വായിച്ച് എന്റെ കുട്ടിക്കാലത്തു ഞാൻ അമ്പരന്നിട്ടുണ്ട്! ഇന്നു രാവിലെ ടിവിയിൽ, ആലുവാത്യക്കുന്നത്തു സെമിത്തേരിപ്പള്ളി കുത്തിത്തുറന്നു കയറി പരി.ശ്രേഷ്ഠബാവായും ശിങ്കിടി മെത്രാന്മാരും, ശേഷം കത്തനാരന്മാരുംകൂടി കൂട്ടക്കുർബാന ചൊല്ലിയെന്നു കേട്ടപ്പോൾ, അകക്കാമ്പിൽ എന്തെന്നില്ലാത്ത ഒരമ്പരപ്പ്! പള്ളി കുത്തിത്തുറന്നുള്ള മോഷണമോ, പള്ളി കുത്തിത്തുറന്നുള്ള കൂട്ടക്കുർബാനയോ ഏതാണു കൊടിയപാപം എന്ന ചോദ്യമായി അത് എന്നിൽ വളഞ്ഞുകുത്തി നിൽക്കുന്നു. അതോ, പരി.ബാവായുടെ തിരുനിണം തിരുമേനിയുടെ കാലിന്റെ തള്ളവിരലിൽനിന്നും (ബാവയെ അറസ്റ്റുചെയ്യുന്ന അങ്കലാപ്പിൽ ഏതോ കശ്മലൻ പോലീസ്സുകാരൻ ചവിട്ടിയതുകാരണം) ഒഴുകുകയും, ആ തിരുരക്തത്താൽ ഇവർ കാട്ടിയ കൊടുംപാപം കഴുകിപ്പോകുകയും ചെയ്തിരിക്കുമോ? കാൽവരിയിലെ കർത്താവിന്റെ ആ ത്യാഗബലിയെ വെല്ലുന്ന കൂട്ടബലി! 'എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇപ്രകാരം ചെയ്യുവി'നെന്ന് സെഹിയോനിൽ നാഥൻ അരുളിയ കാവ്യബലിയെ തോൽപ്പിച്ച കൂട്ടക്കുർബാന! സ്വത്തും പള്ളിയും കയ്യടക്കാൻ പൗരോഹിത്യം ആയുധമാക്കുന്ന കൂട്ടക്കുർബാന!

അനന്തമായ നിത്യസത്യത്തിനായ് തന്നത്തിൽ അലിഞ്ഞു ചേരുവാൻ ശ്രമിക്കേണ്ട മനുഷ്യൻ പാതിരിപ്പുറകേ പോയി പള്ളിക്കേസിലകപ്പെട്ടു കിടക്കുന്നു! എന്തൊരു വിധിവൈപരീത്യം...! എത്ര കോടതികൾ കയറിയാലും കത്തനാരും മെത്രാനും പള്ളിക്കേസുകൾ മതിയാക്കുകയില്ല! കാരണം, കേസിനുള്ള കാശവരുടെ കീശയിൽനിന്നുമല്ല: ബുദ്ധി ഉപയോഗിക്കാത്ത അല്മായർ അതു കണ്ടെത്തിക്കൊള്ളുമത്രെ!

'മാറ്റുവിൻചട്ടങ്ങളെ!' ഇനിമേലിൽ വിശ്വാസത്തിന്റെ പേരിൽ ദൈവജനമേ, തമ്മിൽ തല്ലരുതേ. വയറ്റിപ്പാടു രാഷ്ട്രീയക്കാരെക്കാളും നീചമനസുകളായ ഈ ളോഹക്കാർ തമ്മിൽ നേർക്കുനേർ അടിക്കട്ടെ! അങ്കംവെട്ടട്ടെ!

പള്ളിക്കേസുകൾ തീർക്കാൻ ഇനിയും അതേ വഴിയുള്ളൂ- പഴയ അങ്കം വെട്ട്! മെത്രാന്മാർ സ്വന്തം നിലയിൽ ഒതേനന്മാരും അരിങ്ങോടന്മാരും ആകട്ടെ! തലസ്ഥാനത്തെ ഒരു പൊതുവേദിയിൽ ഭൂലോകവും സ്വർഗ്ഗവും കാണുമാറ്, എല്ലാ മീഡിയാ സന്നാഹങ്ങളുടെയും മുൻപിൽ, തങ്ങളുടെ ആയുധമായി കൈയിലിരിക്കുന്ന കുരിശുകൾ കൊണ്ടുതന്നെ ഇവർ അങ്കം വെട്ടട്ടെ! അല്മായർ മൂകസാക്ഷികളായി നിൽക്കുകയും ചെയ്യട്ടെ!

'പ്രാർത്ഥന' എന്ന വാക്കിനെയും, ഈ വാക്കുകൊണ്ട് ഉദ്ദേശിക്കുന്ന കർമ്മത്തെയും അപഹാസ്യമാക്കുന്ന സമരപ്രാർത്ഥനക്കാരേ, പ്രാർഥനാസമരക്കാരേ, പ്രാർഥനായജ്ഞക്കാരേ, ശ്രേയസെന്തെന്നും ശ്രേഷ്ഠതയെന്തെന്നും അറിയാത്തവരേ, ഒരുവൻ ശ്രേഷ്ഠനാകുവാൻ എന്തു ചെയ്യണം എന്നു നസറായൻ അരുളിയത് ളോഹ ധരിക്കും മുമ്പേ നിങ്ങൾ അറിയേണ്ടതായിരുന്നു. ക്രിസ്ത്യാനിസമൂഹം ആകമാനം ഇതാ അപമാനിതരായിരിക്കുന്നു. അക്രൈസ്തവർ നമ്മെ നോക്കി, 'ഇവനൊന്നും പ്രാർത്ഥന എന്തെന്നുകൂടി അറിയില്ലയോ' എന്നു പരിഹസിക്കുന്നു! കലഹത്തേയും പ്രാർത്ഥനയേയും ഒരേ സമയം മനസ്സിലാവാഹിക്കാൻ കഴിവുള്ള വികൃത ജന്മങ്ങളോ ഈ ളോഹജീവികൾ എന്ന് ലോകം അത്ഭുതംകൂറുന്നു.

കലഹത്തിന്റെ കാഹളം സദാ മനസ്സിൽ മുഴക്കിക്കൊണ്ട്, സമരപ്പന്തലുകളിൽപോലും കുർബാനചൊല്ലി, പാവം കർത്താവിനെയും അവനെ അറിയാൻ വെമ്പുന്ന മനുഷ്യമനസുകളേയും കളിയാക്കുവാൻ പലതരം നിറളോഹകളിൽ കയറിക്കൂടിയ പുരോഹിത ചെന്നായ്ക്കളേ, നിങ്ങൾക്കു ഹാ കഷ്ടം ! 'നിങ്ങൾ ജനിക്കാതെയിരുന്നെങ്കിൽ എത്ര നന്നായിരുന്നു' എന്ന് ഉറക്കെ കരയുന്ന കാലം വരുന്നു !..

ഫോൺ: 9447333494

സത്യജ്വാല
പരസ്യങ്ങൾ സ്വീകരിക്കുന്നു!

Cover Back Full -Colour	- 15000
Cover Back Inside -Colour	- 10000
Cover Front Inside-Colour	- 12000
Inside Full -B/w	- 7000
Inside Half -B/w	- 4000
Inside Qtr. -B/w	- 2000

ഫാ.ഓണങ്കുളത്തിനെ വൈദികലോബി വെള്ളപൂശി കളങ്കിതനാക്കി

പി.കെ. മാത്യു, ഏറ്റുമാനൂർ

കോടതി വിധികളുടെ വെളിച്ചത്തിൽ ഫാ. ബെനഡിക്ടിന്റെ പിതൃസ്വത്തിനു അവകാശിയാണ് മറിയക്കുട്ടിയുടെ മകൻ ജോയിമോൻ. ജോയിമോനു 14 വയസ്സുണ്ടായിരുന്നപ്പോൾ ബെനഡിക്ടച്ചൻ ജോയിമോനെ ആളയച്ചു വരുത്തി കണ്ട കാര്യം ജോയിമോൻതന്നെ കെ.സി.ആർ.എം. ന്റെ അന്വേഷണസംഘത്തോടു പറഞ്ഞത്, 'റിപ്പോർട്ടർ' ചാനൽ സംപ്രേഷണം ചെയ്തിരുന്നു. മണിമലയ്ക്കടുത്ത് പത്തനാടുള്ള അഗതിമന്ദിരത്തിന്റെ പുറംഗയിറ്റിൽ വച്ചായിരുന്നു ഈ കൂടിക്കാഴ്ച നടന്നത്. ജോയിമോൻ പറഞ്ഞതനുസരിച്ച് കണ്ടമാത്രയിൽ അച്ചൻ അടിമുടി വിറയ്ക്കാൻ തുടങ്ങി. ഗയിറ്റിൽ അദ്ദേഹം ബലമായി പിടിച്ചു. ആ ഗയിറ്റുപോലും കിടുകിടാ ശബ്ദത്തോടുകൂടി കുലുങ്ങി. ശബ്ദിക്കാനാവാതെ കണ്ണീർ പൊഴിച്ച അച്ചൻ കുറെ രൂപാ അടങ്ങുന്ന ഒരു പൊതി ജോയിമോന്റെ കൈയിൽ വച്ചുകൊടുത്തശേഷം ഇത്രമാത്രം പറഞ്ഞു. "ഞാൻ നിരപരാധിയാണ്, എന്നോടു ക്ഷമിക്കുക". സഭാധികാരികൾ കർശനമായി വിലക്കിയതുകൊണ്ടാവാം പിന്നീട് ആ പയ്യനെ ബെനഡിക്ടച്ചൻ കാണാതിരുന്നത്.

പക്ഷാഘാതം പിടിപെട്ടു മുടിയൂർക്കര പ്രീസ്റ്റു ഹോമിൽ വിശ്രമിക്കുന്ന കാലത്ത് ''ജോയിമോനെ എനിക്കു കാണണം; എന്റെ വീതം വസ്തു അവനു നൽകണം അവൻ എന്റെ മകനാണ്'' എന്നു ഫാ. ബെനഡിക്ട് പുലമ്പിക്കൊണ്ടിരുന്നു. അച്ചന്റെ മനസ്സ് മാറ്റാൻ അച്ചനോടൊപ്പം താമസിച്ചിരുന്ന ഫാ. ജോർജു പെരിഞ്ചേരി മണ്ണിൽ അവതരിപ്പിച്ച ഒരു നാടകമാണ് 'ക്ഷമചോദിക്കൽ' സംഭവം. ഇതിനുള്ള കഥാപാത്രങ്ങളെ സ്ഥലത്തെത്തിച്ചത് മുണ്ടക്കയത്തെ പ്രാർത്ഥനാകേന്ദ്രത്തിൽനിന്ന് ഇറക്കുമതി ചെയ്ത സാക്ഷ്യംപറച്ചിൽ തൊഴിലാളികളാണ്. അതിനു ഏർപ്പാടാക്കിയത് അച്ചന്റെ അനുജൻ ഒരു ഔസേപ്പച്ചന്റെ മകളും ഭർത്താവ് ബാബുവും ആയിരുന്നു. 'നടീനടന്മാർ' അച്ചന്റെ മുറിയിൽ എത്തുമ്പോൾ അവർ സ്ഥലത്തുണ്ടായിരുന്നു (അഗ്നിശുദ്ധി, പേജ് 76). ഡോക്ടറുടെ ഭാര്യയും മക്കളും പിറ്റേന്നും സ്ഥലത്തെത്തിയതായി ഈ ഗ്രന്ഥകർത്താവു പറയുന്നു. ഫാ. ജോർജ് പെരിഞ്ചേരിമണ്ണിലാണ് ഡോക്ടറുടെ ഭാര്യയും മക്കളും വന്നതിന്റെ ഏകസാക്ഷി (അഗ്നിശുദ്ധി, പേജ് 116).

ഒരു പത്രപ്രവർത്തകനായിരുന്ന ഫാ. പെരിഞ്ചേരിമണ്ണിന്റെ കൈവശം ക്യാമറായും ടേപ്പുറിക്കാർഡറും ഉണ്ടായിരുന്നു. ക്ഷമചോദിക്കൽ ഭാഗം റിക്കാർഡു ചെയ്യാനോ അച്ചനോടൊപ്പം അവർ ഇരിക്കുന്ന ഫോട്ടോ എടുക്കാനോ എന്തുകൊണ്ട് ഈ വൈദികൻ തയ്യാറായില്ല? പൂച്ചു തെളിയുമെന്നു ഭയപ്പെട്ടിട്ടുതന്നെയാവണം? അച്ചനെ പുണ്യവാനാക്കാൻ ഗൂഢാലോചന നടത്തിയ ബിഷപ്പന്മാരും വൈദികരും ഇതിനുത്തരം നൽകുകതന്നെ വേണം. അതിരമ്പുഴയിൽ നടന്ന വിശുദ്ധീകരണ മാമാങ്കങ്ങളിൽ പങ്കെടുത്തു കള്ളസാക്ഷ്യങ്ങൾ പറഞ്ഞ മെത്രാന്മാരും വൈദികരും, ഫാ. മാണി പുതിയിടവും വിശ്വാസികളുടെ മേൽപറഞ്ഞ സംശയങ്ങൾ പരിഹരിച്ചുതരുന്നില്ല. യാതൊരു സത്യസന്ധതയും നീതിബോധവും ഇല്ലാത്തവരാണ് കത്തോലിക്കാസഭയിലെ മെത്രാന്മാരും വൈദികരും. ഈ ഗണത്തിൽപ്പെട്ട മെത്രാന്മാരേയും വികാരിമാരേയും വധിച്ചുകൊണ്ടാണ് ഫ്രഞ്ചുവിപ്ലവം ആരംഭിച്ചത്. അതിനെതിരെ പട്ടാളം രംഗത്തു വന്നപ്പോഴാണ് ഭരണകൂടത്തിനെതിരായ കലാപമായി മാറിയത്.

അതിരമ്പുഴയിൽ വിശുദ്ധീകരണമാമാങ്കങ്ങൾ നടന്നപ്പോൾ അവിടത്തെ ബുക്കുസ്റ്റാളിൽ നിന്നു കിട്ടിയ ഒരു പുസ്തകമാണ് 'അഗ്നിശുദ്ധി' 'മന്ദമരുതിക്കൊരു മറുപുറം.' വസ്തുതകൾക്കു നിരക്കാത്തതും ചിന്തിക്കുന്ന വിശ്വാസികളെ വിഡ്ഢികളാക്കുന്നതുമായ വിവരക്കേടുകൾ മാത്രമാണ് ആ പുസ്തകത്തിലുള്ളത്.

ഈ പുസ്തത്തിന്റെ 106-ാം പേജിൽ 'അയൽക്കാരിയുടെ ഓർമ്മക്കുറിപ്പ്' എന്ന തലവാചകത്തിൽ ഒരദ്ധ്യായം ആരംഭിക്കുന്നുണ്ട്. ഫാ. ബെനഡിക്ടിനു മറിയക്കുട്ടിയിൽ ഉണ്ടായ കൊച്ചിന്റെ പിതൃത്വം മണിമലേത്തു പൈലോച്ചനിൽ ആരോപിച്ചുകൊണ്ടുള്ള വിവരണമാണ് ഇതിലുള്ളത്. എസ്റ്റേറ്റുടമയായ പൈലോച്ചൻ ആലപ്പുഴയിൽ കയർ ഫാക്ടറി മാനേജരായിരുന്നപ്പോഴാണ് മറിയക്കുട്ടിയുമായി അടുപ്പത്തിലായത്. ഗർഭിണിയായ മറിയക്കുട്ടിക്കു കൊടുക്കാനാണെന്നു പറഞ്ഞു ഫാ. ബെനഡിക്ട് പൈലോച്ചനിൽനിന്നും പണം വാങ്ങി

യിരുന്നു. അതിൽനിന്നും അച്ചനെടുക്കുന്ന വിഹിതം പ്രത്യേകം വ്യക്തമാക്കുന്നില്ല. അച്ചൻ മുഖാന്തരമാണ് പൈലോച്ചൻ മറിയക്കുട്ടിക്കു പണംനൽകിയിരുന്നത് എന്നുമാത്രമേ പറയുന്നുള്ളൂ. അച്ചൻ ആലപ്പുഴനിന്നു ചങ്ങനാശേരിക്കു സ്ഥലംമാറി പോയശേഷവും പൈലോച്ചന്റെ "കീപ്പായി" മറിയക്കുട്ടി സേവനം അനുഷ്ഠിച്ചിരുന്നു. അതിനുള്ള പ്രതിഫലം ഫാ. ബെനഡിക്ട് നേരിട്ടു പൈലോച്ചനിൽനിന്നും വാങ്ങിയിരുന്നു. മറിയക്കുട്ടിക്കു പണം നേരിട്ടു നൽകാൻ അച്ചൻ അനുവദിച്ചിരുന്നില്ല എന്നു വ്യാഖ്യാനിക്കാം. അതുകൊണ്ടായിരിക്കാം ഫാ. ബെനഡിക്ടിനോടു പൈലോച്ചനു വൈരാഗ്യം തോന്നി അച്ചനെ കൊലയാളിയാക്കിയത്.

മറിയക്കുട്ടി വീണ്ടും ഗർഭിണിയായി. അതിനുള്ള പണം അച്ചൻ ബലമായി, അല്ലെങ്കിൽ ബ്ലാക്കുമേയിലിംഗ് വഴി പൈലോച്ചനിൽനിന്നും വാങ്ങിയിരുന്നു. സാമ്പത്തികമായി തകർന്ന പൈലോച്ചൻ ഒരു ഡോക്ടറുടെ സഹായത്തോടുകൂടി മറിയക്കുട്ടിയെ കൊന്നശേഷം കൊലപാതകി ബെനഡിക്ടച്ചനാണെന്നു വരുത്തിത്തീർത്തു (പി. 107).

ഒരു മുതലാളി ഒരു സ്ത്രീയെ 'കീപ്പായി' സ്വീകരിക്കുന്നു. അതിനുള്ള പ്രതിഫലം മൂന്നാമൻ വഴി മാത്രം നൽകുന്നു. ഈ മൂന്നാമനെയല്ലേ നമ്മുടെ നാട്ടിൽ, 'കൂട്ടിക്കൊടുപ്പുകാരൻ', അല്ലെങ്കിൽ 'പിമ്പ് '(Pimp) എന്നു വിളിക്കുന്നത്. വാസ്തവത്തിൽ 'അഗ്നിശുദ്ധി'യുടെ ഗ്രന്ഥകർത്താവ് ഫാ. എം.ജെ. കളപ്പുരക്കൽ ബെനഡിക്ടച്ചനെ വെറും 'കൂട്ടികൊടുപ്പുകാരൻ' എന്ന നിലയിലല്ലേ തരംതാഴ്ത്തിയിരിക്കുന്നത്. 'വെളുക്കാൻ തേച്ചതുപാണ്ടായി'. ഇങ്ങനെ വ്യാഖ്യാനിക്കുമെന്നു ഫാ. കളപ്പുരക്കൽ കരുതിയിരുന്നില്ല.

ഫാ. ഓണങ്കുളത്തിനെ കൂട്ടികൊടുപ്പുകാരന്റെ നിലയിൽ 'അഗ്നിശുദ്ധി'യിലൂടെ തരംതാഴ്ത്തിയതിൽ അഭിനന്ദനം രേഖപ്പെടുത്തിയവരുടെ കൂട്ടത്തിൽ ബിഷപ്പന്മാർ, വൈദികശ്രേഷ്ഠന്മാർ തുടങ്ങി ഒട്ടനവധി പ്രഗത്ഭന്മാർ ഉണ്ട്. അവരുടെ ബൗദ്ധിക പാപ്പരത്തം ഓർത്തു വിവരമുള്ളവർ വിലപിച്ചു പോകും. ഈ പുസ്കത്തിന്റെ 140 -ാം പേജിൽ ഇപ്രകാരം പറയുന്നു: "വധശിക്ഷയ്ക്കു വിധിക്കപ്പെട്ടിട്ടും കുമ്പസാരത്തിലറിഞ്ഞ സത്യം അദ്ദേഹം വെളിപ്പെടുത്തിയില്ല". മറിയക്കുട്ടിയെ പൈലോച്ചൻ ലൈംഗികമായി ഉപയോഗിക്കാൻ തുടങ്ങിയ വിവരം ബെനഡിക്ടച്ചൻ കുമ്പസാരത്തിലൂടെയാണ് ആദ്യമായി അറിഞ്ഞത് എന്നല്ലയോ ഈ വാചകത്തിൽനിന്നും നാം മനസ്സിലാക്കേണ്ടത്. മണിമലേത്തു പൈലോച്ചൻ കത്തോലിക്കാ വൈദികനോടു കുമ്പസാരിക്കാത്ത ഓർത്തഡോക്സ് സഭാംഗമാണ്. ഫാ. ബെനഡിക്ടിനെ പുണ്യവാളനാക്കാൻ അതിരമ്പുഴ പള്ളിയുടെ ധനം ദുർവിനിയോഗം ചെയ്ത ഫാ. മാണി പുതിയിടം ഇതിനുത്തരം നൽകുകതന്നെ വേണം. 'സത്യജ്വാല'യുടെ വരിക്കാരനാണ് അദ്ദേഹം. 'സത്യജ്വാല'യിൽക്കൂടി മറുപടി നൽകുമെന്നു കരുതുന്നു.

'അഗ്നിശുദ്ധി'യുടെ ഒരു പ്രതിയുമായി കെ.സി.ആർ.എം-ന്റെ അന്വേഷണസംഘം മണിമലേത്തു പൈലോച്ചനെ അന്വേഷിച്ചു മന്ദമരുതിയിൽ പോയി. മരണമടഞ്ഞ പൈലോച്ചന്റെ മകൻ കുഞ്ഞുമോനാണ് (എം. പി. ജേക്കബ്) സ്ഥലത്തെ താമസക്കാരൻ. കുഞ്ഞുമോനുൾപ്പെടെ പൈലോച്ചന്റെ ആറു മക്കളും അവരുടെ മക്കളും നല്ല നിലയിൽ എത്തി. ആർക്കും 'അഗ്നിശുദ്ധി'യിൽ പ്രചരിപ്പിച്ചിട്ടുള്ളവിധത്തിൽ ബുദ്ധിമാന്ദ്യമോ അംഗവൈകല്യമോ ഒന്നുമില്ല. കോളേജ് പ്രൊഫസറുടെ ഭർത്താവായ കുഞ്ഞുമോൻ പി.ജി.ഡിഗ്രിയുള്ള എസ്റ്റേറ്റുടമ കൂടിയാണ്. 4-ാം ക്ലാസ് വിദ്യാഭ്യാസയോഗ്യതയുള്ള പൈലോച്ചൻ ഇല്ലായ്മയിൽക്കൂടിയാണ് പിള്ളേരെ വളർത്തിയെടുത്തത്. പൈതൃകമായി കിട്ടിയ രണ്ടര ഏക്കർ ഭൂമിയോടു മല്ലടിച്ചാണ് അദ്ദേഹം കുടുംബജീവിതം ആരംഭിച്ചത്. ഡ്രൈവിംഗ് വശമില്ലാത്ത പൈലോച്ചനു സ്വന്തമായ വാഹനം ഒരു സ്വപ്നം മാത്രമായിരുന്നു. 'ക്ഷമചോദിക്കൽ' കഥയനുസ്സരിച്ച്, എസ്റ്റേറ്റുടമ സ്വന്തം വാഹനത്തിൽ അബോർഷനിൽ കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ ജഡം കയറ്റിയ വാഹനം ഒറ്റയ്ക്ക് ഓടിച്ചാണ് മാടത്തരുവിയിൽ കൊണ്ടു ചെന്നിട്ടത് എന്നോർക്കുക.

ഫാ. ബെനഡിക്ടിനെ നിർദോഷിയെന്നു വരുത്തിതീർക്കാൻ താൻ സ്വയം സൃഷ്ടിച്ചെടുത്ത കഥയായിരുന്നു, അതെന്നു ഫാ. കളപ്പുരയ്ക്കൽ സമ്മതിച്ചും, അതുവഴി മണിമലേത്തു കുടുംബക്കാർക്കുണ്ടായ മാനഹാനിക്കു നിർവ്യാജം വേദം പ്രകടിപ്പിച്ചും ഫാ. എം.ജെ കളപ്പുരയ്ക്കൽ ദീപികയിലും മനോരമയിലും പത്രപരസ്യങ്ങൾ പ്രസിദ്ധീകരിച്ച ശേഷമാണ് പൈലോച്ചന്റെ മകൻ കുഞ്ഞുമോൻ പിൻവാങ്ങിയത്.

മറിയക്കുട്ടി കൊല്ലപ്പെടുന്ന കാലത്ത് പൈലോച്ചൻ സ്വപ്രയത്നം കൊണ്ടു കാശുണ്ടാക്കി മലബാറിൽ കുറെ കൃഷിഭൂമി വാങ്ങിമിക്ക ദിവസങ്ങളിലും അവിടെയായിരുന്നു താമസം. മകൻ കുഞ്ഞുമോൻ അക്കാലത്ത് കോളേജു വിദ്യാർത്ഥിയായിരുന്നു. മകൾ അച്ചുക്കുട്ടി കോട്ടയം ബി.സി.എം. കോളേജിൽ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നുണ്ടായിരുന്നു. മണിമലേത്തുകാർ ക്നാനായ ഓർത്ത്ഡോക്സ് സഭാംഗങ്ങളാണ്. പൈലോച്ചനായിരുന്നു ഏറെക്കാലം പള്ളി ട്രസ്റ്റി. അദ്ദേഹം തികഞ്ഞ ദൈവഭക്തനും സൽസ്വഭാവിയും ആയിരുന്നു എന്ന് നാട്ടുകാർ പറഞ്ഞു.

മാടത്തരുവി പ്രദേശത്തു കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ ജഡം അലക്കടയാളമുള്ള ഒരു ബഡ്ഷീറ്റിലായിരുന്നു കിടന്നിരുന്നത്. ഇതു ബെനഡിക്ടച്ചന്റേതാണെന്ന് അരമനയിലെ അലക്കുകാരൻ ഔസേപ്പ് കോടതിയിൽ സാക്ഷ്യം പറഞ്ഞു. ഹോസ്റ്റലിൽ താമസിക്കുന്നവരൊഴികെ മറ്റാരും ബഡ്ഷീറ്റ് അലക്കിനു കൊടുക്കില്ല എന്ന നിഗമനത്തിൽ എത്തിയ അന്വേഷണോദ്യോഗസ്ഥൻ മണിമലേത്തു ചെന്നു അച്ചുക്കുട്ടിയുടെ വസ്ത്രങ്ങളിലെ അലക്കടയാളങ്ങൾ പരിശോധിച്ചു. യോജിക്കുന്നില്ല എന്നുകണ്ടു പോലീസ് തിരിച്ചുപോയി. തുടരന്വേഷണമോ ചോദ്യം ചെയ്യലോ നടന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു കിംവദന്തിയോ അടക്കംപറച്ചിലോ ആ പ്രദേശത്ത് ഉണ്ടായിരുന്നില്ല എന്നു നാട്ടുകാരോടു സംസാരിച്ചതിൽനിന്നും ഞങ്ങൾക്കു മനസ്സിലായി.

ഞാൻ എന്റെ മുൻലേഖനത്തിൽ സൂചിപ്പിച്ച സമ്പന്നനെപ്പറ്റിയും തിരക്കി. മാടത്തരുവിക്കടുത്തുള്ള കണ്ണമ്പള്ളിയിലെ കത്തോലിക്കാപള്ളിയുടെ വികാരിയായി സേവനം അനുഷ്ടിച്ച (1962 – 64) ബെനഡിക്ടച്ചൻ മന്ദമരുതിക്കാരിൽ പലർക്കും സുപരിചിതനാണ്. മേൽപറഞ്ഞ സമ്പന്നന്റെ വീട്ടിൽ നിന്നും ബനഡിക്ടച്ചൻ ഒരു സ്ത്രീയോടൊപ്പം സംഭവദിവസം പകൽ ഇറങ്ങിവരുന്നതു കണ്ട ഒരാൾ ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്. "മറിയക്കുട്ടിയെ കൊല്ലണമെന്ന് ഉദ്ദേശമുള്ള ഫാ. ബെനഡിക്ട് വൈദികവേഷത്തിൽ പുറപ്പെടുമായിരുന്നോ" എന്നൊരു ചോദ്യം ഞാൻ ഇട്ടുകൊടുത്തു. മറിയക്കുട്ടിയെ കൊല്ലണമെന്ന ഉദ്ദേശം സമ്പന്നന്റെ വീട്ടിൽ വന്ന ശേഷമാണ് അച്ചനുണ്ടായത് എന്നായിരുന്നു ഈ മനുഷ്യന്റെ മറുപടി. സമ്പന്നന്റെ ഗുണ്ടകൾ സംഭവസ്ഥലത്ത് ഇരുളിന്റെ മറവിൽ കാവലുണ്ടായിരുന്നു എന്നതിന്റെ തെളിവും ഈ മനുഷ്യൻ നൽകി. നിലവിളി കേട്ട് ഉറക്കമുണർന്നു ലൈറ്റിട്ടശേഷം "ആരാ, ആരാ" എന്ന് ഉണ്ണിമേസ്തിരി വിളിച്ചു ചോദിച്ചപ്പോൾ, "കേറടാ അകത്ത് അല്ലെങ്കിൽ നിന്നെയും കശാപ്പു ചെയ്യും" എന്ന ശബ്ദം കേട്ടു പേടിച്ചാണ് ഉണ്ണി മേസ്തിരി കതകടച്ചത് എന്നു ഉണ്ണി മേസ്തിരി തന്നെ നാട്ടുകാരോടു വെളിപ്പെടുത്തിയിരുന്നു. പോലീസിന്റെ നിർദ്ദേശമനുസരിച്ച് ഈ ഭാഗം പ്രോസിക്യൂഷൻ ചാർജ്ജിൽ ഉൾപ്പെടുത്താതിരുന്നതാണ്.

കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ ജഡം നീക്കം ചെയ്യാൻ ഏർപ്പാടാക്കിയിരുന്ന ഗുണ്ടകൾ പരുവക്കേടെന്നു കണ്ടു സ്ഥലം വിട്ടതാണ്. കാരണം, മറിയക്കുട്ടിയുടെ അലർച്ച പലരും കേട്ടു. കഴുകി നീക്കം ചെയ്യാനാകാത്തവിധം രക്തം ആ പ്രദേശമാകെ വ്യാപിച്ചു. കൊലപാതകത്തിനുശേഷം ബെനഡിക്ടച്ചനെ ചങ്ങനാശ്ശേരിയിൽ തന്റെ കാറിൽ കൊണ്ടാക്കാം എന്ന് ഈ സമ്പന്നൻ വാക്കുകൊടുത്തിരുന്നിരിക്കാം. പരുവക്കേടെന്നു കണ്ട അയാളും കാലുമാറിയതായിരിക്കണം. ഇതൊക്കെ അന്നാട്ടുകാരുടെ നിഗമനങ്ങളാണ്. അതിരമ്പുഴയിൽ വൈദികലോബി പ്രചരിപ്പിച്ച മുതലാളി മുണ്ടുകോട്ടയ്ക്കൽ കോരയെപ്പറ്റിയും ഞങ്ങൾ തിരക്കി. സാമൂഹികപ്രവർത്തകനും ധനാഢ്യനുമായിരുന്ന അദ്ദേഹം മറിയക്കുട്ടി കൊല്ലപ്പെടുന്നതിനു മുമ്പുതന്നെ വാർദ്ധക്യസഹജമായ സുഖക്കേടുമൂലം മരണമടഞ്ഞിരുന്നു എന്നുത്തരം കിട്ടി.

മറിയക്കുട്ടിക്കൊലക്കേസിൽ തന്റെ പിതാവിനെ മുഖ്യവില്ലനാക്കി പുസ്തകമെഴുതിയ ഫാ. എം.ജെ. കളപ്പുരയ്ക്കലിനെതിരെ മാനനഷ്ടക്കേസ് കൊടുക്കുന്നതിന്റെ പ്രാരംഭമായി മകൻ കുഞ്ഞുമോൻ രജിസ്റ്റേർഡു പോസ്റ്റിൽ കത്തു നൽകി. 'മണിമലേത്തു പൈലോച്ചൻ താങ്കളുടെ പിതാവല്ല എന്നു വിചാരിച്ചു സമാധാനപ്പെടുക' എന്ന ധിക്കാരപരമായ മറുപടിയാണ് ഫാ. എം.ജെ. കളപ്പുരയ്ക്കൽ അദ്ദേഹത്തിനു നൽകിയത്. അച്ചന്റെ പുസ്തകത്തിൽ പരാമർശിച്ച പൈലോച്ചന്റെയും ഓർമ്മക്കുറിപ്പെഴുതിയ അയൽക്കാരിയുടെയും അഡ്രസുകൾ നൽകണമെന്നുകാണിച്ചു കുഞ്ഞുമോൻ വീണ്ടും നോട്ടീസയച്ചു. 'മാധ്യമങ്ങളിൽനിന്നു കിട്ടിയ വിവര'മെന്നു അച്ചൻ മറുപടി നൽകി. 'ഏതു മാധ്യമമാണ്; എന്നത്തെ മാധ്യമമാണ്; അതിന്റെ പേപ്പർ കട്ടിംഗ് ഹാജരാക്കുക' എന്നു കാണിച്ചു കുഞ്ഞുമോൻ പിന്നെയും നോട്ടീസ് അയച്ചു.

ഫാ. ബെനഡിക്ട് നിർദോഷിയാണെന്നു വരുത്തിത്തീർക്കാൻ താൻ സ്വയം സൃഷ്ടിച്ചെടുത്ത കഥയായിരുന്നു, അതെന്നു സമ്മതിച്ചും, അതുവഴി മണിമലേത്തു കുടുംബക്കാർക്കുണ്ടായ മാനഹാനിക്കു നിർവ്യാജം ഖേദം പ്രകടിപ്പിച്ചും ഫാ. എം.ജെ കളപ്പുരയ്ക്കലിനു ദീപികയിലും മനോരമയിലും പത്രപ്പരസ്യങ്ങൾ പ്രസിദ്ധീകരിക്കേണ്ടിവന്നു. അതിനുശേഷമാണ് പൈലോച്ചന്റെ മകൻ കുഞ്ഞുമോൻ പിൻവാങ്ങിയത്. ഈ പത്രപരസ്യങ്ങൾക്കുള്ള ചെലവ് അതിരമ്പുഴ പള്ളിക്കാര്യത്തിൽനിന്നു വഹിച്ചു എന്ന് ടി പള്ളിയുടെ കൈക്കാരൻ എന്നോടു പറഞ്ഞു.

ഇതിനു ശേഷമെങ്കിലും 'ബെനഡിക്ടച്ചന്റെ പള്ളി' എന്നു വിശേഷിപ്പിച്ച് അതിരമ്പുഴ പള്ളി മുറ്റത്തു നിർമ്മിച്ച വഞ്ചനാകേന്ദ്രം അടച്ചുപൂട്ടാൻ സ്ഥലം പള്ളി വികാരി തയ്യാറായില്ല എന്നതു ഖേദകരമാണ്. ഒരു കാര്യം സത്യമെന്നറിഞ്ഞശേഷം അതിനോടു മറുതലിക്കുന്നത് പരിശുദ്ധാരൂപിയോടു മറുത്തുള്ള ദോഷമാണ്. കുമ്പസാരിച്ചാൽപ്പോലും നീങ്ങിക്കിട്ടാത്ത ഘനമായ പാപത്തിൽ വീണുപോയവരാണ് അതിരമ്പുഴ പള്ളിവികാരിയും ചങ്ങനാശ്ശേരി ആർച്ചു ബിഷപ്പും എന്നു പറയേണ്ടിയിരിക്കുന്നു.

മൊബൈൽ : 9495212899

അമ്മായിയമ്മ വിശ്വാസമില്ലെങ്കിൽ അച്ചനെ കേൾക്കൂ!

[**ഫാ. ബോബി ജോസ് കപ്പൂച്ചിൻ** രചിച്ച 'നിലത്തെഴുത്ത്' എന്ന ഗ്രന്ഥത്തിൽ നിന്നും ഒരു ഭാഗം -എഡിറ്റർ]

'സാ'ബത്ത് മനുഷ്യനുവേണ്ടിയാണ്, മനുഷ്യൻ സാബത്തിനു വേണ്ടിയല്ല' എന്ന അടിമുടി വിപ്ലവംനിറഞ്ഞ വചനം നൽകിയവന്റെ നാമത്തിൽ രൂപപ്പെടുന്ന പുതിയ സാബത്തുകൾ! ഒരു കുഞ്ഞുദാഹരണത്തിന്, ആത്മഹത്യ ചെയ്ത വർക്ക് മരണാനന്തരചടങ്ങുകൾ ഒഴിവാക്കിയിരുന്ന രീതിയുടെ അർത്ഥമെന്താണ്? ആരും ആത്മഹത്യ ചെയ്യുകയല്ല. ഓരോരോ വാതിലുകൾ കൊട്ടിയടയ്ക്കുമ്പോൾ ശ്വാസംമുട്ടി മരിച്ചു പോകുന്നതാണ്. സാബത്തിന്റെ പഴയ തോൽക്കുടങ്ങൾക്കും ഈ വീഞ്ഞിനെ സ്വീകരിക്കാനാവില്ല.

അനുഷ്ഠാനബന്ധിയായ മതത്തെ ക്രിസ്തു നിഷേധിച്ചു. മുങ്ങിത്തുടങ്ങുന്നവനെ രക്ഷിക്കുവാൻ പൂജാകർമ്മങ്ങളുടെ വൈക്കോൽ തുരുമ്പുകൾക്കോ, സുകൃതജപങ്ങളുടെ അലമുറ വിളികൾക്കോ ആവില്ലെന്നു ക്രിസ്തുവിനറിയാം. തിരുവത്താഴശുശ്രൂഷ എല്ലാത്തരം റൂബിക് സുകളിൽ നിന്നുമുള്ള വിമോചനം ആയിരുന്നു. ആരാധനയുടെപേരിൽ ഇന്നോളം നടന്നിട്ടുള്ള മുഴുവൻ വിവാദങ്ങളും ക്രിസ്തുവിനോടൊപ്പമല്ല നമ്മൾ എന്നതിന്റെ സൂചനതന്നെ. പച്ചയായ ജീവിതത്തിന്റെ ഏറ്റവും സ്നേഹസാന്ദ്രമായ ഉത്സവമായിരുന്നു ആദ്യത്തെ കുർബാന. അതിനുമുമ്പുവരെ ക്രിസ്തുവിനുവേണ്ടി വിരുന്നൊരുക്കിയ കഥകളേ നാം കേട്ടിട്ടുള്ളൂ. ക്രിസ്തു ആതിഥേയനും അപ്പവുമായി മാറുന്നത് ഈ അത്താഴമേശയിലാണ്. ധ്യാനമില്ലാത്ത കുർബാന വെറുതെ ഒരനുഷ്ഠാനംതന്നെ. ധ്യാനത്തിനെവിടെ നേരം? ഒരു നിമിഷം ഒന്നു നിശ്ശബ്ദമായാൽ, 'പ്രാർഥിക്കാം, നമുക്കു സമാധാനം' എന്നാരോ വിളിച്ചു പറയും! ശരിക്കും അത്താഴവും പ്രാതലും തമ്മിലുള്ള അകലമുണ്ട് ക്രിസ്തുവിന്റെ മേശയും നമ്മുടെ ബലിപീഠങ്ങളും തമ്മിൽ. കുർബാനകൾ അന്തികളിൽ സംഭവിക്കേണ്ടതാണ് ഒരു ദിവസത്തെ മുഴുവൻ അദ്ധ്വാനങ്ങൾക്കും വിഫലതകൾക്കുംശേഷം ഒടുവിൽ കണ്ണീരുപ്പു നിറഞ്ഞ ഒരു വിരുന്ന്, കാലത്തിനുമായ്ച്ചു കളയാനാവാത്ത ഒരോർമ്മ. പുലരിയിലെ വിരുന്നിൽ ഇതൊന്നും സംഭവിക്കുന്നില്ല.

പുലരിയിൽ വിളമ്പുന്ന ദിവ്യകാരുണ്യം ഏതാണ്ട് ഒരു പ്രസാദം മാത്രം. അതിൽ അടുപ്പുകല്ലിന്റെ പൊള്ളലില്ല.

സ്വകാര്യസ്വത്തിനെതിരെയും ക്രിസ്തു കലഹിച്ചു. മാനസാന്തരമെന്നാൽ, രാത്രി മുഴുവൻ കരഞ്ഞു തീരുകയല്ലെന്നും സ്നേഹത്താൽ പ്രചോദിതമായി ചില നിലപാടുകൾ എടുക്കുകയാണെന്നും യേശു പഠിപ്പിച്ചു. സക്കേവൂസിന്റെ മാനസാന്തരമെന്താണ്? അയാൾ തന്റെ സ്വത്ത് ദരിദ്രർക്കിടയിൽ വിഭജിക്കാൻ തയ്യാറായി എന്നതു തന്നെ. രക്ഷയുടെ വഴി തിരഞ്ഞ ചെറുപ്പക്കാരനോട് ചാക്കുവസ്ത്രം ധരിക്കാനും ചാരംപൂശാനുമല്ല ക്രിസ്തു പറഞ്ഞത്. മറിച്ച്, തനിക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുത്ത്, അതിലേക്കു പ്രവേശിക്കാനാണ്. ധനത്തെ ഒരു കുറവായിട്ടാണ് ക്രിസ്തു എന്നും കണ്ടത്. ദൈവത്തെയും മാമോനെയും ഒരേ സമയത്തു സേവിക്കാനാവില്ലായെന്ന് സംശയങ്ങൾ അവശേഷിപ്പിക്കാതെ പ്രഖ്യാപിച്ചു. എന്നിട്ടും ക്രിസ്തുനാമത്തിൽ കുന്നുകൂടിയ; ഭൂമിയിലെ ദരിദ്രർക്കവകാശപ്പെട്ട സ്വത്തിനെ നാമെങ്ങനെ മാമ്മോദീസാപ്പെടുത്തും?' ●

ചുമ്മാ! അല്ല!

കെ. കുര്യാക്കോസ്
ഏലിയാസ് എസ്.

ശുദ്ധീകരണ ലുത്തിനിയ (ഭാഗം 3)

2013 സെപ്തംബർ ലക്കത്തിൽനിന്നും, തുടർച്ച

(ചോദ്യങ്ങളനവധി, ഉത്തരം ഒന്നേയൊന്ന്! ഈ 'ഉത്തര'ത്തിന്റെ പിടിയിൽനിന്നും തന്നെത്തന്നെയും സ്വന്തം കുടുംബത്തെയും സമുദായത്തെയും രക്ഷിക്കാനുള്ള വഴി അന്വേഷിക്കുക, ആവിഷ്കരിക്കുക)

43) പുരോഹിതസിദ്ധാന്തങ്ങളിൽ വിശ്വാസമുറപ്പിച്ച് അതാണു ദൈവവിശ്വാസം എന്നു പഠിപ്പിക്കുന്നവരാര്?

44) ഇന്ത്യയിലെ പള്ളിസ്വത്തുക്കളും സ്ഥാപനങ്ങളും, വത്തിക്കാന്റേതാണെന്നു വാദിക്കുന്നവരാര്?

45) ഇന്ത്യയിലെ പൊതുസ്വത്ത് ഭരിക്കാൻ രാഷ്ട്രനിയമം വേണ്ടെന്നു പറയുന്നവരാര്?

46) ഗർഭനിരോധനമാർഗ്ഗങ്ങളെ എതിർക്കുകയും യുദ്ധങ്ങളെ അപലപിക്കുകയുംചെയ്യുകയും ഗർഭനിരോധനസാമഗ്രികളും ആയുധങ്ങളും നിർമ്മിക്കുന്ന കമ്പനികളിൽ ഷെയറെടുക്കുകയും ചെയ്യുന്നവരാര്?

47) സൃഷ്ടികളായ മനുഷ്യരെ തീതുപ്പുന്ന ഭീകരപ്പിശാചുക്കളെക്കൊണ്ട് നരകത്തിലിട്ട് എരിതീയിൽ നിത്യമായി ചുടുന്ന ക്രൂരനാണ് ദൈവമെന്നു പഠിപ്പിക്കുന്നവരാര്?

48) മനുഷ്യന്റെ സാധാരണ ചെയ്തികൾ കൊടുംപാപങ്ങളാണെന്നു തെറ്റിദ്ധരിപ്പിച്ച്, മനസ്സിന്റെ ആഴങ്ങളിൽ പാപബോധം നിറയ്ക്കുന്നവരാര്?

49) മനുഷ്യരെ പാപവിഭ്രാന്തിയിൽപ്പെടുത്തി, കുമ്പസാരക്കൂടുകളിലൂടെയും പള്ളികളിലൂടെയും തീർത്ഥാടനകേന്ദ്രങ്ങളിലൂടെയും കയറ്റിയിറക്കി, പുരോഹിതരുടെ മുമ്പിൽ മുട്ടുകുത്തിച്ച് അവരെക്കൊണ്ട് തങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ എന്ന് പ്രാർത്ഥിപ്പിക്കുന്നവരാര്?

50) യേശുവിനില്ലാതിരുന്ന പ്രത്യേക വേഷവിധാനങ്ങൾ യേശുവിന്റെ പേരിൽ അണിഞ്ഞുനടക്കുന്നവരാര്?

51) ബൈബിളിൽ വെട്ടിത്തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും നടത്തിയതും, വിശ്വാസികൾക്ക് ബൈബിൾ നിരോധിച്ചതുമാര്?

52) ഇനിയൊരു ബലിയർപ്പണമില്ലെന്നു ബൈബിളിൽ വ്യക്തമാക്കിയിട്ടും നിരന്തരം ബലിയർപ്പിക്കുന്നവരാര്?

53) പുരോഹിതദ്രോഹിയായിരുന്ന യേശുവിന്റെപേരിൽ സഭയിൽ പൗരോഹിത്യം കടത്തിക്കൊണ്ടുവന്നവരാര്?

54) ഒരു കൂദാശയും സ്ഥാപിക്കാത്ത യേശുവിന്റെ വാക്കുകൾ ദുർവ്യാഖ്യാനം ചെയ്ത്, നൂറ്റാണ്ടുകൾക്കുശേഷം യേശുവിന്റെതന്നെ പേരിൽ കൂദാശാനുഷ്ഠാനങ്ങൾ സ്ഥാപിച്ചവരാര്?

55) തന്റെ നാമത്തിൽ ഒന്നിച്ചുകൂടുന്നവർ തങ്ങൾക്കുള്ളവ പരസ്പരം പങ്കുവയ്ക്കുകയും സ്നേഹവിരുന്നുകൾ നടത്തുകയും ചെയ്യണമെന്ന യേശുവിന്റെ കല്പനയെ ബലിയാക്കി മാറ്റിയവരാര്?

56) പുരോഹിതാനുഷ്ഠാനങ്ങളിൽ പങ്കെടുത്തും നേർച്ചയിട്ടും കുരിശുചുമന്നും മലകൾകയറിയും സ്വർഗ്ഗത്തിൽ കയറിപ്പറ്റാം എന്നു പഠിപ്പിക്കുന്നവരാര്?

57) യേശു ചുമന്നത് മാർത്തോമ്മാ-ക്ലാവർക്കുരിശല്ല എന്നറിയാത്തവരാര്?

58) ദളിത് ക്രൈസ്തവരെ അംഗീകരിക്കുകയോ സഭാസ്ഥാപനങ്ങളിലെ ജോലികളിൽ അവർക്കു സംവരണം നൽകുകയോ ചെയ്യാതെ, അവരുടെ സംവരണാവകാശത്തിനായി ഗവൺമെന്റിനെതിരെ അവരെ അണിനിരത്തുന്നവരാര്?

59) ന്യൂനപക്ഷാവകാശവാദവും കാനോൻനിയമവും കത്തോലിക്കാസഭയുടെ 5 കല്പനകളുമെല്ലാം ബൈബിൾ വിരുദ്ധമാണെന്നറിയാത്തവരാര്?

60) നവോത്ഥാനകാലത്ത് യൂറോപ്പിൽ സംഭവിച്ചത് കേരളത്തിൽ സംഭവിക്കാൻപോകുന്നു എന്നറിയാത്തവരാര്?

ഫോൺ:9747304646

കേരളകത്തോലിക്കാസഭയിലെ 'ആം ആദ്മി ചലന'ങ്ങൾ

DCFI-യുടെ മാർച്ച് പോലീസ് തടയുന്നു.

KCNS-ന്റെ പ്രാർത്ഥനാറാലി പോലീസ് തടയുന്നു

JCC-യുടെ ആഭിമുഖ്യത്തിൽ നടന്ന 'ജനകീയ സിനഡ്' - വേദിയും സദസ്സും

'നസ്രാണികത്തോലിക്കാ അൽമായഅസംബ്ലി-2014'

രണ്ടാം കുരിശ് സത്യപ്രതിജ്ഞ

'നസ്രാണികത്തോലിക്കാ അൽമായഅസംബ്ലി-2014' ദൃശ്യങ്ങൾ

Regd. No: M2-14438/12
RNI Regd. No: KERMAL/2013-52182

February 2014
Sathyajwala
Price Rs. 15.00

Registered: KL/KTM/133/2014-16
Published on 16-02-2014

'സത്യജ്വാല' വിതരണംചെയ്യുന്ന പുസ്തകങ്ങൾ

പുസ്തകം	ഗ്രന്ഥകാരൻ	വില/ രൂപാ	വില്പന വില
ഒരു വൈദികന്റെ ഹൃദയമിതാ	ഫാ. കെ. പി. ഷിബു	100	80
ഏകം സത്	ഇമ്മാനുവൽ സത്യാനന്ദ്	320	250
ന്യായവിധി	ഇമ്മാനുവൽ സത്യാനന്ദ്	155	130
സഭാനവീകരണത്തിലേക്ക് ഒരു വഴി	;ചാക്കോ കളരിക്കൽ	150	130
മതാധിപത്യം കത്തോലിക്കാസഭയിൽ	ചാക്കോ കളരിക്കൽ	80	60
ലൈംഗികതയും പൗരോഹിത്യവും	ചാക്കോ കളരിക്കൽ	80	60
ഇടയൻ (നോവൽ)	ചാക്കോ കളരിക്കൽ	110	90
നഷ്ടപ്പെട്ട സുവിശേഷങ്ങൾ (പരിഭാഷ: എൻ. മസ്സാക്കുട്ടി)	എഡി: ഒ. വി. ഗോപാൽ	170	170
അപ്രിയയാഗങ്ങൾ (138 ഗാനങ്ങളുടെ 2 സി. ഡി. സഹിതം)	സാമുവൽ കൂടൽ	150	130
പുതിയലോകം പുതിയവഴി	ഡി. പങ്കജാക്ഷൻ	70	60
ആസ്തിക്യവാദം	എം. പി. പോൾ	60	50
ശാസ്ത്രയുഗത്തിലെ വേദാന്തപഠനം	വയലാർ മൈക്കിൾ	80	60
നസ്രായനും നാറാണത്തുഭ്രാന്തനും	ഇഫൻ	20	20
അവബോധത്തിലേക്ക് (ഭാഗം I: ചിന്താപഥം)	സക്കറിയാസ് നെടുങ്കനാൽ	100	80
അവബോധത്തിലേക്ക് (ഭാഗം II: ഭാവ്യതാപഥം	സക്കറിയാസ് നെടുങ്കനാൽ	100	80
മോചനകാഹളം (കവിത)	റവ. ഡോ. ജയിംസ് ഗുരുദാസ് CMI	90	70
ആദ്ധ്യാത്മികത ഉണർത്തുന്ന ചോദ്യങ്ങൾ	ജോർജ് മൂലേച്ചാലിൽ	50	40
നവോത്ഥാനം നവനാഗരികതയിൽ	ജോർജ് മൂലേച്ചാലിൽ	90	70
യേശുവും സഭയും	ജോർജ് മൂലേച്ചാലിൽ	80	60
ഓശാനയിൽനിന്നുള്ള ഗ്രന്ഥങ്ങൾ:			
വർത്തമാനപുസ്തകം (ആധുനികഭാഷാന്തരം – പ്രൊഫ. മാത്യു ഉലകംതറ)	പാറേമ്മാക്കൽ ഗോവർണ്ണദോർ	125	110
മാനിക്കേയൻ കുരിശുവിവാദം –	വിവിധ ലേഖകർ	50	40
ഉദയംപേരൂർ സൂനഹദോസ് – ഒരു ചരിത്രവിചാരണ	വിവിധ ലേഖകർ	50	40
കേരളക്രൈസ്തവചരിത്രം – വിയോജനക്കുറിപ്പുകൾ	ജോസഫ് പുലിക്കുന്നേൽ	70	60
കാനോൻ നിയമത്തിലെ കാണാച്ചരടുകൾ	ജോസഫ് പുലിക്കുന്നേൽ	80	60
Identity of Nazrani Church of Kerala	ജോസഫ് പുലിക്കുന്നേൽ	75	60
ആരാധനക്രമ വിവാദം: ഓശാനയുടെ ഇടപെടലുകൾ	ജോസഫ് പുലിക്കുന്നേൽ	125	110
പേഷ്സി – ചരിത്രപരമായ ഒരു പഠനം	ജോസഫ് പുലിക്കുന്നേൽ	50	40
The Liturgy, Hierarchy & Spirituality of St.Thomas Christians in the Pre-Portuguese period- a study	ജോസഫ് പുലിക്കുന്നേൽ	25	20

(ആവശ്യമുള്ള ഗ്രന്ഥങ്ങളുടെ ലിസ്റ്റ് അറിയിച്ചുകൊണ്ട്, തുക 'സത്യജ്വാല'യുടെ സർക്കുലേഷൻ മാനേജർക്ക് അയയ്ക്കുക. സാധാരണ തപാലിൽ, പുസ്തകം അയച്ചുതരുന്നതാണ്. പോസ്റ്റേജ് സൗജന്യം.

Printed & Published by George Moolechalil, Vallichira P.O , Kottayam -686574, owned by 'Kerala Catholic church Reformation Movement (KCRM), Tharakunnel bldg, Pala P.O., Kottaym, Kerala-686 575, and Printed at Print House, Opp. St.Thomas HSS, Pala, Pala P.O., Kottayam-686 575. Editor : George Moolechalil, Vallichira P.O.,Kottayam, Kerala-686 574.